**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

## പത്താമത് റിപ്പോർട്ട്

(2012 ജൂലൈ മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കണ്ണൂർ ജില്ലയിലെ മുനിസിപ്പാലിറ്റികളെ സംബന്ധിച്ച്

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2005-06 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011–2014)

## പത്താമത് റിപ്പോർട്ട്

(2012 ജൂലൈ മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കണ്ണൂർ ജില്ലയിലെ മുനിസിപ്പാലിറ്റികളെ സംബന്ധിച്ച്

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002–03 മുതൽ 2005–06
വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള
ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

1151/2012.

## ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 84 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, എൻ. ഷംസുദ്ദീൻ*

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. കെ. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

---

*ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ. സമിതി അംഗത്വം രാജിവച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2005-06 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 ജൂലൈ മാസം 11-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്. ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012, ജൂലൈ 24.

# റിപ്പോർട്ട്

## കണ്ണൂർ ജില്ലയിലെ മുനിസിപ്പാലിറ്റികളെ സംബന്ധിച്ച്

## 1. മട്ടന്നൂർ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**രേഖയില്ല, കാലിത്തീറ്റ വിതരണത്തിൽ ക്രമക്കേടുകൾ**

നഗരസഭ 2001-02-ൽ പദ്ധതി വിഹിതം 11,53,428 രൂപ ചെലവഴിച്ച് നടപ്പാക്കിയ കാലിത്തീറ്റ വിതരണ പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ.

ഗുണഭോക്താക്കൾ ക്ഷീരകർഷകരാണോ, ഇവർക്ക് കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭിച്ചോ എന്നീ അടിസ്ഥാന വിവരങ്ങൾ തെളിയിക്കുന്ന നിർവ്വഹണ രേഖകൾ ലഭ്യമല്ല. തദ്ദേശഭരണ വകുപ്പിന്റെ 41935/പി.3/98:29, 8:98 സർക്കുലർ നിർദ്ദേശിക്കുന്ന രീതിയിൽ ഗുണഭോക്താക്കൾ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. നബാർഡ് നിരക്കിലാണ് സബ്സിഡി നല്കേണ്ടത്. ഇതിന് വിരുദ്ധമായി 64,260 രൂപ അധികം സബ്സിഡി നൽകി.

പദ്ധതി നിർവ്വഹണം സുതാര്യമല്ലാത്തതിനാലും മോണിട്ടറിംഗ് റിപ്പോർട്ടില്ലാത്തതിനാലും ക്രമക്കേടുകൾ സംശയിക്കുന്നു. വിശദമായ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

[2004-05-ലെ സമാഹൃത റിപ്പോർട്ട്, ഖണ്ഡിക 4-II-13(1)]

1. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ മട്ടന്നൂർ സീനിയർ വെറ്ററിനറി ഡോക്ടറാണ്. അദ്ദേഹത്തിൽ നിന്നും ലഭിച്ച വിശദീകരണം സമർപ്പിക്കുന്നു:

ഉരുവച്ചാൽ ക്ഷീരോത്പാദന സഹകരണ സംഘത്തിൽ പാൽ നൽകുന്ന മെമ്പർമാരും അല്ലാത്തവരും ആയിട്ടുള്ള ക്ഷീരകർഷകരുടെ ലിസ്റ്റ് സംഘത്തിൽ നിന്നും ലഭ്യമാക്കിയത് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ഇവർ ക്ഷീരകർഷകരാണെന്ന് 2001-02-ലെ രേഖകൾ പരിശോധിച്ച് സഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓരോ ഗുണഭോക്താവും സഹായം ലഭ്യമായതായി സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ സ്റ്റേറ്റ്മെന്റിൽ ഒപ്പിട്ടു നൽകിയിട്ടുണ്ട്.

കേരള സർക്കാരിന്റെ 20-8-1998-ലെ ജി.ഒ.(പി) നമ്പർ 125/98/എൽ.എ.ഡി. ഉത്തരവ് പ്രകാരം ബി.പി.എൽ. കുടുംബങ്ങൾക്ക് 5,000 രൂപ വരെയും നോൺ ബി.പി.എൽ. കുടുംബങ്ങൾക്ക് 2,000 രൂപ വരെയുമാണ് പരമാവധി സബ്സിഡി തുകയായി നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി ലഭിച്ചിട്ടുള്ളത് 1,504 രൂപ മാത്രമാണ്. നബാർഡ് നിരക്ക് പ്രകാരം ഒരു കറവ പശുവിന് തീറ്റ ചെലവിലേക്ക് പരമാവധി 1,470 രൂപ നിശ്ചയിച്ചിട്ടുള്ളതും

ഇതിന്റെ 25 ശതമാനം തുകയായ 360 രൂപ ക്ഷീരകർഷകർക്ക് ഒരുമാസം അർഹതയുള്ളതുമാണ്. എന്നാൽ 250 രൂപ 70 പൈസ പ്രകാരം മാത്രമാണ് പദ്ധതി പ്രകാരം നൽകിയിട്ടുള്ളത്".

കാൽ നൂറ്റാണ്ടായി നഗരസഭാ പരിധിയിൽ പ്രവർത്തിച്ചുവരുന്ന 480ലധികം ക്ഷീരകർഷകർ 1200 ലിറ്ററിന് മുകളിൽ പാൽ അളന്ന് വരുന്നതുമായ ഇരിട്ടി ബ്ലോക്കിൽ തന്നെ ഏറ്റവും അധികം പാൽ സംഭരിച്ചു വരുന്ന ഈ സംഘത്തിലെ തെരഞ്ഞെടുക്കുന്ന ഭരണസമിതിയുടേയും മുനിസിപ്പൽ ഭരണ സമിതിയുടേയും സീനിയർ വെറ്ററിനറി സർജ്ജന്റെയും മേൽനോട്ടത്തിലും പങ്കാളിത്തത്തിലും ക്ഷീരകർഷകർക്ക് പരമാവധി സഹായം ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

2. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് 27-5-2009-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. വാർഷിക വരുമാനം 20,000 രൂപയിൽ താഴെ ഉള്ളവർക്ക് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണമെന്നാണ് കൈപുസ്തകത്തിലെ നോംസിൽ പറഞ്ഞിട്ടുള്ളതെന്നും ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ. പട്ടികയിൽപ്പെട്ടവർക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും 75% സബ്സിഡിയും എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് 25% സബ്സിഡിയും മാത്രമേ നൽകാവൂയെന്നും ഇവിടെ ഗുണഭോക്താക്കൾ എല്ലാവരും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരായിട്ടുപോലും 25% ലിമിറ്റ് ചെയ്താണ് തുക നൽകിയതെന്നും മട്ടന്നൂർ മുനിസിപ്പൽ സെക്രട്ടറി, ശ്രീ. വി. ജെ. കുര്യൻ സമിതി മുമ്പാകെ വിശദീകരിച്ചു.

നിശ്ചിത കിലോ കാലിത്തീറ്റ നൽകി കന്നുകാലികളുടെ പാലിന്റെ ഉത്പാദനക്ഷമത പരമാവധി വർദ്ധിപ്പിക്കുകയെന്നതായിരുന്നു ഒരു ക്രൈറ്റീരിയനായി ബന്ധപ്പെട്ട വകുപ്പിൽ നിന്നും നിർദ്ദേശം ലഭിച്ചതെന്നും എന്നാൽ അപ്രകാരം കാലിത്തീറ്റ നൽകിയാലും ഉൽപ്പാദനക്ഷമത വർദ്ധിക്കുന്നില്ലെന്നും നബാർഡിന്റെ ക്രൈറ്റീരിയനിൽ ഒരു പശുവിന് 6 കിലോഗ്രാം കാലിത്തീറ്റ ശരാശരി പാൽ ഉൽപ്പാദനത്തിന് നൽകേണ്ടത് അത്യാവശ്യമാണെന്ന് കൈപ്പുസ്തകത്തിലും പറയുന്നുണ്ടെന്നും ആ രണ്ട് ശുപാർശകളും സംയോജിപ്പിച്ച് കർഷകർക്ക് പരമാവധി ഉപകാരപ്രദമാക്കാൻ വേണ്ടി തയ്യാറാക്കിയതായിരുന്നു പ്രസ്തുത പ്രോജക്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എത്ര കർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ടെന്നും അവരുടെ ലിസ്റ്റ് അംഗീകരിച്ചത് കൗൺസിലാണോ എന്നും സമിതി ആരാഞ്ഞതിന് 132 കർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ടെന്നും അവരുടെ ലിസ്റ്റ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെന്നും ഇരിട്ടി മേഖലയിലെ ഏറ്റവും അധികം പാൽ അളക്കുന്ന ഉരുവച്ചാൽ ക്ഷീരോൽപ്പാദക സഹകരണ സംഘം സെക്രട്ടറി തന്ന ലിസ്റ്റാണെന്നും മട്ടന്നൂർ നഗരസഭ സെക്രട്ടറി മറുപടി നൽകി.

സൊസൈറ്റി സെക്രട്ടറി നൽകിയ 132 പേരുടെ ലിസ്റ്റിന്റെ നിജസ്ഥിതി നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിക്കുകയുണ്ടായോ എന്ന് സമിതി ആരാഞ്ഞതിന് 132 ഗുണഭോക്താക്കൾക്കും പശുക്കളുണ്ടെന്ന് മൃഗഡോക്ടർ പരിശോധിച്ച് ബോധ്യപ്പെ

ട്ടതിന്റെ രേഖയുണ്ടെന്നും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട മറ്റൊരു സമിതി കൂടി പട്ടിക അംഗീകരിച്ചിരുന്നെന്നും മട്ടന്നൂർ മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കർഷകർ കാലിത്തീറ്റ കൈപ്പറ്റിയതിന്റെ രസീതുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഓരോ വർഷത്തേയും സ്റ്റേറ്റ്മെന്റ് ഉണ്ടെന്നും കാലിത്തീറ്റ കൈപ്പറ്റിയെന്ന് കർഷകരുടെ കൈയ്യൊപ്പും തീറ്റയുടെ അളവും സബ്സിഡി തുകയും ആകെ നൽകിയ തുകയും സ്റ്റേറ്റ്മെന്റിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ലിസ്റ്റിൽ ഓരോ കർഷകനും ഒപ്പിട്ടിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

കാലിത്തീറ്റ കൈപ്പറ്റിയതായി ഗുണഭോക്താക്കൾ നൽകിയ കൈപ്പറ്റ് രസീതും ഗുണഭോക്താക്കളുടെ പട്ടിക കൗൺസിൽ അംഗീകരിച്ചതിന്റെ രേഖയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് ഹാജരാക്കാൻ മുനിസിപ്പൽ സെക്രട്ടറിയോടും 15 ദിവസത്തിനകം സമിതിക്ക് ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിച്ചു.

3. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 9-7-2009-ലെ 8508/സ്പെ.സെൽ ജി1/09 നമ്പർ കത്തു മുഖേന ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു.

"മേൽ പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ പാൽ നൽകുന്നവരാണെന്നും രണ്ടിൽ കൂടുതൽ പശുക്കളെ വളർത്തുന്നവരാണെന്നും ഉരുവച്ചാൽ ക്ഷീരോൽപ്പാദക സഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ലിസ്റ്റിൽ ഉള്ള 132 പേരെ ഗുണഭോക്താക്കളായി 31-1-2001-ലെ കൗൺസിൽ തീരുമാനം നമ്പർ 6 പ്രകാരം നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റിയതായി കൈയ്യൊപ്പ്വെച്ച പ്രതിമാസ പട്ടികയുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്ന് തെളിയിക്കുന്ന രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കൾ രണ്ടിൽ കൂടുതൽ പശുക്കളെ വളർത്തുന്നവരാണെന്നും അനുവദിക്കപ്പെട്ട സബ്സിഡി നബാർഡ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്നുമുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണവും അംഗീകരിക്കാവുന്നതാണ്. മാത്രമല്ല പദ്ധതിക്കാവശ്യമായ മുനിസിപ്പൽ കൗൺസിൽ അംഗീകാരവും ഡി.പി.സി. അംഗീകാരവും ലഭിച്ചിട്ടുണ്ട്. ആയതിനാൽ വിശദീകരണവും രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്".

**നിഗമനങ്ങൾ/ശുപാർശകൾ**

4. **ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റിയ രസീത്, കൗൺസിൽ അംഗീകരിച്ചതിന്റെ രേഖ എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## 2. തളിപ്പറമ്പ് നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**ഉത്പാദന പദ്ധതികൾക്ക് 1.9 ലക്ഷം സബ്സിഡി അധികം**

ജനകീയാസൂത്രണത്തിന്റെ ഭാഗമായി നഗരസഭ ഉൽപ്പാദന മേഖലയിൽ നടപ്പാക്കിയ പദ്ധതികൾക്ക് 1,90,000 രൂപ സബ്സിഡി അധികം നൽകി.

(1) 1997-98-ലെ ഇറച്ചിക്കോഴി വളർത്തൽ പദ്ധതിക്ക് 45,000 രൂപ സബ്സിഡി അധികം നൽകി. പദ്ധതി അംഗീകാര രേഖ, നിർവ്വഹണ ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിനോ വായ്പ ലഭ്യമാക്കിയതിനോ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതിനോ രേഖയില്ല.

(2) 2000-01-ലെ ഒരു വീട്ടിൽ ഒരു പശു പദ്ധതിക്ക് ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെ 96,000 രൂപ സബ്സിഡി അധികം നൽകി.

(3) 2000-01-ലെ സമഗ്ര തെങ്ങ് കൃഷി വികസന പദ്ധതിയിൽ വാർഡ് സഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അംഗീകൃത പദ്ധതിയില്ലാതെ 49,000 രൂപ സബ്സിഡി അധികം നൽകി.

മൂന്ന് പദ്ധതികളിൽ അധികം നൽകിയ സബ്സിഡി 1,90,000 രൂപ അംഗീകരിക്കുന്നില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതികളുടെ നിർവ്വഹണം സംശയാസ്പദമായതിനാൽ അന്വേഷണം നടത്തേണ്ടതാണ്.

[2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4-II-12-1]

5. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

"പ്രസ്തുത പദ്ധതി നടപ്പാക്കിയ രണ്ട് നിർവ്വഹണോദ്യോഗസ്ഥരിൽ ഒരാളായ സീനിയർ വെറ്ററിനറി സർജൻ നൽകിയ റിപ്പോർട്ട് പ്രകാരം ഇറച്ചിക്കോഴി വളർത്തൽ പ്രോജക്ടിൽ (പ്രോജക്ട് നമ്പർ 1.4.2) 12 ഇറച്ചിക്കോഴി യൂണിറ്റുകൾ തുടങ്ങുന്നതിനാണ് വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം താഴെപ്പറയും പ്രകാരമാണ് പദ്ധതി ആസൂത്രണം ചെയ്തത് എന്ന് കാണുന്നു:

ഒരു യൂണിറ്റിന്

| | | |
|---|---|---|
| കൂടു നിർമ്മാണം | : | 18,000 + |
| ഉപകരണങ്ങളുടെ വില | : | 1,500 |
| കോഴിക്കുഞ്ഞുങ്ങളുടെ വില | : | |
| 13 എണ്ണം രൂപ 250 | : | 3250 (250x13) |
| മരുന്ന്, വൈദ്യുതി ചാർജ്ജ്, ഇൻഷ്വറൻസ് | : | 1000 |
| ആകെ | | 23750 X 12 യൂണിറ്റ് : 2,85,000 |

പ്രസ്തുത തുകയിൽ 60,000 രൂപ സബ്സിഡിയും 1,25,000 രൂപ ലോണും 1,00,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. 12 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സബ്സിഡിയായ 60,000 രൂപ (5,000 രൂപ പ്രകാരം) അനുവദിക്കുകയും ഗുണഭോക്താക്കളിൽ നിന്ന് അവർ ആവശ്യപ്പെട്ടത് പ്രകാരം വിവിധ ബാങ്കുകൾ മുഖേന പദ്ധതി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയാണ് ചെയ്തത്. ഇത് സംബന്ധമായ എല്ലാ രേഖകളും നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജന്റെ കസ്റ്റഡിയിൽ ഉള്ളതും പരിശോധനയ്ക്കായി കണ്ണൂർ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ ജില്ലാ ഓഫീസിൽ 25-5-2009-ന് സമർപ്പിക്കുന്നതുമാണ്.

2000-01 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ പ്രോജക്ട് നമ്പർ 13 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരം, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിക്കപ്പെട്ട 24 ഗുണഭോക്താക്കളും 41935/98/എൽ.എ.ഡി. തീയതി 29-8-1998-ലെ സർക്കുലർ പ്രകാരം അർഹതയുള്ളവരാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്കായി 25-5-2009-ന് കണ്ണൂർ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ ജില്ലാ ഓഫീസിൽ സമർപ്പിക്കുന്നതാണ്.

2000-01 വർഷത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയ നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം മറുപടി സമർപ്പിക്കുന്നു. ഓഡിറ്റ് പരാമർശത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും മറ്റും വിശദമായ മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ വിശദമായ അന്വേഷണം നടത്തുകയും 8-3-2007-ലെ എൽ.എഫ്.ഡി. 4/448/07 നമ്പർ പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർക്ക് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25-4-2007-ലെ എൽ.എഫ് 5703/സ്പെഷ്യൽ സെൽ (എസ്ബി6)/2006 നമ്പർ കത്ത് പ്രകാരം ഇക്കാര്യത്തിൽ സർച്ചാർജ്ജ് നടപടികളിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

6. (എ) <u>ഇറച്ചിക്കോഴി വളർത്തൽ</u>

പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. 1997-98-ലെ ഇറച്ചിക്കോഴി വളർത്തൽ പ്രോജക്ടിൽ കൂട് നിർമ്മാണത്തിന് 18,000 രൂപ ഉപകരണങ്ങൾക്ക് 1,500 രൂപ, ഒന്നിന് 13 രൂപ നിരക്കിൽ 250 കോഴിക്കുഞ്ഞുങ്ങൾക്ക് 3,250 രൂപ, മരുന്ന്, വൈദ്യുതി ചാർജ്ജ്, ഇൻഷ്വറൻസ് എന്നിവയ്ക്ക് 1,000 രൂപ ഇപ്രകാരം ഒരു യൂണിറ്റിന് 23,750 രൂപ എന്നായിരുന്നു കണക്കാക്കിയിട്ടുള്ളത് എന്നും പ്രോജക്ടിന്റെ ആകെ തുകയായ 2,85,000 രൂപയിൽ 60,000 രൂപ സബ്സിഡിയും 1,25,000 രൂപ ലോണും 1,00,000 രൂപ ഗുണഭോക്തൃ വിഹിതവും ആയിരുന്നെന്നും കൗൺസിൽ തീരുമാനപ്രകാരം 5,000 രൂപ വീതം 12 പേർക്ക് സബ്സിഡി നൽകിയെന്നും കൂട് നിർമ്മിച്ചു എന്ന സർട്ടിഫിക്കറ്റ് കൗൺസിലർമാർ നൽകിയ ശേഷമാണ് സബ്സിഡി നൽകിയതെന്നും നിലവിലുള്ള പൊസിഷൻ പരിശോധിച്ചാണ് ഇപ്പോഴത്തെ നിർവ്വഹണോദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും പഴയ ലിസ്റ്റ് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നും തളിപ്പറമ്പ് നഗരസഭ സെക്രട്ടറി ശ്രീ. പി. രാധാകൃഷ്ണൻ സമിതിയിൽ വിശദീകരിച്ചു.

ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിൽ ഗുണഭോക്താക്കളുടെ എണ്ണം 12 എന്നാണോ 48 എന്നാണോ പറഞ്ഞിട്ടുള്ളത് എന്ന് സമിതി ആരാഞ്ഞതിന് ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിൽ 48 പേർക്ക് ധനസഹായം നൽകണം എന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും അത് തെറ്റായിരുന്നെന്നും, ധനകാര്യപരമായി വിശകലനം ചെയ്തു നോക്കുമ്പോൾ 48 പേർക്ക് ആ പ്രോജക്ട് പ്രകാരം ഒരിക്കലും തുക നൽകാൻ സാധിക്കില്ലെന്നും 12 പേർക്ക് മാത്രമേ നൽകാൻ സാധിക്കുകയുള്ളുവെന്നും തളിപ്പറമ്പ് മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി. പ്രോജക്ടിൽ 48 പേർ എന്ന് എങ്ങനെ വന്നു എന്ന് സമിതി ആരാഞ്ഞതിന് മുനിസിപ്പൽ സെക്രട്ടറി വ്യക്തമായ മറുപടി നൽകുകയുണ്ടായില്ല.

ഒരു കോഴിക്കുഞ്ഞിന് 13 രൂപ വച്ച് 250 ബ്രോയിലർ കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 12 യൂണിറ്റുകളാണ് ഉണ്ടായിരുന്നതെന്നും ഒരു കോഴിയ്ക്ക് ഒരു സ്ക്വയർ ഫീറ്റ് സ്ഥലം എന്ന കണക്കിൽ 250 കോഴിക്കുഞ്ഞുങ്ങൾക്കായി 250 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള കൂടിന് 18,000 രൂപ ആണ് കണക്കാക്കിയിരുന്നതെന്നും തളിപ്പറമ്പ് കൃഷി ഓഫീസർ സമിതിയെ അറിയിച്ചു. പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ ഡോ. സാമുവൽ സമിതി മുമ്പാകെ ഹാജരായിരുന്നുവെങ്കിലും റിട്ടയർ ചെയ്തിട്ട് പതിനൊന്നുവർഷമായതിനാൽ പദ്ധതി സംബന്ധിച്ച് ആധികാരികമായി ഒന്നും പറയാൻ കഴിയുകയില്ലെന്ന് സമിതിയെ അറിയിച്ചു. പഴയ കൂടുകൾ പരിശോധിച്ചതിൽ നിന്നും 9 സ്ഥലത്തു കൂടുകൾ ഇപ്പോഴും ഉണ്ടെന്നും ചില ഗുണഭോക്താക്കൾ വീടുമാറിപ്പോയെന്നും തളിപ്പറമ്പ് കൃഷി ഓഫീസർ തുടർന്നറിയിച്ചു.

അന്നത്തെ ഇംപ്ലിമെന്റിംഗ് ഓഫീസറായ സീനിയർ വെറ്ററിനറി സർജന്റെ പക്കലുള്ള ഫയലുകൾ കൊണ്ടുവന്നിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, ടി ഫയലിന്റെ കോപ്പി ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും, ഒറിജിനൽ ഫയൽ ഇപ്പോൾ കൊണ്ടുവന്നിട്ടുണ്ടെന്നും ആയത് ഓഡിറ്റ് വകുപ്പിന് നൽകാമെന്നും കൃഷി ഓഫീസർ മറുപടി നൽകി.

ഡി.പി.സി. അംഗീകരിച്ച ഒറിജിനൽ പ്രോജക്ടിൽ സബ്സിഡി തുകയായ 60,000 രൂപ 1,250 രൂപ വച്ച് 48 പേർക്കാണ് നിശ്ചയിച്ചിരുന്നത് ഡി.പി.സി.യുടെ അംഗീകാരമില്ലാതെ 12 വ്യക്തികൾക്ക് 5,000 രൂപ വീതം എന്നാക്കി മാറ്റിയതായി സമിതി മനസ്സിലാക്കുന്നു. അപ്രകാരം തിരുത്തൽ വരുത്താനുണ്ടായ കാരണം സമിതി ആരാഞ്ഞതിന് ഡി.പി.സി. അംഗീകരിച്ച പ്രോജക്ടുമായി ഗുണഭോക്താക്കളെ സമീപിച്ചപ്പോൾ 1,250 രൂപ സബ്സിഡിയുണ്ടെങ്കിലും ഇതിനുവേണ്ടി വരുന്ന ബാക്കി ചെലവുകൾ സ്വയം കണ്ടെത്തണമെന്നുള്ളതുകൊണ്ട് ആരും മുന്നോട്ടു വരാത്ത സാഹചര്യത്തിൽ 48 വ്യക്തികളെന്നത് 12 വ്യക്തികളാക്കി ചുരുക്കുകയും സബ്സിഡി 1,250 എന്നത് 5,000 ആയി ഉയർത്തുകയും ചെയ്തുവെന്ന് തളിപ്പറമ്പ് നഗരസഭ മുൻ ഇംപ്ലിമെന്റിംഗ് ഓഫീസർ (റിട്ടയേർഡ്) വ്യക്തമാക്കി. മുനിസിപ്പൽ കൗൺസിലിന്റെയും ഡി.പി.സി.യുടേയും അംഗീകാരവും വാങ്ങിത്തരാമെന്ന് അന്നത്തെ മുനിസിപ്പൽ കൗൺസിൽ ചെയർമാൻ പറഞ്ഞതുകൊണ്ടാണ് അപ്രകാരം ചെയ്തതെന്നും കൗൺസിൽ അംഗീകരിച്ചോ എന്നത് മിനിറ്റ്സ് പരിശോധിച്ചശേഷം പറയാമെന്നും ബന്ധപ്പെട്ട ഫയൽ കാണുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇറച്ചിക്കോഴി വളർത്തൽ പദ്ധതികളുടെ പ്രോജക്ടിൽ ഗുണഭോക്താക്കളുടെ എണ്ണത്തിലും സബ്സിഡി തുകയിലും ഭേദഗതി വരുത്തിയ നടപടിക്ക് അന്നത്തെ മുനിസിപ്പൽ കൗൺസിലിന്റെയും ഡി.പി.സി.യുടെയും അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് 15 ദിവസത്തിനകം സമിതിയെ അറിയിക്കണമെന്നും അല്ലെങ്കിൽ 12 പേർക്ക് 1,250 രൂപ വീതം നൽകിയ സാഹചര്യത്തിൽ തുക കഴിച്ച് അധികം നൽകിയ സബ്സിഡി തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പ്രോജക്ടുമായി ബന്ധപ്പെട്ട ഒറിജിനൽ ഫയൽ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

(ബി) 'ഒരു വീട്ടിൽ ഒരു പശു' പദ്ധതിക്ക് ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെ 96,000 രൂപ സബ്സിഡി അധികം നൽകി.

പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് 24 ഗുണഭോക്താക്കളിൽ 20 പേരും ബി.പി.എൽ. ലിസ്റ്റിൽപെട്ടവരാണെന്നും 29-8-1998-ലെ 41935/98/എൽ.എ.ഡി. നമ്പർ സർക്കുലർ പ്രകാരം 38,825 രൂപയിൽ താഴെയാണ് വരുമാനമെങ്കിൽ ആനുകൂല്യം നൽകാം എന്ന ഉത്തരവ് പ്രകാരം 4 പേർ വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്നും, രേഖ പരിശോധിക്കുന്നതിനായി ഒറിജിനൽ ഫയൽ 25-5-2009-ൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഹാജരാക്കിയിട്ടുണ്ടെന്നും വരുമാന സർട്ടിഫിക്കറ്റ് ഇല്ലാത്തതുകൊണ്ടാണ് ഓഡിറ്റ് തടസ്സം വന്നതെന്നും പിന്നീടാണ് ബി.പി.എൽ. സർട്ടിഫിക്കറ്റ് വാങ്ങിയതെന്നും തളിപ്പറമ്പ് നഗരസഭയിലെ കൃഷി ഓഫീസർ വിശദീകരിച്ചു.

പദ്ധതി പ്രകാരം സബ്സിഡി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരാണെന്നു തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും മറ്റു രേഖകളും ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് 15 ദിവസത്തിനകം പരിശോധനയ്ക്ക് നൽകാൻ സമിതി നിർദ്ദേശിച്ചു.

(സി) 2000-01-ലെ സമഗ്ര തെങ്ങ് കൃഷി വികസന പദ്ധതിയിൽ വാർഡ്സഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അംഗീകൃത പദ്ധതിയില്ലാതെ 49,000 രൂപ സബ്സിഡി നൽകി.

പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 9-7-2009-ലെ 8508/സ്പെഷ്യൽ സെൽ ജി1/09 നമ്പർ കത്തു മുഖേന നൽകിയ പരിശോധനാ റിപ്പോർട്ടിൽ, ഇറച്ചിക്കോഴി വളർത്തൽ പദ്ധതിക്ക് അധികം സബ്സിഡി നൽകിയതിന് കൗൺസിൽ അംഗീകരിച്ച രേഖകളൊന്നും ലഭ്യമാകാത്തതിനാൽ തടസ്സം നിലനിൽക്കുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഒരു വീട്ടിൽ ഒരു പശു പദ്ധതിക്ക് ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെ 96,000 രൂപ അധികം നൽകി എന്ന പരാമർശത്തിലെ ആനുകൂല്യം കൈപ്പറ്റിയ 24 ഗുണഭോക്താക്കളിൽ, 20 പേർ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണെന്ന സർട്ടിഫിക്കറ്റും 4 പേരുടെ വാർഷിക വരുമാനം 20,000-ൽ താഴെയാണെന്നുള്ളതിന്റെ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും ഹാജരാക്കിയത് ഓഡിറ്റ് പരിശോധിച്ചതിൻ പ്രകാരം തടസ്സം ഒഴിവാക്കാമെന്നറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**7. (എ) ഇറച്ചിക്കോഴി വളർത്തൽ പദ്ധതിക്ക് അധിക സബ്സിഡിയായി നൽകിയ 45,000 രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും അടിയന്തിര മായി ഈടാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

**(ബി) ഒരു വീട്ടിൽ ഒരു പശു പദ്ധതിയുമായി ബന്ധപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും അതിന് അർഹരാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

**(സി) സമഗ്ര തെങ്ങുവികസന പദ്ധതിയിൽ വാർഡ് സഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അംഗീകൃത പദ്ധതിയില്ലാതെ 49,000 രൂപ സബ്സിഡി അധികം നൽകി എന്ന ഓഡിറ്റ് പരാമർശം സർക്കാർ നല്കിയ വിശദീകരണ ത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## 3. കണ്ണൂർ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**പയ്യാമ്പലം വൈദ്യുത ശ്മശാനം-ക്രിമേഷൻ ഫർണസ്-കരാർ റദ്ദാക്കിയത് സംബന്ധിച്ച്**

ക്രിമേഷൻ ഫർണസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധന യിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകളും ക്രമക്കേടുകളും ചുവടെ ചേർക്കുന്നു:

(1) യൂണിറ്റ് ഒന്നിന് 9,28,050 രൂപ നിരക്കിൽ രണ്ട് ഫർണസ്സുകൾ സ്ഥാപിക്കു ന്നതിന് 24-3-1999-ന് സാങ്കേതികാനുമതി ലഭിച്ചു. എന്നാൽ 22-7-1999-ലെ ആഫീസ് കുറിപ്പു പ്രകാരം നിരക്ക് ഒരു യൂണിറ്റിന് 18,56,100 രൂപയായി വർദ്ധിപ്പിക്കുകയും യൂണിറ്റുകളുടെ എണ്ണം ഒന്നായി ചുരുക്കുകയും ചെയ്തത് മതിയായ വിശദീകരണങ്ങ ളുടേയോ രേഖകളുടേയോ അടിസ്ഥാനത്തിലല്ല. വിദഗ്ദ്ധ സമിതിയുടെ സാങ്കേതിക അനുമതി ലഭിച്ച ഒരു പ്രോജക്ടിൽ അടിസ്ഥാനപരമായി മാറ്റം വരുത്തിയതും ടി പ്രോജക്ടിന് ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതി ലഭ്യമാക്കാതെ ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി ആരംഭിച്ചതും ഗുരുതരമായ ക്രമരാഹിത്യമാണ്. പിന്നീട്, വിഷയം പരിശോധിച്ച വിദഗ്ദ്ധ സമിതി ഭേദഗതി ചെയ്ത നിലയിൽ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

(2) കരാറുകാരൻ ആറുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സമ്മതിച്ച് 9-12-1999-ൽ കരാർ ഒപ്പു വച്ചിരുന്നെങ്കിലും ആഡിറ്റ് തീയതി (6/2002) വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇരുപതുലക്ഷം രൂപ മുൻകൂർ നൽകിയിട്ടും പ്രസ്തുത കരാറുകാരൻ ചെയ്തുവരുന്ന പ്രവൃത്തിയുടെ യഥാർത്ഥ അളവും മൂല്യവും യഥാസമയങ്ങളിൽ വിലയിരുത്തിയിരുന്നതായി കാണുന്നില്ല.

(3) കരാറുകാരന്റെ (സ്ഥാപനം) ബാങ്ക് ഗ്യാരന്റി 4-4-2001-ൽ റദ്ദു ചെയ്തിട്ടുണ്ട്.

(4) പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരന് ആവർത്തിച്ചു നിർദ്ദേശം നൽകിയിട്ടും ടി കാര്യത്തിന് പുരോഗതി ഉണ്ടാകാത്തതിനാൽ 24-6-2002-ൽ ടി സ്ഥാപനത്തിന് നൽകിയ കരാർ കൗൺസിൽ റദ്ദുചെയ്യുകയും പ്രവൃത്തി റീ ടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

കരാർ ലഭിച്ച സ്ഥാപനം ജോലി യഥാസമയം നിർവ്വഹിക്കാതിരിക്കുകയും കരാറുകാരന് നൽകിയ കോൺട്രാക്ട് റദ്ദുചെയ്യുകയും പ്രവൃത്തി റീ ടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിൽ ടി സ്ഥാപനത്തിന് നൽകിയ മുൻകൂർ തുകയായ ഇരുപതു ലക്ഷം രൂപ ആഡിറ്റിൽ അനുവദിക്കുന്നില്ല.

[2002-03 വർഷത്തിലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII-II-5-(i)]
&
ഓഡിറ്റ് ഖണ്ഡിക

**പയ്യാമ്പലം ശ്മശാനം : മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായി 17 ലക്ഷം നൽകി**

പയ്യാമ്പലം വൈദ്യുത ശ്മശാനത്തിൽ ശവദാഹ ചൂള സ്ഥാപിക്കുന്നതിന് പൊതു മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായി കണ്ണൂർ നഗരസഭ കരാറുകാരന് 17 ലക്ഷം രൂപ മുൻകൂർ നൽകിയിരുന്നു. 2000 ഫെബ്രുവരിയിൽ തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ മുൻകൂർ നൽകിയിരുന്നു. ഈ തുക പൊതുമരാമത്ത് ചട്ട പ്രകാരം ക്രമപ്പെടുത്താതെ 2000 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പദ്ധതി വിഹിതത്തിൽ നിന്നും 10 ലക്ഷം രൂപയും മാർച്ചിൽ തന്നെ തനത് ഫണ്ടിൽ നിന്നും 2 ലക്ഷം രൂപയും കൂടി ആകെ 17 ലക്ഷം രൂപ നൽകി.

പണിയുടെ പുരോഗതി പരിഗണിക്കാതെയും ചെയ്ത പണിയുടെ മൂല്യം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താതെയും 17 ലക്ഷം രൂപ നൽകിയത് ക്രമവിരുദ്ധവും കേരളാ പൊതുമരാമത്ത് അക്കൗണ്ട് കോഡിലെ ഖ: 10.2.22 നോട്ട് 4,10.2.33 എന്നിവയ്ക്ക് നിരക്കാത്തതുമാണ്. ഇത്തരത്തിൽ പണം നൽകിയതിന് സർക്കാരിന്റെ മുൻകൂർ അനുമതിയും വാങ്ങിയില്ല. അതിനാൽ 17 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ചട്ടവിരുദ്ധമായി കരാറുകാരന് 17 ലക്ഷം രൂപ നൽകിയത് അന്വേഷിക്കേണ്ടതാണ്.

[2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 6-11-2]

8. മേൽ ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ക്രിമറ്റോറിയം ഫർണസ് നിർമ്മാണത്തിനായി മെ.മദർ എർത്ത് എൻവയോടെക് എന്ന സ്ഥാപനത്തിന് 20 ലക്ഷം രൂപ അഡ്വാൻസ് നൽകിയിരുന്നു. ടി സ്ഥാപനം പ്രവർത്തി നിശ്ചിതസമയത്തിനകം പൂർത്തീകരിച്ചിട്ടില്ല. തുടർന്ന് കരാറുകാരനിൽ നിന്നും 11,36,120 രൂപ ഈടാക്കുന്നതിനായി നഗരസഭ തലശ്ശേരി സബ് കോടതിയിൽ ഒ. എസ്. 165/03 ആയി കേസ് ഫയൽ ചെയ്യുകയും ആയതിനെതിരെ ഈ സ്ഥാപനം കൗണ്ടർ ക്ലെയിം ഫയൽ ചെയ്യുകയും കോടതി കമ്മീഷൻ വെക്കുകയും ചെയ്തു. ടി കമ്മീഷൻ റിട്ടയേർഡ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയതിനാലും ടിയാൻ നൽകിയ കൂടിയ വാല്യൂവേഷനേയും യോഗ്യതയേയും ചോദ്യം ചെയ്ത് കോടതിയിൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ കോടതി സർവ്വീസിലിരിക്കുന്ന മതിയായ യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി കമ്മീഷൻ നടത്തുവാൻ ആവശ്യപ്പെട്ടിരുന്നു. എങ്കിലും നാളിതുവരെയായി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. 9-7-2003 തീയതിയിലെ 1-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം പ്രവൃത്തി കരാറുകാരന്റെ

നഷ്ടോത്തരവാദിത്വത്തിൽ റീ ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും നിലവിൽ വിഷയം കോടതിയുടെ പരിഗണനയിലായതിനാലും കോർട്ട് കമ്മീഷൻ വാലേഷൻ നടത്തേണ്ടതിനാലും പ്രവൃത്തി റീ ടെണ്ടർ നടത്തി പുനരാരംഭിക്കുവാൻ സാധിക്കില്ലാ എന്ന് മുനിസിപ്പൽ സ്റ്റാന്റിംഗ് കൗൺസിൽ അറിയിച്ചിട്ടുള്ളതിനാൽ നഗരസഭയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ബഹു. ഹൈക്കോടതി ഡബ്ല്യു.പി.(സി) 21467/06 നമ്പർ കേസ്സിലെ 28-2-2007-ലെ വിധിപ്രകാരം ഇലക്ട്രിക് ക്രിമിറ്റോറിയം 3 മാസത്തിനകം പ്രവർത്തനക്ഷമമാക്കുന്നതിനായി വിധിയുണ്ടായിരുന്നു. എന്നാൽ ഈ കാലയളവിനുള്ളിൽ ക്രിമിറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിനായി സാധിക്കാത്തതിനാൽ പരാതിക്കാരൻ സി.സി.(സി) 1455/07, സിസി(സി) 1213/08 എന്നീ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1-11-2008-ലെ ഒന്നാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 1-11-2008 മുതൽ വൈദ്യുത ശ്മശാനം തുറന്നു കൊടുക്കുന്നതിനും 31-3-2009 വരെ ഡിപ്പാർട്ട്മെന്റലായി പ്രവർത്തിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. ശ്മശാനം 1-11-2008 മുതൽ പ്രവർത്തിച്ചു വരുന്നതായും ക്രിമിറ്റോറിയത്തിൽ ശവസംസ്ക്കാര പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നുണ്ട്. ബഹു. സബ് കോടതിയിൽ നിലവിലുള്ള ഒ.എസ്.നം. 165/03 നമ്പർ കേസിൽ വിധി വരുന്ന മുറയ്ക്ക് ആയതിലെ തീരുമാനമനുസരിച്ച് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു എന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

നഗരസഭാ എ ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടറെയാണ് വൈദ്യുതി ശ്മശാനം പ്രവർത്തിപ്പിക്കാനുള്ള ചുമതല ഏൽപ്പിച്ചിട്ടുള്ളത്. 1-11-2008 മുതൽ 31-3-2009 വരെയുള്ള കാലയളവിൽ എ ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ 30 മൃതദേഹങ്ങൾ നാളിതുവരെ വൈദ്യുതി ശ്മശാനത്തിൽ ദഹിപ്പിച്ചിട്ടുണ്ട്. ശവസംസ്ക്കാരത്തിനായി 1,200 രൂപയാണ് ഈടാക്കിവരുന്നത്. ആയതിൻ പ്രകാരം 34,000 രൂപ നഗരസഭാ ഫണ്ടിൽ വരവു വന്നിട്ടുണ്ട്. ടി കാലയളവിൽ വൈദ്യുതി ചാർജ്ജിനത്തിൽ 6,54,843 രൂപ നഗരസഭ വൈദ്യുതി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. 1-4-2009 മുതൽ വൈദ്യുതി ശ്മശാനം ടെണ്ടർ ചെയ്ത് നടത്തിപ്പിനായി ഏൽപ്പിച്ചുകൊടുക്കുന്നതിനായി തീരുമാനിച്ചിട്ടുള്ളതാണ്. 1-3-2009 മുതൽ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ നാധിച്ചിട്ടില്ല. ഇപ്പോൾ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2009 ജൂൺ 15-നകം വൈദ്യുതി ശ്മശാനം നടത്തിപ്പിനായി വിട്ടുകൊടുക്കുവാൻ സാധിക്കുന്നതാണ്."

9. ഓഡിറ്റ് പരാമർശങ്ങളിൻമേൽ സമിതി വിശദീകരണം ആരാഞ്ഞു. ഡി.പി.സി.യും ടെക്നിക്കൽ കമ്മിറ്റിയും അംഗീകാരം നൽകിയതിനുശേഷമാണ് ഫർണസിന്റെ വാല്യുവേഷനിൽ ഉണ്ടായ വ്യത്യാസം അറിഞ്ഞതെന്നും ടൈപ്പിംഗ് സമയത്ത് ഒന്നിനുപകരം രണ്ട് എന്ന് തെറ്റായി ചേർത്തതുകൊണ്ട് വന്ന വ്യത്യാസമാണെന്നും അതിനുശേഷം പത്രത്തിൽ എററ്റമായി പ്രസിദ്ധീകരിച്ചുവെന്നും പ്രസ്തുത മാറ്റങ്ങൾ ഡി.പി.സി.യിൽ പിന്നീട് പോയിട്ടില്ലെന്നും കണ്ണൂർ മുനിസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

ഒരു ഫർണസിന്റെ വില 9,28,050 രൂപ എന്ന രീതിയിൽ തെറ്റായാണ് ഷെഡ്യൂളിൽ വന്നിരുന്നതെന്നും ഒരു ഫർണസിന്റെ യഥാർത്ഥ വില 18,56,100 രൂപ

ആയിരുന്നുവെന്നും, ഷെഡ്യൂൾ കൊടുത്ത് കരാറുകാർ പങ്കെടുത്ത സമയത്താണ് വ്യത്യാസം ശ്രദ്ധിച്ചതെന്നും പിന്നീട് തിരുത്തിയ പ്രകാരം കാര്യങ്ങൾ ചെയ്തുവെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ തുടർന്നറിയിച്ചു.

വിലയിൽ വ്യത്യാസം വരാനുണ്ടായ സാഹചര്യത്തെക്കുറിച്ചുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് രണ്ടു ഫർണസ് വയ്ക്കാനുള്ള സൗകര്യമുള്ള പദ്ധതിയായിരുന്നു വിഭാവനം ചെയ്തിരുന്നതെങ്കിലും, ഒരു ഫർണസ് ആദ്യവും ഒരെണ്ണം പിന്നീട് വയ്ക്കാൻ വേണ്ട അനുബന്ധ ഭാഗങ്ങളായ ചിമ്മിനി, ഡക്ടിംഗ്, കൺട്രോൾ പാനൽ, ക്ലിയറിംഗ് സിസ്റ്റം, കേബിൾ ഡക്ടിംഗ് എന്നിവയും സ്ഥാപിക്കുക എന്നാണ് ഉദ്ദേശിച്ച തെന്നും കണ്ണൂർ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. ഒരു ഫർണസ്സിന് 18 ലക്ഷം രൂപയും രണ്ടാമത് ഒരെണ്ണം കൂടി വയ്ക്കാനുള്ള തരത്തിലുള്ള അനുബന്ധ പ്രവൃത്തികൾക്കും കൂടി ആകെ 30 ലക്ഷം രൂപ വരുമെന്നും സാങ്കേതിക കമ്മിറ്റി പെട്ടെന്നുകൂടി പാസ്സാക്കിയപ്പോൾ ആകെ തുക ശരിയായതുകൊണ്ട് കൂടുതൽ പരിശോധിക്കാതെ ഷെഡ്യൂൾ കൊടുത്തുവെന്നും ടെണ്ടർ ഡേറ്റിനു മുൻപു തന്നെ തെറ്റു കണ്ടെത്തിയെങ്കിലും പിന്നീടാണ് റേറ്റ് വ്യത്യാസം നീക്കാനായി എറാറ്റം നോട്ടിഫിക്കേഷൻ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതെന്നും അദ്ദേഹം തുടർന്നറിയിച്ചു. ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടർ സമർപ്പിച്ച മെസ്സേഴ്സ് മദർ എർത്ത് എൻവയോടെക് തിരുപ്പൂർ എന്ന സ്ഥാപനത്തിനാണ് ടെണ്ടർ നൽകിയതെന്ന് സമിതി യിൽ വ്യക്തമാക്കപ്പെട്ടു. രണ്ടാമത്തെ ഫർണസ് വയ്ക്കുമ്പോൾ ഫർണസ് മാത്രം വച്ചാൽ മതിയെന്നും അനുബന്ധഭാഗങ്ങൾ സ്ഥാപിക്കേണ്ടി വരില്ലെന്നും, ഫർണസിനുള്ള 18 ലക്ഷം രൂപ മാത്രമേ പിന്നീട് ചെലവു വരികയുള്ളുവെന്നും, ടെക്നിക്കൽ കമ്മിറ്റി ആദ്യം അംഗീകരിച്ചെങ്കിലും പിന്നീട് കമ്മിറ്റി പിരിഞ്ഞു പോയെന്നും, സാധാരണ പദ്ധതികൾക്ക് പ്രാരംഭ ഭരണാനുമതിയും സാങ്കേതികാനുമതിയും കിട്ടിയാൽ അന്തിമാ നുമതി, ഫൈനൽ ബില്ലിനു മുൻപ് നേടിയെടുത്താൽ മതിയെന്നും കണ്ണൂർ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്ഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരണം നൽകി.

ഇതു സംബന്ധിച്ച് മുനിസിപ്പാലിറ്റി നൽകിയ കേസ് സംബന്ധിച്ച വിശദാംശങ്ങൾ സമിതി ആരാഞ്ഞതിന്, ഓഡിറ്റ് വകുപ്പിന്റെ ഗുരുതരമായ തടസ്സവാദത്തിന്റെ അടിസ്ഥാ നത്തിൽ കരാറുകാരനു നൽകിയ മുൻകൂറായ 20 ലക്ഷം രൂപാ തിരികെ പിടിക്കുവാൻ നഗരസഭ തീരുമാനിക്കുകയുണ്ടായെന്നും അതനുസരിച്ച് ചെയ്ത പ്രവൃത്തിക്കുള്ള മൂല്യമായ 7,63,000 രൂപയും ഡെപ്പോസിറ്റായുള്ള ഒരു ലക്ഷം രൂപയും കഴിച്ച് ബാക്കി 11 ലക്ഷത്തിൽ ചില്വാനം രൂപ കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനു വേണ്ടിയാണ് കേസ് കൊടുത്തതെന്നും വിചാരണ പൂർത്തീകരിച്ചെങ്കിലും നഗരസഭയുടെ വാല്യുവേഷൻ കരാറുകാരൻ അംഗീകരിക്കാതെ കോടതിയിൽ ഹർജികൊടുത്തതിൻ പ്രകാരം ഒരു കമ്മീഷനെ വയ്ക്കുകയും, കമ്മീഷൻ വാല്യുവേഷൻ പ്രകാരം 26 ലക്ഷത്തിൽപ്പരം രൂപയുടെ പ്രവൃത്തി ചെയ്തതായി കണ്ടെത്തിയെന്നും ഇതിനെ നഗരസഭ അംഗീകരി ച്ചിട്ടില്ലെന്നും, സർവ്വീസിൽ ഉള്ള വിദഗ്ദ്ധനായ ഇലക്ട്രിക്കൽ ഉദ്യോഗസ്ഥനെക്കൊണ്ട് പരിശോധിപ്പിക്കണമെന്ന നിലപാട് കോടതി എടുത്തിട്ടുണ്ടെന്നും, വിചാരണ പൂർത്തിയായി ഇത് അനുവദിച്ചു കിട്ടിയേക്കുമെന്നും കണ്ണൂർ മുനിസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

20 ലക്ഷം രൂപ കരാറുകാരന് മുൻകൂർ നൽകിയത് എന്തിനായിരുന്നുവെന്ന് സമിതി ആരാഞ്ഞതിന് പദ്ധതി പെട്ടെന്നു പൂർത്തീകരിക്കണമെന്ന കൗൺസിൽ താൽപ്പര്യ പ്രകാരം ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിലാണ് മുൻകൂർ നൽകിയ തെന്ന് മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ശ്മശാനം പ്രവർത്തിപ്പിക്കാത്തതിനെതിരെ പരിസ്ഥിതിവാദികൾ ഹൈക്കോടതിയിൽ കേസ് കൊടുത്തുവെന്നും ശ്മശാനം തുറന്നു പ്രവർത്തിപ്പിക്കാൻ കോടതി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ അതു സാധിക്കാത്തതിനാൽ ഹർജിക്കാർ വീണ്ടും കോടതിയിൽ പോയതിനാൽ നഗരസഭാ സെക്രട്ടറിക്കെതിരെ കോടതിയലക്ഷ്യ നടപടി വരികയും ചെയ്തുവെന്നും നഗരസഭാ സെക്രട്ടറി തുടർന്നറിയിച്ചു.

കരാറുകാരൻ ഏകപക്ഷീയമായി ബാങ്ക് ഗ്യാരന്റി റദ്ദാക്കിയതിന് മുനിസിപ്പാലിറ്റി എന്തു നടപടി സ്വീകരിച്ചു എന്ന് സമിതി ആരാഞ്ഞതിന് സെക്രട്ടറി മറുപടി പറഞ്ഞില്ല.

കോടതി ഉത്തരവു പ്രകാരം ശ്മശാനം 2008 നവംബർ മാസം മുതൽ നാലു മാസം വരെ പ്രവർത്തിപ്പിച്ചുവെന്നും 30-35 ശവദാഹങ്ങൾ വരെ നടന്നുവെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. പണി റീടെണ്ടർ ചെയ്യാൻ കോടതി ഒരു സമയപരിധി നിശ്ചയിച്ചു നൽകിയെന്നും ടെണ്ടർ റദ്ദാക്കിയ സമയത്ത് കരാറുകാരൻ കുറെ ജോലികൾ ചെയ്തിരുന്നുവെന്നും അതിന്റെ യഥാർത്ഥ വാല്യുവേഷൻ കിട്ടാത്തതിനാലാണ് ബാലൻസ് വർക്കുണ്ടെന്ന് മുനിസിപ്പാലിറ്റി അറിയിച്ചതെന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു. ഫർണസ് സ്ഥാപിക്കുന്നതിനു മുൻപ് തന്നെ നിയമവിരുദ്ധമായി 20 ലക്ഷം രൂപ മുൻകൂറായി നൽകിയ ആളിന്റെ പേരിൽ ബാദ്ധ്യത നിശ്ചയിക്കുകയാണ് വേണ്ടതെന്നും നാലു മാസത്തെ കറണ്ട് ചാർജ്ജ് തന്നെ 6,44,000 രൂപയായെന്നും കേസിനു പോകേണ്ടി വന്നതുതന്നെ നിയമവിരുദ്ധമായി മുൻകൂർ നൽകിയതിനാലാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ശ്മശാനത്തിന്റെ സിവിൽ വർക്കുകൾക്ക് 14 ലക്ഷം രൂപയായെന്ന് മുനിസിപ്പൽ സെക്രട്ടറി അറിയിച്ചതിന് 17 ലക്ഷം രൂപ മുൻകൂറായി നൽകിയതെന്തിനെന്ന് സമിതി ആരാഞ്ഞു. ആ പരാമർശം ശരിയല്ലെന്ന് മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ശ്മശാനത്തിന്റെ പണി സംബന്ധിച്ച് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസറും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും സംയുക്തമായി പരിശോധന നടത്തി സിവിൽ വർക്ക്, ഫർണസ് നിർമ്മാണം തുടങ്ങി നിയമവിരുദ്ധമായി നടന്ന എല്ലാ നടപടികളുടേയും വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

10. സമിതി നിർദ്ദേശ പ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ 26-6-2009-ൽ നടത്തിയ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു.

[തദ്ദേശ സ്വയംഭരണവകുപ്പു സെക്രട്ടറിയുടെ 20-8-2009-ലെ 29254/എ.ബി1/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയത്]

പയ്യാമ്പലം ശ്മശാനത്ത് യൂണിറ്റ് ഒന്നിന് 9,28,050 രൂപ നിരക്കിൽ രണ്ട് ഫർണസുകൾ സ്ഥാപിക്കുന്നതിന് 24-3-1999-ന് സാങ്കേതിക അനുമതി ലഭിച്ചു എങ്കിലും 22-7-1999-ലെ ഓഫീസ് കുറിപ്പ് പ്രകാരം നിരക്ക് ഒരു യൂണിറ്റിന് 18,56,100 രൂപയായി

വർദ്ധിപ്പിക്കുകയും യൂണിറ്റുകളുടെ എണ്ണം ഒന്നായി ചുരുക്കുകയും ചെയ്തത് മതിയായ വിശദീകരണങ്ങളുടേയോ രേഖകളുടേയോ അടിസ്ഥാനത്തിലല്ല എന്നും വിദഗ്ദ്ധ സമിതിയുടെ സാങ്കേതിക അനുമതി ലഭിച്ച ഒരു പ്രോജക്ടിന് അടിസ്ഥാനപരമായി മാറ്റം വരുത്തിയതും ടി പ്രോജക്ടിന് ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതിക അനുമതി ലഭ്യമാക്കാതെ ദർഘാസുകൾ ക്ഷണിച്ച് പ്രവർത്തി ആരംഭിച്ചതും ഗുരുതരമായ ക്രമരാഹിത്യമാണ് എന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

നഗരസഭയിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ കൊടുക്കുന്നു. ഇടപാടു സംബന്ധിച്ച ഫയലിന്റെ ഫോട്ടോകോപ്പി മാത്രമേ പരിശോധനയ്ക്കു കിട്ടിയിട്ടുളളു. യഥാർത്ഥ ഫയലുകൾ വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് കൊണ്ടുപോയിയെന്നാണ് അറിയാൻ കഴിഞ്ഞത്.

കണ്ണൂർ നഗരസഭയുടെ 1998-99-ലെ 13-ാം നമ്പർ പ്രോജക്ട് പ്രകാരമാണ് ഇലക്ട്രിക്കൽ ഫർണസ് സ്ഥാപിക്കാൻ ഡി.പി.സി. അംഗീകാരം നൽകിയത്. എം.എൽ.ഇ.സി. 23-4-1999-ന് അംഗീകാരം നൽകിയത് ഒരെണ്ണത്തിന് 9,28,050 രൂപ പ്രകാരം രണ്ടെണ്ണത്തിന് 18,56,100 രൂപയ്ക്കാണ്. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ നൽകിയ കത്ത് പരിഗണിച്ച് 8-1-2002-ലെ ടെക്നിക്കൽ സബ്ജക്ട് കമ്മിറ്റിയും 9-1-2002-ലെ ടെക്നിക്കൽ കമ്മിറ്റിയുടെ ജനറൽ ബോർഡിയോഗവും യൂണിറ്റ് കോസ്റ്റ് 9,28,050 രൂപയിൽ നിന്നും 18,56,100 രൂപയായി വർദ്ധിപ്പിക്കുന്നതിന് യാതൊരു ന്യായീകരണവും കാണുന്നില്ലെന്ന് അഭിപ്രായപ്പെടുകയുണ്ടായി. 26-4-2002-ലെ മുനിസിപ്പൽ കൗൺസിലിന്റെ 55-ാം നമ്പർ തീരുമാനം പ്രസ്തുത അഭിപ്രായം അംഗീകരിച്ചിട്ടുണ്ട്.

എം.എൽ.ഇ.സി. അംഗീകരിച്ച നിരക്കിന് വിരുദ്ധമായി ഒരു യൂണിറ്റിന് 18,56,100 രൂപയക്ക് എഗ്രിമെന്റ് വച്ചതിന് ടെക്നിക്കൽ അനുമതി നൽകണമെന്നുളള ആവശ്യം 9-7-2003-ലെ റോഡ്, പാലം ഇവയ്ക്കുളള സബ്ഗ്രൂപ്പ് പരിഗണിക്കുകയും 8-1-2002-ലെ സബ്കമ്മിറ്റി തീരുമാനം പുനഃപരിശോധിക്കുന്നതിന് ആവശ്യമായ യാതൊരു രേഖയും ഇല്ലെന്നും അഭിപ്രായപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ എസ്റ്റിമേറ്റിൽ വരുത്തിയ വർദ്ധന നഗരസഭയുടെ ഉത്തരവാദിത്തപ്പെട്ട സമിതികൾ പരിശോധിക്കുകയും നിരാകരിക്കുകയും ചെയ്തതാണെന്ന് കാണാം. അതുകൊണ്ടുതന്നെ ഷെഡ്യൂൾ ടൈപ്പ് ചെയ്തപ്പോൾ വന്ന പിശക് തിരുത്തുകയാണുണ്ടായതെന്ന് എഞ്ചിനീയർ മൊഴി നൽകിയത് സത്യവിരുദ്ധമാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും എം.എൽ.ഇ.സി. അംഗീകാരം നൽകിയിരിക്കുന്നതും 9,28,050 രൂപ വച്ച് രണ്ട് യൂണിറ്റുകൾക്കാണ്. ഒരു യൂണിറ്റിന്റെ വില 18,56,100 രൂപ ആണെങ്കിൽ 9,28,050 എന്ന സംഖ്യ എസ്റ്റിമേറ്റിൽ സ്ഥാനം പിടിക്കേണ്ട ആവശ്യമില്ല. കാരണം അര യൂണിറ്റിന് എസ്റ്റിമേറ്റ് തയ്യാറാക്കാറില്ല. (ഒറിജിനൽ എസ്റ്റിമേറ്റിന്റെ പകർപ്പുകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല) മാത്രവുമല്ല ഫർണസ് മാത്രം ഒരെണ്ണവും ബാക്കി അനുബന്ധ സാമഗ്രികൾ എല്ലാം രണ്ടെണ്ണവും എന്നത് യുക്തിക്ക് നിരക്കാത്തതാണ്. മേൽ പ്രസ്താവിച്ചതിൽ നിന്നും ടെണ്ടർ ഷെഡ്യൂളിൽ വന്നത് ഒരു ടൈപ്പിംഗ് തെറ്റല്ല. ബോധപൂർവ്വം വരുത്തിയ തിരുത്തലാണെന്ന് വ്യക്തമാണ്.

22-7-1999-ന് നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരക്ക് വർദ്ധനവ് ശുപാർശ ചെയ്ത് കൊണ്ട് കുറിപ്പ് എഴുതുകയും അത് മുനിസിപ്പൽ എഞ്ചിനീയർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുകയാണ് ഉണ്ടായത്. അതിനാൽ അവർ രണ്ടു പേരുമാണ് നഗരസഭ യ്ക്കുണ്ടായ നഷ്ടത്തിന് ഉത്തരവാദികൾ. കരാറിലേർപ്പെട്ട കമ്പനിക്ക് താഴെ പറയുന്ന തീയതികളിലായി 20 ലക്ഷം രൂപ മുൻകൂർ നൽകിയിട്ടുണ്ട്. കൗൺസിലിന്റെ അംഗീകാരമില്ലാതെ മുൻകൂർ നൽകിയതിന് ഉത്തരവാദികൾ മുനിസിപ്പൽ എൻജിനീയറും അന്നത്തെ മുനിസിപ്പൽ സെക്രട്ടറിയുമാണ്.

(1) 1550/2-2000 - 5 ലക്ഷം രൂപ പദ്ധതി വിഹിതം

(2) 2254/2-2000 - 5 ലക്ഷം രൂപ തനത് ഫണ്ട്

(3) 1599/3-2000 - 5 ലക്ഷം രൂപ പദ്ധതി വിഹിതം

(4) 2502/3-2000 - 2 ലക്ഷം രൂപ തനത് ഫണ്ട്

(5) 524/6-2000 - 3 ലക്ഷം രൂപ തനത് ഫണ്ട്.

എല്ലാ മുൻകൂറുകളും ഫയലിൽ മുനിസിപ്പൽ എഞ്ചിനീയറാണ് അംഗീകരിച്ചിരിക്കുന്നത്. 29-3-2000-ൽ ഏഴു ലക്ഷം രൂപ M/s മദർ എർത്ത് എൻവയറോടെക് എന്ന സ്ഥാപനത്തിന് നൽകുന്ന സമയത്ത് ടി സ്ഥാപനത്തിന് ഏഴു ലക്ഷം രൂപ നൽകിയ ശേഷം കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ് എന്ന് മുനിസിപ്പൽ എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ ഫയൽ കൗൺസിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല. മുൻകൂർ കൊടുത്തതൊന്നും നഗരസഭയുടെ അംഗീകാരത്തോടെയാണെന്നുള്ളതിന് രേഖയില്ല.

അന്വേഷണ സമയത്ത് പയ്യാമ്പലം വൈദ്യുത ശ്മശാനം സന്ദർശിച്ചു. വളരെ നല്ല രീതിയിൽ പണി കഴിപ്പിച്ച വൈദ്യുതി ശ്മശാനവും ഒരു ഫർണസും കാണാൻ കഴിഞ്ഞു. 1-11-2008 മുതൽ 31-3-2009 വരെയുള്ള കാലയളവിൽ 30 മൃതദേഹങ്ങൾ വൈദ്യുതി ശ്മശാനത്തിൽ ദഹിപ്പിച്ചതായും ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് 1,200 രൂപയാണ് ഈടാക്കി വരുന്നതെന്നും നഗരസഭ നിയമസഭാ സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൈദ്യുതി ശ്മശാനവുമായി ബന്ധപ്പെട്ട് തലശ്ശേരി സബ് കോടതിയിലും ബഹു. കേരള ഹൈക്കോടതിയിലും രണ്ട് കേസുകൾ നിലവിലുണ്ട് എന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

11. **ക്രിമേഷൻ ഫർണസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റിൽ നിരക്ക് വർദ്ധിപ്പിച്ച് നഗരസഭയ്ക്ക് നഷ്ടം വരുത്തിയതിനും കൗൺസിൽ അംഗീകാരമില്ലാതെ മുൻകൂർ നൽകിയതിനും പ്രസ്തുത കാലയളവിലെ അസി.എക്സി.എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ, മുനിസിപ്പൽ സെക്രട്ടറി എന്നിവരിൽ നിന്നും ബാദ്ധ്യത തുക തുല്ല്യമായി ഈടാക്കി അടിയന്തിരമായി റിപ്പോർട്ടു നൽകുവാൻ ഭരണ വകുപ്പിന് നിർദ്ദേശം നൽകുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതുമരാമത്തു പണി-നിർദ്ദിഷ്ട നിരക്കിൽ കൂടുതലായി തുക അനുവദിച്ചതുമൂലമുള്ള നഷ്ടം**

1997-1998, 1998-99 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതികളിൽപ്പെടുത്തി ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കിയ കണ്ണൂർ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന് കളിസ്ഥലം നിർമ്മാണം, പടന്നത്തോട് സംരക്ഷണ പാർശ്വഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്ന നിരക്കിലും കൂടുതലായി പ്രതിഫലം നൽകിയ ഇനത്തിൽ മൊത്തം 48,427 രൂപ നഗരസഭാ ഫണ്ടിന് നഷ്ടപ്പെട്ടിട്ടുണ്ട്.

[2002-03 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII-II-5(ii)]

12. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പടന്നത്തോട് സംരക്ഷണ പാർശ്വഭിത്തി നിർമ്മാണത്തിനായി അധികരിച്ച് നല്കിയ തുക 41,421 രൂപ പ്രസ്തുത സമിതിയുടെ കൺവീനർ ശ്രീ. പി. വി. ജയസൂര്യൻ എന്നവർ 5-2-2005-ന് മുനിസിപ്പൽ ഫണ്ടിൽ ചെലാൻ നമ്പർ 17513 (റസീറ്റ് നമ്പർ 75637) പ്രകാരം ഒടുക്കിയിട്ടുണ്ട്. ആയതിനാൽ ടി ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കുവാൻ അപേക്ഷിച്ചു കൊള്ളുന്നു. 1998-99 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തുന്ന ഗുണഭോക്തൃ സമിതി (കൺവീനർ, പി. ടി. എ. കമ്മിറ്റി) നടപ്പിലാക്കിയ കണ്ണൂർ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ കളിസ്ഥല നിർമ്മാണ പ്രവർത്തിക്ക് വേണ്ടി ചെലവാക്കിയ ഇനത്തിൽ നല്കിയ അധികരിച്ച തുക 7006 രൂപ തിരിച്ചടയ്ക്കുന്നതിനായി സ്കൂൾ ഹെഡ്മാസ്റ്റർക്ക് രണ്ട് തവണ കത്ത് നൽകിയിരുന്നു. എന്നാൽ ടി കാലയളവിൽ പി.ടി.എ. കമ്മിറ്റി പ്രസിഡന്റ് സ്ഥലം മാറി പോയിട്ടുള്ളതിനാൽ ടിയാനിൽ നിന്നും ഈടാക്കുവാൻ സാധിക്കാതെ വന്നിരിക്കുകയാണ് എന്നിരുന്നാലും നിലവിലുള്ള പി.ടി.എ. കമ്മിറ്റിയിൽ നിന്നു് തന്നെ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുന്ന തിനായി അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പി.ടി.എ. കമ്മിറ്റിയുടെ അപേക്ഷ പരിഗണിച്ച് 3 ഗഡുക്കളായി തുക ഈടാക്കുന്നതിന് അനുമതി നൽകുകയും ആദ്യ ഗഡു 2,400 രൂപ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. (ചെക്ക് നമ്പർ 177934 തീയതി 9-8-2008) തുടർന്ന് ബാക്കി തുകയായ 4,606 രൂപ 22-5-2009-ന് മുനിസിപ്പൽ ഫണ്ടിൽ 10901100741 നമ്പർ റസീറ്റ് പ്രകാരം ഒടുക്കിയിട്ടുണ്ട്. ആയതിനാൽ മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ അപേക്ഷിക്കുന്നു.

13. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**14. പൊതുമരാമത്തു പണിക്ക് അധികരിച്ചു ചെലവാക്കിയ തുക തിരികെ ഈടാക്കിയത് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നികത്തുന്നതിനുപയോഗിച്ച മണ്ണിന് ഉയർന്ന നിരക്കിൽ പ്രതിഫലം നൽകി- നഷ്ടം 21,367 രൂപ**

ജനകീയാസൂത്രണം 1998-99 പ്രകാരമുള്ള അയിക്കരപ്പാലം മുതൽ നീർച്ചാൽ പാലം വരെയുള്ള റോഡ് വീതി കൂട്ടൽ എന്ന പ്രവൃത്തിയിൽ ബ്ളൈന്റിങ് മെറ്റീരിയ ലായി ഉപയോഗിക്കുന്ന ചുവന്ന ഗ്രാവൽ മണ്ണ് 168.46 ഘന മീറ്റർ മാത്രം ആവശ്യമായി രിക്കെ 761.00 രൂപ നിരക്കിൽ 696.96 ഘന മീറ്റർ മണ്ണ് 30 ശതമാനം ടെണ്ടർ എക്സസ് അടക്കം വാങ്ങിയ ഇനത്തിൽ മൊത്തം 21,367 രൂപ അധികമായി ചെലവ് ചെയ്തിട്ടുണ്ട്. അധികമായി വാങ്ങിയ 528.50 ഘന മീറ്റർ (696.96-168.46) മണ്ണ് റോഡിന്റെ വശങ്ങളിൽ ഫില്ലിങ്ങിന് ഉപയോഗിച്ചു എന്നാണ് രേഖപ്പെടുത്തൽ. അത് ന്യായീകരിക്കത്തക്കതല്ല. കാരണം ഫില്ലിങ് ആവശ്യമെങ്കിൽ കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ട് വന്ന് നികത്തുന്നതിന് 10 ഘന മീറ്ററിന് 449 രൂപ നിരക്കിൽ പ്രതിഫലം അനുവദിക്കുകയാണ് വേണ്ടിയിരുന്നത്.

[2002-03 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII-II-5(iii)]

15. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

" ജനകീയാസൂത്രണ പദ്ധതി (1998-99) പ്രകാരമുള്ള അയിക്കര പാലം മുതൽ നീർച്ചാൽ പാലം വരെയുള്ള റോഡ് വീതി കൂട്ടുന്ന പ്രവർത്തിക്ക് ഫില്ലിങ്ങിന് ആവശ്യമായ മണ്ണ് ഉപയോഗിച്ച വകയിൽ കരാറുകാരന് നൽകിയ അധിക തുകയായ 21,367 രൂപ കരാറുകാരനിൽ നിന്നും 16-6-2008-ലെ 112053 നമ്പർ രസീറ്റ് പ്രകാരം 15,000 രൂപയും 4-7-2008 തീയതിയിൽ 112064 നമ്പർ രസീറ്റ് പ്രകാരം 6,367 രൂപയും മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. മേൽ തുക പൂർണ്ണമായും മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അഭ്യർത്ഥിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

16. **കരാറുകാരന് അധികമായി നൽകിയ തുക തിരിച്ചടച്ചതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിയമ വിരുദ്ധമായി ലൈസൻസ് ഫീ ഇളവ് ചെയ്തു. നഗരസഭ 46,050 രൂപ നഷ്ടം വരുത്തി**

നഗരസഭയുടെ കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന് സമീപത്തെ ഷോപ്പിങ് കോംപ്ലക്സിന്റെ രണ്ടാം നിലയുടെ വാടകയിലാണ് മൂന്ന് മാസത്തെ ഇളവ് അനുവദിച്ചത്.

രണ്ടാം നില (ഹാൾ) 1999 നവംബർ 19 മുതൽ 2002 നവംബർ 18 വരെ മൂന്ന് വർഷത്തേക്ക് പ്രതിമാസം 15,350 രൂപ ലൈസൻസ് ഫീയ്ക്ക് വാടകയ്ക്ക് നല്കിയിരുന്നു.

ഹാൾ മുറികളായി തിരിക്കാൻ വേണ്ട ആറ് മാസത്തെ കാലയളവിന് ഫീ ഒഴിവാക്കുവാൻ വാടകക്കാരൻ അപേക്ഷ നല്കിയിരുന്നു. 2000 ജൂൺ 16-ലെ കൗൺസിൽ അപേക്ഷ പരിഗണിച്ച് മൂന്ന് മാസത്തെ ഫീ ഇളവു ചെയ്തു. 1999 നവംബർ 19 മുതൽ മൂന്നു മാസത്തെ ഫീ 46,050 രൂപയാണ് ഒഴിവാക്കിയത്.

1998-ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസിക്കും കരാറു കാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങൾക്ക് വിരുദ്ധമാണിത്. അപ്രതീക്ഷിതവും മനുഷ്യാതീതവുമായ കാരണങ്ങളാൽ സംഭവിക്കുന്ന നഷ്ടത്തിന് ആനുപാതികമായ ഇളവിനാണ് ചട്ടപ്രകാരം അർഹത. 10,000 രൂപയിൽ അധികം ഇളവിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണം. മാത്രമല്ല അപേക്ഷ പരിഗണിക്കുമ്പോൾ അതേവരെയുള്ള ഫീ അടച്ചിരിക്കണം. വാടകക്കാരൻ ആദ്യമായി ഫീ അടച്ചത് 2000 ജൂലായ് 11-ൽ മാത്രമാണ്. ഇതിനു പുറമെ, കൗൺസിൽ തീരുമാനപ്രകാരം ലൈസൻസ് അനുവദിക്കപ്പെട്ട ഹാൾ ആവശ്യമുള്ളപക്ഷം ലൈസൻസിയുടെ ഉത്തരവാദത്തിലും ചെലവിലും മുറികളായി തിരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഹാൾ മുറികളാക്കുന്നത് ലൈസൻസിയുടെ ആവശ്യത്തിനാണ് ആയതിനാൽ ചട്ടപ്രകാരം ഇളവിന് അർഹമല്ല. സർക്കാരിന്റെ മുൻകൂർ അനുവാദവും വാങ്ങിയില്ല. അതിനാൽ നിയമവിരുദ്ധമായി അനുവദിച്ച ഇളവ്, പിഴ പലിശ ഉൾപ്പെടെ ലൈസൻസി യിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കണം.

[2003-04 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 6-11-1]

17. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009 ലെ 57447/എബി1/08 ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ആർ8/1006/92 ഫയൽ പ്രകാരം പ്രസ്തുത മുറിക്ക് ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. പി. പി. അബ്ദുൾ സലാം ഹാജി എന്നവർക്ക് 14-10-1998-ലെ 26-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 15,350 രൂപ പ്രതിമാസ വാടകയ്ക്ക് 19-11-1999 മുതൽ 18-11-2002 വരെ 3 വർഷത്തേക്ക് അനുവദിച്ചിരുന്നു. പിന്നീട് ലൈസൻസി മുറിയിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് 6 മാസത്തെ ലൈസൻസ് ഫീസ് ഇളവ് ചെയ്യണമെന്ന് അപേക്ഷിച്ച പ്രകാരം 16-6-2000-ലെ 51-ാംനമ്പർ കൗൺസിൽ തീരുമാനമനുസരിച്ച് 3 മാസത്തേക്ക് ഇളവ് അനുവദിച്ചിരുന്നതിനെ തുടർന്ന് ലൈസൻസിക്ക് 3 മാസത്തെ ലൈസൻസ് ഫീസ് ഒഴിവാക്കിയിരുന്നു. 19-2-2000 മുതൽ പ്രതിമാസം 15,350 രൂപ ലൈസൻസ് ഫീസ് ഒടുക്കുകയാണ് ചെയ്തത്. ലൈസൻസ് കാലാവധി 18-11-2002-ന് അവസാനിച്ചതിനാൽ കക്ഷിയുടെ അപേക്ഷ പരിഗണിച്ച് 26-11-2002-ലെ 72-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ലൈസൻസ് ഫീസിൽ 10% വർദ്ധനവ് വരുത്തി പ്രതിമാസം 16,885 രൂപ നിശ്ചയിക്കുകയും ആയത് കക്ഷി ഒടുക്കി വരുകയും ചെയ്തുവരുന്നു.

പിന്നീട് മേൽപ്പറഞ്ഞ ഒഴിവ് കാലത്തെ തുക 46,050 രൂപ അടയ്ക്കണമെന്ന് ലോക്കൽ ഫണ്ടിൽ നിന്ന് നിർദ്ദേശിച്ച പ്രകാരം കക്ഷിക്ക് നോട്ടീസ് കൊടുക്കുകയും ചെയ്തിരുന്നു. ആയതിനെതിരെ ലൈസൻസി ശ്രീ. പി. പി. അബ്ദുൾ സലാം ഹാജി തദ്ദേശസ്വയംഭരണ ട്രിബ്യൂണൽ 39/07 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്യുകയും

ആയതിലെ 5-2-2008-ലെ ഉത്തരവ് പ്രകാരം ലൈസൻസിയിൽനിന്ന് 2 മാസത്തിനകം നേരിട്ട് കേട്ട് നടപടി സ്വീകരിക്കുന്നതിന് കൗൺസിലിനോട് നിർദ്ദേശിച്ചിട്ടുണ്ട്. കണ്ണൂർ നഗരസഭയിലെ ചെയർമാന്റെയും വൈസ് ചെയർമാന്റെയും തിരഞ്ഞെടുപ്പു കാരണം 2 മാസത്തിനകം തീരുമാനം എടുക്കുന്നതിന് സാധിച്ചിരുന്നില്ല എന്നിരുന്നാലും നഗരസഭാ കൗൺസിലിന്റെ 2-6-2008-ലെ കൗൺസിലിന്റെ 15-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത കാലത്തെ ലൈസൻസ് ഫീ ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും ആയത് ബഹു. സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് അപേക്ഷിക്കുന്നതിനായി തീരുമാനിക്കുകയും ചെയ്തു. ആയതുപ്രകാരം സർക്കാരിലേക്ക് 46,050 രൂപ ഒഴിവാക്കുന്നതിന് കത്ത് അയച്ചിട്ടുണ്ട്."

18. ഓഡിറ്റ് പരാമർശത്തിന്മേൽ 27-5-2009-ലെ തെളിവെടുപ്പുയോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു.

നിയമവിരുദ്ധമായാണ് ലൈസൻസ് ഫീസ് ഇളവ് ചെയ്തതെന്നും തെറ്റ് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നും കണ്ണൂർ മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി. അന്നത്തെ സെക്രട്ടറി ആയിരുന്ന ശ്രീ. സി. എ. ബഷീർ അദ്ദേഹത്തിന്റെ അഭിപ്രായം ഫയലിൽ എഴുതിയതായി കാണുന്നില്ലെന്നും കൗൺസിൽ ഈ തടസ്സത്തിന് തുക ഈടാക്കാൻ പറഞ്ഞതനുസരിച്ച് നിയമവിരുദ്ധമായി ഇളവ് അനുവദിച്ച തുക തിരികെ അടയ്ക്കാൻ ലൈസൻസിക്ക് നോട്ടീസ് നൽകിയെന്നും അദ്ദേഹം തുടർന്നറിയിച്ചു. നോട്ടീസിനെതിരെ ടിയാൻ അപ്പീൽ നൽകിയെങ്കിലും അപ്പീലിന്മേൽ തീരുമാനമൊന്നും ഉണ്ടായില്ലെന്നും, പിന്നീട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിൽ അദ്ദേഹം പെറ്റീഷൻ ഫയൽ ചെയ്തതിൽ പ്രസ്തുത പെറ്റീഷൻ നഗരസഭ പരിഗണിക്കണമെന്ന് കോടതിയിൽ നിന്ന് ഉത്തരവ് ഉണ്ടാകുകയും വിഷയം വീണ്ടും കൗൺസിലിൽ വന്നപ്പോൾ 3 മാസത്തെ ഇളവ് അനുവദിക്കാൻ കൗൺസിൽ തീരുമാനിക്കുകയും ചെയ്തെന്നും അതിന് സർക്കാരിന്റെ അനുമതിക്കായി 18-6-2008-ൽ സർക്കാരിലേക്ക് കത്തയച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ക്രമവിരുദ്ധമായി ഇളവു ചെയ്ത തുക പലിശയടക്കം, പ്രസ്തുത തീരുമാനം കൈക്കൊണ്ട ബന്ധപ്പെട്ട കൗൺസിൽ യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ നിയമ തടസ്സം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് 15 ദിവസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി മുനിസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചു.

19. ഓഡിറ്റ് പരാമർശത്തിന് കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 19-7-2009-ലെ ആർ 8-1006/92 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

"കണ്ണൂർ നഗരസഭയുടെ ഉടമസ്ഥതയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിനു സമീപത്തായി സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ 1-ാമത്തെ നിലയിലെ

17-ാം നമ്പർ മുറിയുടെ വാടക ഇളവ് അനുവദിച്ചിരുന്നു. തുക ഈടാക്കുന്നതിന് ഈ ഓഫീസിൽ നിന്നും 7-7-2009-ന് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മുറിയുടെ കൈവശക്കാരനായ ശ്രീ. പി. പി. അബ്ദുൾ സലാമിൽ നിന്ന് 15-7-2009-തീയതി മുനിസിപ്പൽ ഫണ്ടിൽ ടി. ഇ. വൗച്ചർ 1/09 പ്രകാരം 46,050 രൂപ വരവു വച്ചിട്ടുണ്ട്. കണ്ണൂർ നഗരസഭയിൽ നിന്നും ശ്രീ. അബ്ദുൾ സലാമിന് തിരികെ നൽകാനുണ്ടായിരുന്ന 85,729 രൂപയായ ഡെപ്പോസിറ്റ് ഇനത്തിലുള്ള തുകയിൽ നിന്നാണ് ടി തുക ഈടാക്കിയിട്ടുള്ളത് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. നിയമവിരുദ്ധമായി ഇളവ് അനുവദിച്ച കൗൺസിൽ യോഗത്തിൽ പങ്കെടുത്ത കൗൺസിലർമാരിൽ നിന്നും സെക്രട്ടറിയിൽനിന്നും തുല്യമായി ഈടാക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നെങ്കിലും പ്രസ്തുത കാലയളവിലെ മിനിറ്റ്സ് ബുക്കും, ഹാജർ ബുക്കും ലഭ്യമാകാതിരുന്നതിനാലും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് ശ്രീ. സി. എച്ച്. ജയരാജൻ, യു.ഡി.സി. സസ്പെൻഷനിലായതിനാലും അടിയന്തിരമായി നടപടികൾ പൂർത്തീകരിക്കേണ്ടി വന്നതിനാലാണ് കൈവശക്കാരനിൽ നിന്ന് തുക ഈടാക്കിയിട്ടുള്ളത് എന്ന കാര്യം ബോധിപ്പിച്ചുകൊള്ളുന്നു. ഡെപ്പോസിറ്റ് ഇനത്തിൽ ബാക്കി വരുന്ന തുക 39,679 രൂപ പലിശ ഇനത്തിൽ ഈടാക്കി വരവ് വയ്ക്കുന്നതാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. ശേഷിക്കുന്ന തുകയ്ക്ക് ടിയാന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്.

**നിഗമനങ്ങൾ/ശുപാർശകൾ**

20. **നിയമവിരുദ്ധമായി ഇളവു ചെയ്ത ലൈസൻസ് ഫീ കൈവശക്കാരനിൽ നിന്നും ഈടാക്കിയതിന്റെ നിജസ്ഥിതി, അടവാക്കാൻ ശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഷാസു വായ്പ: നഗരസഭാ ഫണ്ട് വകമാറ്റി**

ഷാസു വായ്പ തിരിച്ചടയ്ക്കാൻ നഗരസഭാ ഫണ്ട് വക മാറ്റി 1999-2000-ൽ 9,39,645 രൂപയാണ് കണ്ണൂർ നഗരസഭ ഇതിനായി വകമാറ്റിയത്.

ഷാസു ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്താണ് വായ്പ തിരിച്ചടയ്ക്കേണ്ടത്. ഗുണഭോക്താക്കളിൽ നിന്നും തുക പിരിക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയതിനാലാണ് നഗരസഭാ ഫണ്ട് വകമാറ്റേണ്ടി വന്നത്. ഹഡ്കോ മുഖേന നടപ്പാക്കുന്ന ഷാസു പദ്ധതിയുടെ നിർവ്വഹണ ഏജൻസി മാത്രമാണ് നഗരസഭ.

ഷാസു വായ്പയെടുത്ത ഗുണഭോക്താക്കളിൽ നിന്നും കൃത്യമായി തിരിച്ചടവ് ഗഡുക്കൾ ഈടാക്കാതെ മുൻ വർഷങ്ങളിലും നഗരസഭ ഇത്തരത്തിൽ നഗരസഭാ ഫണ്ട് വകമാറ്റിയിട്ടുണ്ട്.

നഗരസഭാ ഫണ്ടിൽ നിന്നും വകമാറ്റിയ തുക ഷാസു വായ്പ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത് ക്രമപ്പെടുത്തുന്നതിലും നഗരസഭ വീഴ്ച വരുത്തിയതായി

കാണുന്നു. 1999-2000-ൽ അടച്ച 9,39,645 രൂപയിൽ 2,37,824 രൂപ മാത്രമാണ് നഗരസഭാ ഫണ്ടിൽ തിരിച്ചടച്ചത്. നഗരസഭാ ഫണ്ട് ഇത്തരത്തിൽ വകമാറ്റുന്നത് സാമ്പത്തിക കുഴപ്പങ്ങൾക്ക് ഇടയാക്കുന്നതിനാൽ ഭരണ വകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു.

[2003-04 വർഷത്തെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക: 6-11-3]

&

ഓഡിറ്റ് ഖണ്ഡിക

**ഷാസു വായ്പ : ഫണ്ട് വകമാറ്റം തുടരുന്നു**

ഷാസു വായ്പ തിരിച്ചടയ്ക്കാൻ നഗരസഭ ഫണ്ട് വകമാറ്റുന്നത് തുടരുന്നു. 1999-2000 ത്തിലേതു പോലെ 2000-2001-ൽ 5,27,436 രൂപയാണ് നഗരസഭ വായ്പ തിരിച്ചടയ്ക്കാൻ വകമാറ്റിയത്. ഷാസു പദ്ധതിയുടെ നിർവ്വഹണ ഏജൻസി മാത്രമാണ് നഗരസഭ. ഗുണഭോക്താക്കളിൽ നിന്നും വായ്പ തിരിച്ച് പിടിച്ച് കെ.യു.ഡി.എഫ്.സി. യിൽ അടയ്ക്കുക എന്നത് മാത്രമാണ് നഗരസഭയുടെ ബാദ്ധ്യത. ഇതിലധികമായി വായ്പ തിരിച്ചടയ്ക്കാൻ നഗരസഭാ ഫണ്ട് വകമാറ്റിയത് സാമ്പത്തിക അച്ചടക്കം തകർക്കുന്നതാണ്. വകമാറ്റിയ തുക അടിയന്തിരമായി ക്രമപ്പെടുത്തേണ്ടതാണ്. ഫണ്ട് വകമാറ്റം തുടരുന്നത് തടയാൻ സർക്കാർ ശ്രദ്ധ ക്ഷണിക്കുന്നു.

[2004-05 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 4.II-14-2]

21. ഓഡിറ്റ് ഖണ്ഡികയ്ക്ക് ത.സ്വ.ഭവ. സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"പ്രസ്തുത കാലം ഷാസു ഗുണഭോക്താക്കളിൽ നിന്ന് കൃത്യമായി തുക തിരിച്ചടവ് ലഭിക്കാത്തതിനാൽ കൗൺസിലിന്റെ അനുവാദ പ്രകാരം നഗരസഭാ ഫണ്ടിൽ നിന്നാണ് അടച്ചിരുന്നത്. നഗരസഭ ഗുണഭോക്താക്കളിൽ നിന്ന് പിടിച്ച് പോസ്റ്റൽ ഡിപ്പാർട്ട്മെന്റിലെ ഇന്ദിരാ വികാസ് പത്രയിൽ നിക്ഷേപിച്ച തുക മുഴുവനായി നഗര സഭാ ഫണ്ടിലേക്ക് വക മാറ്റിയിട്ടുണ്ട്. ആയതിനാൽ നഗരസഭയ്ക്ക് പ്രസ്തുത ഇനത്തിൽ യാതൊരു നഷ്ടവും വന്നിട്ടില്ല. ആയതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കി തരാൻ അപേക്ഷിക്കുന്നു. ഷാസു ലോണുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന നിയമസഭാ സമിതിക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം ടി ഫയലുകൾ 17-1-2009-ലെ ജി 7-7474/04 എന്ന ആമുഖ കത്ത് സഹിതം 21-1-2009-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഓഫീസ് തിരുവനന്തപുരത്ത് ഹാജരാക്കിയിട്ടുണ്ട്. ഈ പൊതു വിഷയ ത്തിൽ കാലാകാലങ്ങളിൽ സർക്കാരും വകുപ്പും കർശന നിർദ്ദേശങ്ങൾ നഗരസഭയ്ക്ക് നൽകുന്നുണ്ട്."

22. ഷാസു വായ്പാ ഫണ്ട് വകമാറ്റിയത് സംബന്ധിച്ച് ഫയൽ പരിശോധി ച്ചതിൽ ഷാസു വായ്പയിൽ നിന്നുള്ള തിരിച്ചടവ് വഴി ലഭിക്കേണ്ടിയിരുന്ന തുക ലഭിച്ചില്ലെന്നും എന്നാൽ ഇന്ദിരാ വികാസ്പത്രയിൽ നിന്ന് നഗരസഭ നഷ്ടം ഈടാക്കി യിട്ടുണ്ടെന്നും, വായ്പയെടുക്കുന്നവർക്ക് കൊടുക്കുന്ന സബ്സിഡി തുക കൊണ്ടാണ്

ഇന്ദിരാ വികാസ് പത്ര വാങ്ങുന്നതെന്നും എസ്.പി.എ.ഒ. സമിതിയിൽ വിശദീകരിച്ചു. വായ്പ തിരിച്ചടച്ചു കഴിഞ്ഞാൽ മാത്രമേ ഇന്ദിരാ വികാസ് പത്ര തിരിച്ചു കൊടുക്കുക യുള്ളൂവെന്നും ഇല്ലെങ്കിൽ ഇന്ദിരാ വികാസ് പത്ര ക്യാഷ് ചെയ്ത് പ്രിൻസിപ്പൽ എമൗണ്ടിലേക്ക് മുതൽ കൂട്ടുമെന്നും മുനിസിപ്പാലിറ്റിക്ക് ഈ വിഷയത്തിൽ യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ലയെന്നും എസ്.പി.എ.ഒ., എൽ.എസ്.ജി.ഡി സമിതിയെ തുടർന്ന റിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

23. **ഷാസു ഫണ്ട് വകമാറ്റി ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിക്ക് നഷ്ടം സംഭവിച്ചിട്ടില്ലെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ വിശദീകരണം ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാടക പിരിക്കുന്നില്ല: തനത് വരുമാനം ചോരുന്നു**

നഗരസഭാ കെട്ടിടങ്ങളുടെ വാടക കൃത്യമായി പിരിച്ചെടുക്കുന്നില്ല. കുടിശ്ശിക വാടകയ്ക്ക് നിയമ പ്രകാരം പിഴ പലിശയും ചുമത്തുന്നില്ല. ലക്ഷങ്ങളാണ് ഇതിനാൽ തനത് വരുമാനത്തിൽ ചോരുന്നത്.

വാടക അതാതുമാസം 15 നകം അടയ്ക്കണമെന്നും വീഴ്ച വരുത്തുന്നവർക്ക് 18 ശതമാനം പിഴപ്പലിശ ചുമത്തണമെന്നും കൗൺസിൽ തീരുമാനിച്ചിരുന്നു. തീരുമാനം അംഗീകരിച്ച് വാടകക്കാരും കരാർ ചമയ്ക്കാറുണ്ട്. ഇതിനുശേഷവും കൗൺസിൽ തീരുമാനം നടപ്പാക്കിയില്ലെന്ന് കണക്കുകൾ തെളിയിക്കുന്നു. 1999-2000-ൽ 75,063 രൂപയും 2000-2001-ൽ 1,00,176 രൂപയും പിഴപ്പലിശ ഈടാക്കാനുണ്ട്.

തനത് വരുമാനം സംരക്ഷിക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലും തികഞ്ഞ അലംഭാവം പ്രകടമാണ്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് സമീപത്തെ കെട്ടിടത്തിലെ ഒന്നാം നിലയിലെ മുറികളുടെ വാടക വർദ്ധിപ്പിച്ച കൗൺസിൽ തീരുമാനം നടപ്പാക്കിയിട്ടില്ല. തീരുമാനം നടപ്പാക്കാത്തതിനാൽ 2000 സെപ്തംബർ വരെ യുള്ള കണക്കുകൾ പ്രകാരം 43,260 രൂപ നഗരസഭയ്ക്ക് നഷ്ടമായതായി കാണുന്നു. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക വർദ്ധിപ്പിച്ചപ്പോൾ 13 എ നമ്പർ മുറി ഒഴിവാക്കിയതായി കാണുന്നു. മറ്റ് മുറികൾക്ക് 33 ശതമാനം വർദ്ധന വരുത്തിയിട്ടും ഈ മുറിക്ക് 10 വർഷം മുമ്പുള്ള വാടകയാണ് ഈടാക്കുന്നത്. മുറിക്ക് പ്രത്യേക പരിഗണന നൽകിയത് അന്വേഷിച്ച് നഷ്ടം ഈടാക്കണം.

തനത് വരുമാനത്തിലുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. വരുമാന ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

[2004-05 വർഷത്തെ സമാ.റി. ഖണ്ഡിക 4-II-14-1]

24. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

" 1. വാടക പിരിക്കുന്നില്ല-തനത് വരുമാനം ചോരുന്നു: ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ കെട്ടിടങ്ങളുടെ ലൈസൻസ് ഫീസ് കൃത്യമായി വാങ്ങിച്ച് വരുന്നുണ്ട്. ചില ലൈസൻസികൾ നടപ്പുവർഷം വാടക ഒടുക്കാത്തപക്ഷം അടുത്ത വർഷം കുടിശ്ശികയായി കണക്കാക്കി പിഴപലിശ സഹിതം ഈടാക്കി വരുന്നുണ്ട്. ലൈസൻസ് ഫീസ് 15-ാം തീയതിക്കകം ഒടുക്കാത്തപക്ഷം 18% പലിശ സഹിതം ഈടാക്കി വരുന്നുണ്ട്. ചില ലൈസൻസികൾ ചെക്ക് മുഖാന്തിരമാണ് തുക ഒടുക്കുന്നത്. നിലവിലുള്ള കോടതി ഉത്തരവ് പ്രകാരം ചെക്ക് ലഭിക്കുന്നത് പണമായി സ്വീകരിക്കുന്നതിന് സമമാണ്. എന്നിരുന്നാലും ചെക്ക് തപാലിൽ കൊടുത്താൽ ആയത് സെക്ഷനിൽ ലഭിക്കാൻ കാലതാമസം നേരിടുന്നതിനാലും ബാങ്കിൽ അടച്ചാൽ നഗരസഭാ അക്കൗണ്ടിൽ വരവ് വരുന്നതിലുള്ള കാലതാമസവും മൂലമാണ് പ്രസ്തുത ലൈസൻസ് ഫീസിന് പിഴപലിശ ഇനത്തിൽ തുക ചുമത്തുവാൻ കഴിയാതെ വരുന്നത്. നിലവിൽ ലൈസൻസികളുടെ കുടിശ്ശിക ഒടുക്കുന്നതിനും ഒടുക്കാത്ത ലൈസൻസികളുടെ ഡിപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കിതരണമെന്ന് അപേക്ഷിക്കുന്നു.

2. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റിന് സമീപമുള്ള കെട്ടിടത്തിലെ മുറിയുടെ വാടക വർദ്ധിപ്പിച്ചത് സംബന്ധിച്ച്: പ്രസ്തുത കെട്ടിടം ഗവൺമെന്റ് അധീനതയിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്ന ബാങ്കാണ്. പ്രസ്തുത കാലം ലൈസൻസ് ഫീ പുതുക്കുന്നതിന് താമസം നേരിടുകയും പിന്നീട് ലൈസൻസ് പഴയകാലം മുതൽ പുതുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ബാങ്ക് അധികൃതർ നഗരസഭ നിശ്ചയിച്ച ലൈസൻസ് ഫീസിൽ നിന്ന് ഇൻകംടാക്സ് കുറവ് ചെയ്ത് മാത്രമാണ് അയച്ച് തരുന്നത്. ആയത് കൊണ്ടാണ് ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളത്. നഗരസഭ ഫണ്ടിൽ നിന്ന് ഇൻകം ടാക്സ് പിരിച്ചെടുക്കുന്നതിന് നിയമ വ്യവസ്ഥയില്ലാത്തതിനാൽ പിടിച്ചെടുത്ത തുക തിരിച്ച് ലഭിക്കുന്നതിന് ഇൻകം ടാക്സി നത്തിൽ അടച്ച തുകയുടെ സ്റ്റേറ്റ്മെന്റ് അയച്ച് തരുന്നതിന് ബാങ്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇൻകം ടാക്സ് ഓഫീസിൽ നിന്ന് പ്രസ്തുത തുകകൾ തിരിച്ച് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത തുക നഗരസഭയ്ക്ക് നഷ്ടപ്പെടാത്തതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുവാൻ അപേക്ഷിക്കുന്നു.

3. ബസ്സ് സ്റ്റാന്റ് റൂം നമ്പർ 13 എ: ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 13-എ നമ്പർ മുറി 3 നില കെട്ടിടത്തിന്റെ താഴെനിലയിലുള്ളതും മുൻകാലം പബ്ലിക് കംഫർട്ട് സ്റ്റേഷനായി ഉപയോഗിച്ച് വന്നിരുന്നതുമാണ്. പുതുതായി വേറെ സ്ഥലത്ത് കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ചപ്പോൾ പ്രസ്തുത മുറി ടെണ്ടർ വ്യവസ്ഥയിൽ ലൈസൻസിക്ക് അനുവദിച്ചിരുന്നതാണ്. പ്രസ്തുത മുറിയുടെ (പഴയ കംഫർട്ട് സ്റ്റേഷൻ) ഒന്നാം നിലയിലും ഒന്നാം നിലയിലെ മുറികൾക്കാവശ്യമായ ബാത്ത്റൂം ആണ് ഉണ്ടായിരുന്നത്. ടി കാലം ഒന്നാം നില മൊത്തമായി ടെലികോം ഡിപ്പാർട്ട്മെന്റിന് വാടകയ്ക്ക് കൊടുത്തിരുന്നതും 2000-ൽ അധികം ജീവനക്കാർ

പ്രസ്തുത 1-ാം നിലയിലെ ബാത്ത്റൂം ഉപയോഗിച്ച് വന്നിരുന്നതുമാണ്. 1-ാം നിലയിൽ ബാത്ത്റൂം ഉപയോഗിക്കുമ്പോൾ താഴത്തെ നിലയിലുള്ള 13-എ നമ്പർ മുറിയിലേക്ക് ചോർച്ച വന്നതിനാലാണ് നഗരസഭ കൗൺസിൽ ലൈസൻസി ഫീസിൽ വർദ്ധനവ് വരുത്താതെ ടി മുറി വീണ്ടും ലൈസൻസ് പുതുക്കി അനുവദിച്ചിട്ടുള്ളത്. 24-12-1998-ലെ 13160/98 നമ്പർ ഫയലിൽ തയ്യാറാക്കിയ മുറിയുടെ ലേല ടെണ്ടർ വ്യവസ്ഥയുടെ 3-ാം ഖണ്ഡികയിൽ നഗരസഭാ കൗൺസിലിനാണ് ലൈസൻസ് ഫീസ് പുതുക്കുന്നതിനോടൊപ്പം വർദ്ധനവു വരുത്തുന്നതിനുള്ള അധികാരം എന്ന് കാണിച്ചിട്ടുണ്ട്. ആയതിനാൽ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കാതെ ലൈസൻസ് കാലാവധി പുതുക്കിയ നടപടി കൗൺസിലിൽ നിക്ഷിപ്തമായതിനാൽ ജീവനക്കാരിൽ നിന്ന് തുക ഈടാക്കാനുള്ള നടപടി ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു."

25. കെട്ടിടത്തിലെ 13-ാം നമ്പർ മുറി ഒഴിവാക്കിയതു സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും ഈ മുറിയുടെ തൊട്ടു മുകളിലുണ്ടായിരുന്ന കംഫർട്ട് സ്റ്റേഷനിൽ ലീക്കേജുണ്ടാവുകയും വെള്ളം താഴേക്ക് ഒലിച്ചു വരികയും ചെയ്തിരുന്നെന്നും 13-ാം നമ്പർ മുറിയുടെ ലൈസൻസ് പുതുക്കുന്ന ഘട്ടം വന്നപ്പോൾ വാടക വർദ്ധിപ്പിക്കുകയാണെങ്കിൽ വാടകക്കാരൻ ഒഴിഞ്ഞുപോകുമെന്ന സ്ഥിതി ഉണ്ടായപ്പോൾ നഗരസഭ ടിയാനെ തുടരാൻ അനുവദിക്കുകയാണുണ്ടായതെന്നും കണ്ണൂർ മുനിസിപ്പൽ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

വാടക കുടിശ്ശികയിന്മേൽ പിഴപ്പലിശ ഈടാക്കാറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് പിഴപ്പലിശ ഈടാക്കുന്നുണ്ടെന്നും 1999-2000-ൽ 75,063 രൂപയും 2000-01 ലെയും കൂടി ചേർത്ത് 1,00,176 രൂപ ഈടാക്കാനുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിൽ വാടകക്കാർ വാടക പുതുക്കാൻ വരുമ്പോൾ പിഴപ്പലിശ ഉൾപ്പെടെ ഈടാക്കിയിട്ടാണ് പുതുക്കി കൊടുക്കുന്നത് എന്നും സെക്രട്ടറി അറിയിച്ചു.

ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള പിഴപ്പലിശ ഈടാക്കിയോ എന്ന സമിതിയുടെ ചോദ്യത്തിന്, മുഴുവനായി ഈടാക്കിയിട്ടില്ലെന്നും, ഏത് മുറി, ഏത് കെട്ടിടം എന്ന് ഓഡിറ്റ് പരാമർശത്തിൽ വ്യക്തമല്ലായിരുന്നതുകൊണ്ട് പൊതുവായ വിലയിരുത്തലായാണ് അവയെ കണ്ടതെന്നും മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി. ഇപ്പോൾ 13-ാം നമ്പർ മുറിയുടെ ചോർച്ച മാറ്റി വാടക പുതുക്കി നൽകിയിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

പൊതുവായ പരാമർശമെന്ന മുനിസിപ്പൽ സെക്രട്ടറിയുടെ മറുപടി ശരിയല്ലെന്നും ഓരോ വിഷയവും വർഷവും മാസവും എല്ലാം കൃത്യമായി കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ഓഡിറ്റ് റിപ്പോർട്ടിനൊപ്പം ഉണ്ടെന്നും സമിതി വ്യക്തമാക്കി.

മുറികൾ വാടകയ്ക്ക് എടുത്തവരിൽ നിന്ന് ഒരാളെ ഒഴിവാക്കി ബാക്കിയുള്ളവർക്ക് 33% വാടക വർദ്ധിപ്പിക്കാൻ കാരണമെന്തെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത മുറിയുടെ മുകളിലത്തെനില ടെലികോം വകുപ്പിന് വാടകയ്ക്ക് നൽകിയിരുന്നെന്നും ഇവിടെ ഉണ്ടായിരുന്ന ലാട്രിനിൽ നിന്നും വെള്ളം ചോർന്ന് താഴത്തെ മുറി ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയിലാണെന്നും ഈ സാഹചര്യത്തിൽ വാടക വർദ്ധിപ്പിക്കരുതെന്ന ലൈസൻസിയുടെ ആവശ്യപ്രകാരം വാടക മാറ്റമില്ലാതെ തുടരാൻ കൗൺസിൽ തീരുമാനിച്ചെന്നും കണ്ണൂർ മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ലാട്രിനിലെ മലിനജലം താഴത്തെ മുറിയിലേക്ക് വരാതിരിക്കാൻ എന്തെങ്കിലും സംവിധാനം ചെയ്തോ എന്ന സമിതിയുടെ ചോദ്യത്തിന് ചോർച്ച മാറ്റിയെടുത്തെന്നും എന്നാൽ അതിനുശേഷവും വാടക കൂട്ടിയില്ലെന്നും കണ്ണൂർ മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

വാടക കൂട്ടുന്നത് സംബന്ധിച്ച നിബന്ധന എന്താണെന്ന് സമിതി ആരാഞ്ഞതിന് മൂന്ന് വർഷത്തിലൊരിക്കൽ വാടക കൂട്ടണമെന്നതാണ് വ്യവസ്ഥയെന്നും ഓഡിറ്റ് ഒബ്ജക്ഷന് മറുപടി നൽകിയപ്പോൾ മുറിയുടെ ചോർച്ച മാറ്റിയ കാര്യം രേഖപ്പെടുത്തി യില്ലായിരുന്നെന്നും എല്ലാ മുറികൾക്കും വാടക കൂട്ടിയിട്ടും 13-ാംനമ്പർ മുറിക്ക് മാത്രം വാടക കൂട്ടാത്തതിന്റെ കാരണം കൗൺസിൽ വ്യക്തമാക്കിയിട്ടില്ലെന്നും കണ്ണൂർ മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

വാടക കുടശ്ശിക പിഴപ്പലിശ സഹിതം ഓരോരുത്തരിൽ നിന്നും 15 ദിവസത്തി നകം ഈടാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തി സമിതിക്ക് റിപ്പോർട്ട് നൽകുവാനും ഷോപ്പിംഗ് കോംപ്ലക്സിലെ മേൽ പരാമർശിക്കപ്പെട്ട ടോയ്ലറ്റ് റിപ്പയർ ചെയ്ത തീയതി മുതൽ 13 എ നമ്പർ മുറിയുടെ വാടക വർദ്ധിപ്പിച്ച നിരക്കിൽ കണക്കാക്കി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാനും 13 എ നമ്പർ മുറിയുടെ വാടക പുതുക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശ വിഷയം എസ്.പി.എ.ഒ. നേരിട്ട് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് സമീപത്തെ കെട്ടിടത്തിലെ റൂമിന്റെ വാടക വർദ്ധിപ്പിക്കണമെന്ന് തീരുമാനിച്ചിട്ട് വർദ്ധിപ്പിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് ഓഡിറ്റ് പീരിയഡിൽ വാടക വർദ്ധിപ്പിക്കാൻ തീരുമാനിച്ചെങ്കിലും വാടക കുടിശ്ശികയും വർദ്ധിപ്പിച്ച വാടകയും കുറേക്കാലമായി അടച്ചിരുന്നില്ലെന്നും എന്നാൽ കഴിഞ്ഞ വർഷം പുതുക്കിയ നിരക്കിലെ വാടക ഒടുക്കിയിട്ടുണ്ടെന്നും ഈ വർഷം എഗ്രിമെന്റ് വയ്ക്കണമെങ്കിൽ ബാക്കി നിൽക്കുന്ന വാടക കുടിശ്ശിക കൂടി ഒടുക്കിയാൽ മാത്രമേ കരാർ പുതുക്കുകയുള്ളൂവെന്ന് വാടകക്കാരെ അറിയിച്ചിട്ടുണ്ടെന്നും ഇപ്പോൾ വർദ്ധിപ്പിച്ച വാടക ഈടാക്കുന്നുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

ആദായ നികുതിയുമായി ബന്ധപ്പെട്ട പ്രശ്നം എന്താണെന്ന് സമിതി ആരാഞ്ഞ തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ആദായനികുതി ഇനത്തിൽ അടയ്ക്കേണ്ട തുക അടച്ചിട്ട് ബാക്കി തുകയാണ് വാടകയായി മൂന്ന് മാസം നൽകിക്കൊണ്ടിരിക്കുന്നതെന്നും അന്നത്തെ നിയമപ്രകാരം 1,20,000 രൂപയിലധികം വാടകയായി നൽകുന്ന സ്ഥാപനം അതിന്റെ 10% ആദായനികുതി ഇനത്തിൽ കുറച്ചിട്ട് ബാക്കി നൽകിയാൽ മതിയെന്നായി രുന്നെന്നും ഒരു നിശ്ചിത കാലയളവു വരെ മാത്രമേ പ്രസ്തുത നിയമം നിലനിന്നിരു ന്നുള്ളൂവെങ്കിലും തുക തിരികെ നൽകാമെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ടന്നും എന്നാൽ തുക ഇതുവരെ തിരികെ ലഭിച്ചിട്ടില്ലെന്നും മൂന്ന് മാസത്തെ ആദായ നികുതി തുക യാണ് നൽകാനുള്ളതെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ആദായ നികുതിയുടെ പരിധിക്കുള്ളിൽ ആരെല്ലാമാണ് വരുന്നതെന്ന് സമിതി ആരാഞ്ഞതിന്, ആദായ നികുതിയുടെ പരിധിയിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ള വിവരം പിന്നീടാണ് ആദായ നികുതി വകുപ്പ്

തങ്ങളെ അറിയിക്കുന്നതെന്നും ടി വകുപ്പ് പിടിച്ച മൂന്നുമാസത്തെ തുക (ഏകദേശം 8,600 രൂപ) തിരിച്ചു നൽകാൻ കത്തിടപാട് നടത്തിയിട്ടുണ്ടെന്നും അത് ഒരു മാസത്തിനകം ലഭിക്കുമെന്നും മുനിസിപ്പാലിറ്റി ടി തുക അടയ്ക്കേണ്ടതില്ലെന്നും കണ്ണൂർ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

26. കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 19-7-2009-ലെ ആർ.8-1006/92 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

"1. നഗരസഭയുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വാടകയിനത്തിൽ കുടിശ്ശിക ഉള്ളതായും പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണെന്നും ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക വരുത്തിയ മുഴുവൻ ലൈസൻസികൾക്കും 6-6-2009 തീയതി ഈ ഓഫീസിൽ നിന്നും നോട്ടീസ് നൽകിയിട്ടുള്ളതാണ്. കുടിശ്ശിക വരുത്തിയ 80 ലൈസൻസികളിൽ 31 പേർ ഇതിനകം തുക ഒടുക്കിയിട്ടുള്ളതുമാണ്. ബാക്കിയുള്ള ലൈസൻസികൾക്കെതിരെ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലൈസൻസികളിൽ പലരും കടമുറി കൈമാറ്റംവഴി ഏറ്റെടുത്തിട്ടുള്ളവരാണ്. ഒരുപാട് വർഷങ്ങൾ മുമ്പുള്ള കുടിശ്ശിക ആയതിനാൽ ആയത് ഈടാക്കുന്നതിന് സാവകാശം അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു. ആയതിനാൽ 30 ദിവസത്തെ സമയം കൂടി അനുവദിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

2. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥിതി ചെയ്യുന്ന 13/എ നമ്പർ മുറിയുടെ ചോർച്ച മാറ്റുന്നതിന് അടങ്കൽ തയ്യാറാക്കിയിട്ടുള്ളതും പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. കണ്ണൂർ നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 9-7-2009 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത കടമുറിയുടെ വാടക മുൻകാല പ്രാബല്യത്തോടെ വർദ്ധനവ് വരുത്തി ഈടാക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതും 16-7-2009 തീയതിയിലെ കൗൺസിൽ യോഗത്തിൽ പ്രസ്തുത ശുപാർശ അംഗീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഈ ഓഫീസിൽ നിന്നും 13/എ നമ്പർ മുറിയുടെ ലൈസൻസിക്ക് തുക ഒടുക്കുന്നത് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയിട്ടുള്ളതും തുടർ നടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു."

പ്രസ്തുത കെട്ടിടത്തിൽ State Bank of Travancore പ്രവർത്തിക്കുന്ന 16-ാം നമ്പർ മുറിയുടെ വാടകയിൽ നിന്നും ഇൻകം ടാക്സ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന 8,570 രൂപ ഈ ഓഫീസിൽ നിന്നും 3-6-2009 തീയതി നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 13-6-2009 തീയതി 740755 നമ്പർ ചെക്ക് പ്രകാരം തുക മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. "

27. സമിതി നിർദ്ദേശപ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നടത്തിയ അന്വേഷണ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 20-8-2009-ലെ 29254/എബി1/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു:

കണ്ണൂർ മുനിസിപ്പൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 13എ മുറി വാടകയ്ക്ക് നൽകുന്നതിനായി മുനിസിപ്പാലിറ്റി ടെണ്ടർ ക്ഷണിച്ചിരുന്നു. 10,500 രൂപ

മാസവാടക നിരക്കിൽ ശ്രീമതി. പി. കാർത്ത്യായനി സമർപ്പിച്ച ടെണ്ടർ 18-11-1993-ലെ 25-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. തുടർന്ന് ശ്രീമതി പി. കാർത്ത്യായനി എന്നയാളിന് കണ്ണൂർ നഗരസഭയുടെ 21-2-1994-ലെ ആർ.8 18578/91-ാം നമ്പർ ഉത്തരവു പ്രകാരം ഏറ്റെടുത്ത തീയതി മുതൽ മൂന്ന് വർഷ കാലത്തേക്ക് ലോട്ടറി വ്യാപാരം നടത്തുന്നതിന് പ്രതിമാസം 10,500 രൂപ നിരക്കിൽ ടി മുറി വാടകയ്ക്ക് നൽകിയിരുന്നു. 20-1-1997 വരെ ഓരോ വർഷവും ടി വ്യക്തി നഗരസഭയുമായുള്ള വാടകക്കരാർ പുതുക്കിയിട്ടുണ്ട്. 16-12-1996-ൽ വാടകക്കാരി സമർപ്പിച്ച അപേക്ഷയിൽ കാലവർഷക്കാലത്ത് കടമുറിയിൽ ചോർച്ചയുണ്ടെന്നും ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ ഏറ്റവും കൂടുതൽ ലൈസൻസ് ഫീസ് ഉള്ളത് ഈ മുറിക്കാണ് എന്നും അതിനാൽ വാടക കൂട്ടാതെ മൂന്ന് വർഷത്തേക്ക് കൂടി കരാർ പുതുക്കി അനുവദിക്കണമെന്നും അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ 20-1-1997-ലെ 52-ാം നമ്പർ തീരുമാനപ്രകാരം മൂന്ന് വർഷത്തേക്ക് കൂടി കരാർ പുതുക്കി നൽകുകയുണ്ടായി. കാലാവധി അവസാനിച്ച മുറയ്ക്ക് കെട്ടിടത്തിന് ചോർച്ച യുള്ള കാര്യം കൊണ്ട് വാടക വർദ്ധിപ്പിക്കരുത് എന്നും മൂന്ന് വർഷത്തേക്കുകൂടി കരാർ പുതുക്കുന്നതിന് വാടകക്കാരി അപേക്ഷ നൽകുകയും അതിൻപ്രകാരം 31-1-2000-ലെ 5-ാംനമ്പർ കൗൺസിൽ തീരുമാനപ്രകാരം 20-1-2000 മുതൽ മൂന്ന് വർഷത്തേക്ക് ഇതേ വാടകയ്ക്ക് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. കാലാവധി തീർന്ന മുറയ്ക്ക് ചോർച്ചയുള്ളതിനാൽ വാടക വർദ്ധനവ് ഇല്ലാതെ കരാർ പുതുക്കി നൽകണമെന്ന വാടകക്കാരിയുടെ അപേക്ഷ പരിഗണിച്ച് 21-10-2003-ലെ 15-ാം നമ്പർ തീരുമാനപ്രകാരം പുതുക്കി നൽകി. 19-1-2006-ന് കാലാവധി അവസാനിച്ചുവെങ്കിലും കരാർ പുതുക്കുന്നതിന് ഉള്ള നടപടി നഗരസഭ കൈക്കൊണ്ടിട്ടില്ല. 19-1-2006-ന് കാലാവധി അവസാനിച്ചിരുന്നു എന്നും കാലാവധി പുതുക്കുന്നതിനുള്ള വീഴ്ച മാപ്പാക്കി ലൈസൻസ് പുതുക്കണമെന്നും ആവശ്യപ്പെട്ട് 20-4-2009-ന് ശ്രീമതി കാർത്ത്യായനി നഗരസഭയെ സമീപിച്ചിട്ടുണ്ട്. അതിന് തീരുമാനമൊന്നും എടുത്തിട്ടില്ല.

വാടക വർദ്ധന നടത്താത്തതിനെക്കുറിച്ചുള്ള ആഡിറ്റ് പരാമർശത്തിന് നഗരസഭാ സമിതി മുമ്പാകെ നൽകിയ മറുപടിയിൽ ടി കടമുറിയുടെ മുകൾവശം ബി.എസ്.എൻ.എൽ. ആഫീസിന്റെ ടോയിലറ്റ് ആയിരുന്നുവെന്നും ടോയിലറ്റിൽ നിന്നും ചോർച്ചയുണ്ടായത് കാരണമാണ് വാടക വർദ്ധനവ് വരുത്താത്തത് എന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പ്രസ്തുത ഓഫീസിന്റെ 2000-ൽ അധികം വരുന്ന ജീവനക്കാർ ഉപയോഗിക്കുന്ന ടോയിലറ്റ് ആയിരുന്നു എന്നും നഗരസഭാ സെക്രട്ടറി പ്രസ്താവിക്കുകയുണ്ടായി. 2000-ത്തോളം ജീവനക്കാർ ഒരു ടോയ്‍ലറ്റ് ഉപയോഗിച്ചിരുന്നു എന്ന പ്രസ്താവന വിശ്വാസയോഗ്യമല്ല. വാടകക്കാരി നൽകിയ അപേക്ഷകളിൽ മഴക്കാലത്ത് ചോർച്ചയു ണ്ടാകുന്നു എന്നാണ് പരാതിപ്പെട്ടിട്ടുള്ളത് ടോയിലറ്റിൽ നിന്നുള്ള ചോർച്ചയാണെങ്കിൽ അത് മഴക്കാലത്ത് മാത്രമായിരിക്കില്ല. മൂന്ന് മൂന്ന് വർഷം കൂടുമ്പോൾ വാടക പുതുക്കേണ്ട കാലത്ത് മാത്രമാണ് ഇത്തരം ഒരു പരാതി സമർപ്പിച്ചുകാണുന്നത്. കഴിഞ്ഞ പതിനഞ്ച് വർഷമായി വാടകക്കാരിയുടെ പരാതി പരിഹരിക്കുന്നതിന് നഗരസഭ നടപടി എടുക്കാത്തതിന്റെ കാരണം ദുരൂഹമാണ്.

സ്ഥല പരിശോധനയിൽ കേരളത്തിലെ പ്രശസ്തമായ ഒരു ഭാഗ്യക്കുറി മൊത്ത കച്ചവടക്കാരന്റെ മൊത്തകച്ചവടവും ചില്ലറകച്ചവടവും നടത്തുന്ന വളരെ വിശാലമായ ഒരു മുറിയാണ്. പരാമർശ വിധേയമായ കടമുറി. വാടകയ്ക്ക് എടുത്തതിനുശേഷം വാടകക്കാരിയുടെ സൗകര്യത്തിനായി കടമുറിയുടെ ഘടനയിൽ മാറ്റങ്ങൾ വരുത്തുകയും ഒരു ഇടനില കൂടി പണികഴിക്കുകയും ചെയ്തിട്ടുണ്ട്.

അന്വേഷണ സമയത്ത് മുറിയുടെ ഒരു ഭിത്തിയിൽ നിന്നും കുറെശ്ശെ ജലം തുള്ളി തുള്ളിയായി കിനിഞ്ഞിറങ്ങുന്നത് കാണാൻ കഴിഞ്ഞു. പരാമർശ മുറിയുടെ മുകളിലെ മുറികളും പരാതിക്കാരിയായ വാടകക്കാരി തന്നെയാണ് വാടകയ്ക്ക് എടുത്ത് ഗോഡൗണായി ഉപയോഗിക്കുന്നത്. BSNL ഒഴിഞ്ഞുപോയതിനുശേഷം വാടകക്കാരിക്ക് ഈ മുറികൾ നൽകിയതായിരിക്കാനാണ് സാധ്യത.

വളരെ തിരക്കേറിയ മൊത്ത/ചില്ലറ വ്യാപാരം നടക്കുന്ന കടമുറിയിൽ വ്യാപാര ത്തിന് എന്തെങ്കിലും പ്രതിബന്ധം ഉണ്ടാകുമായിരുന്നെങ്കിൽ കാലാകാലങ്ങളിൽ കരാർ പുതുക്കി വാടകക്കാരി ഉപയോഗിക്കുമായിരുന്നില്ല. ചോർച്ചയുണ്ട് എന്നുള്ള മറയിൽ വാടക വർദ്ധന വരാതെ കടമുറി കൈവശം വച്ച് ഉപയോഗിക്കുകയാണ് വാടകക്കാരി ചെയ്തുവരുന്നത്. കൂടാതെ 16-12-1996-ൽ സമർപ്പിച്ച അപേക്ഷയിൽ തന്നെ ഷോപ്പിംഗ് കോംപ്ലക്സിൽ ഏറ്റവും കൂടുതൽ ലൈസൻസ് ഫീസ് ഉള്ളത് തന്റെ കടയ്ക്കാണെന്നും അതിനാൽ വാടക വർദ്ധന ഒഴിവാക്കണം എന്ന് അഭ്യർത്ഥിച്ചിട്ടുമുണ്ട്. കണ്ണൂർ നഗരസഭ 13 എ കടമുറി വാടകയ്ക്ക് നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ ഏറ്റവും കൂടിയ നിരക്ക് ക്വാട്ടു ചെയ്ത വ്യക്തിയാണ് ശ്രീമതി പി. കാർത്ത്യായനി. ടി കെട്ടിടത്തിന്റെ വാടക ഇപ്പോൾ കൊടുക്കുന്നത് കൂടുതലാണെന്ന ചിന്തയായിരി ക്കണം വാടക വർദ്ധിപ്പിക്കരുത് എന്ന് നഗരസഭയിൽ അപേക്ഷിക്കാൻ തീരുമാനിച്ചത് എന്ന് അനുമാനിക്കാവുന്നതാണ്. അതിനുവേണ്ടിയാണ് ചോർച്ച എന്ന കാരണം കണ്ടെത്തിയത് എന്ന നിഗമനത്തിൽ എത്തിചേരാവുന്നതാണ്. ഒരു പക്ഷെ ടി കടയിൽ വച്ച് കച്ചവടം നടത്താൻ സാധിക്കില്ലായിരുന്നു എങ്കിൽ ശ്രീമതി പി. കാർത്ത്യായനിക്ക് കട ഒഴിഞ്ഞുപോകാമായിരുന്നു. കുറെ കാലത്തേക്കെങ്കിലും കടമുറി നഗരസഭയ്ക്ക് വിട്ട് കൊടുക്കാതെ ചോർച്ചയുടെ കാരണങ്ങൾ കണ്ടുപിടിക്കാനോ പരിഹരിക്കാനോ നഗരസഭയ്ക്ക് കഴിയില്ല. വാടകക്കാരിയുടെ കച്ചവട താല്പര്യങ്ങൾ മുൻനിറുത്തി അപ്രകാരം ഒഴിഞ്ഞ് കൊടുക്കാൻ വാടകക്കാരി തയ്യാറാകുമെന്ന് തോന്നുന്നില്ല. ഈ കാരണങ്ങളാൽ യഥാകാലം വാടക വർദ്ധന വരുത്താതിരുന്നത് ന്യായീകരിക്കാൻ കഴിയില്ല. വാടകക്കാരിയുടെ അഭ്യർത്ഥന മാനിച്ച് വാടകവർദ്ധന വരുത്താതിരുന്ന നഗരസഭാ കമ്മിറ്റിയും കർത്തവ്യ ബോധത്തോടെ പ്രവർത്തിച്ചു എന്ന് വിലയിരുത്താ നാകില്ല. ഓരോ പ്രാവശ്യവും വാടകക്കരാർ പുതുക്കുന്ന സമയമാകുമ്പോൾ ചോർച്ചയെ കുറിച്ചുള്ള പരാതി പരിഗണിക്കുമ്പോൾ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടി നഗരസഭ കൈക്കൊള്ളാതിരുന്നത് നഗരസഭയുടെ താല്പര്യം സംരക്ഷിക്കാനല്ല. മറിച്ച് പ്രസ്തുത വാടകക്കാരിക്ക് കട അടച്ചിട്ട് അറ്റകുറ്റപണികൾ നടത്തുമ്പോഴുള്ള നഷ്ടം ഒഴിവാക്കാനാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. കണ്ണൂർ നഗരസഭയിലെ ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ 13, 14 എന്നീ കടകൾക്ക് 1-4-1995 മുതൽ

31-3-98 വരെ 5% വും 1-4-1998 മുതൽ 31-3-2001 വരെ 15%വും 1-4-2001 മുതൽ 31-3-2004 വരെ 10% വും 1-4-2004 മുതൽ 31-3-2007 വരെ 10% വും 1-4-2007 മുതൽ 31-3-2010 വരെ 10% വും വാടക വർദ്ധനവാണ് നഗരസഭ വരുത്തിയിരിക്കുന്നത്. വാടക വർദ്ധനവ് വരുത്താത്തത് കൊണ്ട് 13 എ കടമുറിയിലെ വാടകക്കാരി ശ്രീമതി പി. കാർത്ത്യായനിയിൽ നിന്നും നഗരസഭയ്ക്ക് വാടക ഇനത്തിൽ ലഭിക്കേണ്ട തുകയിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. നഗരസഭയ്ക്കുണ്ടായ നഷ്ടം താഴെ കാണും പ്രകാരം കണക്കാക്കിയിരിക്കുന്നു:

| കാലയളവ് | ഈടാക്കേണ്ട വാടക | ആകെ ഈടാക്കേണ്ട വാടക | ഈടാക്കിയ വാടക | ബാക്കി ഈടാക്കാനുള്ള വാടക |
|---|---|---|---|---|
| 1-4-1997 to 31-3-1998 | 11,025 | 1,32,300 | 1,26,000 | 6,300 |
| 1-4-1998 to 31-3-1999 | 12,679 | 1,52,148 | 1,26,000 | 26,148 |
| 1-4-1999 to 31-3-2000 | 12,679 | 1,52,148 | 1,26,000 | 26,148 |
| 1-4-2000 to 31-3-2001 | 12,679 | 1,52,148 | 1,26,000 | 26,148 |
| 1-4-2001 to 31-3-2002 | 13,947 | 1,67,364 | 1,26,000 | 41,364 |
| 1-4-2002 to 31-3-2003 | 13,947 | 1,67,364 | 1,26,000 | 41,364 |
| 1-4-2003 to 31-3-2004 | 13,947 | 1,67,364 | 1,26,000 | 41,364 |
| 1-4-2004 to 31-3-2005 | 15,342 | 1,84,104 | 1,26,000 | 58,104 |
| 1-4-2005 to 31-3-2006 | 15,342 | 1,84,104 | 1,26,000 | 58,104 |
| 1-4-2006 to 31-3-2007 | 15,342 | 1,84,104 | 1,26,000 | 58,104 |
| 1-4-2007 to 31-3-2008 | 16,877 | 2,02,524 | 1,26,000 | 76,524 |
| 1-4-2008 to 31-3-2009 | 16,877 | 2,02,524 | 1,26,000 | 76,524 |
| 1-4-2009 to 30-4-2009 | 16,877 | 16,877 | 10,500 | 6,377 |
| 1-5-2009 to 31-5-2009 | 16,877 | 16,877 | 10,500 | 6,377 |
| 1-6-2009 to 30-6-2009 | 16,877 | 16,877 | 10,500 | 6,377 |
| | | 20,98,827 | 15,43,500 | 5,55,327 |

നഗരസഭ കൗൺസിൽ വാടകക്കാരിക്ക് അനുകൂലമായ തീരുമാനം എടുത്തതുവഴി നഗരസഭയ്ക്ക് 30-6-2009 വരെ 5,55,327 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ടി തുക നിയമാനുസൃത പലിശ സഹിതം കാലാകാലങ്ങളിൽ വാടകക്കാരിക്ക് അനുകൂലമായ തീരുമാനമെടുത്ത് നഗരസഭ ഫണ്ടിന് നഷ്ടമുണ്ടാക്കിയ കൗൺസിൽ അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശുപാർശകൾ**

**28. നഗരസഭയുടെ വിവിധ ഷോപ്പിംഗ് കോംപ്ലസുകളിൽ നിന്നും വാടക കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള തുക അടിയന്തിരമായി ഈടാക്കി റിപ്പോർട്ടു ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

**ഇൻകം ടാക്സിനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കുറവു ചെയ്ത തുക ഈടാക്കിയതായി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

**ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 13-എ നമ്പർ മുറിയുടെ വാടക പുതുക്കാത്തതിനാൽ 30-6-2009 വരെയുണ്ടായ 5,55,327 രൂപയുടെ നഷ്ടം, പിഴപ്പലിശ സഹിതം കാലാകാലങ്ങളിൽ വാടകക്കാരിക്ക് അനുകൂലമായ തീരുമാനമെടുത്ത് നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാക്കിയ കൗൺസിൽ അംഗങ്ങൾ, സെക്രട്ടറിമാർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കണമെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ട് സമിതി അംഗീകരിച്ചു. അപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുനരധിവാസ പദ്ധതി ലക്ഷ്യം നേടിയില്ല**

നഗരസഭയുടെ ഭൂരഹിത ഭവനരഹിത പദ്ധതി ലക്ഷ്യം നേടിയില്ല. പട്ടിക വിഭാഗക്കാരുടെ പുനരധിവാസം ലക്ഷ്യമിട്ട പദ്ധതിയിൽ 20 പേർക്ക് 15,000 രൂപ വീതം ഭൂമി വാങ്ങാൻ നൽകിയതായി കാണുന്നു. എന്നാൽ സ്ഥലം വാങ്ങിയ രേഖകൾ ലഭ്യമല്ല. സ്ഥലം വാങ്ങാൻ പണം കൈപ്പറ്റിയ നാല് പേർ നാളിതുവരെ ഭവന നിർമ്മാണത്തിനുള്ള ധനസഹായം കെപ്പറ്റിയിട്ടില്ല. 16 പേർ ഭവന നിർമ്മാണത്തിന് സഹായം കൈപ്പറ്റിയെങ്കിലും വീടുകൾ പൂർത്തീകരിച്ചതിന് തെളിവില്ല.

പുനരധിവാസം പോലെ അടിയന്തിര പ്രാധാന്യമുള്ള പദ്ധതി വർഷങ്ങളായിട്ടും ലക്ഷ്യം നേടാത്തത് അന്വേഷണ വിധേയമാക്കേണ്ടതാണ്.

[2004-2005 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4-II-14-3]

29. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"നഗരസഭയുടെ 1999-2000 വർഷത്തെ പ്രോജക്ടാണ് ഭൂരഹിതഭവനരഹിതർക്ക് ഭൂമി വാങ്ങി ഭവന നിർമ്മാണം സ്ഥലം വാങ്ങുന്നതിന് 15,000 രൂപയും വീട് വയ്ക്കുന്നതിന് 35,000 രൂപയും ആണ് ധനസഹായമായി നൽകുന്നത്. 30 പേർക്ക് ധനസഹായം നൽകാൻ ഉദ്ദേശിച്ചതെങ്കിലും അർഹരായ 20 പേർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. നാലു ഗഡുക്കളായാണ് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത്. ഒന്നാം ഗഡു 5,250 രൂപ അഡ്വാൻസായും രണ്ടാം ഗഡു 10,500 രൂപ തറപണിപൂർത്തിയായാലും മൂന്നാം ഗഡു 14,000 രൂപ ചുമര്പണി

കഴിഞ്ഞാലും നാലാം ഗഡു 5,250 രൂപ പണി പൂർത്തിയായാലുമാണ് നൽകിവരുന്നത്. 20 ഗുണഭോക്താക്കളിൽ 14 പേരുടെ അസ്സൽ രേഖകളും ഉടമ്പടി പത്രവും ഓഫീസിൽ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. ആധാരം സൂക്ഷിച്ചിട്ടില്ലാത്ത ആറ് പേരിൽ നാല് പേർ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം മാത്രം കൈപ്പറ്റിയവരാണ്. ഇവർ നാലു പേരും സമീപ പഞ്ചായത്തുകളിലാണ് ഭൂമി വാങ്ങിയിട്ടുള്ളത്. ബാക്കി രണ്ടുപേരും വീട് പണി മുഴുവനും പൂർത്തിയാക്കിയവരാണ്. അസ്സൽ ആധാരം ഇവരുടെ കൈവശമാണ് ഉള്ളത്. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 20 ഗുണഭോക്താക്കളിൽ 8 പേർ മുഴുവൻ തുകയും കൈപ്പറ്റിയവരാണ്. ഇതിൽ 6 പേർ മാത്രമേ വീടിന്റെ പണി പൂർത്തിയാക്കിയിട്ടുള്ളു. 2 പേർ പഞ്ചായത്തിലാണ് സ്ഥലം വാങ്ങിയത്. പണി പൂർത്തീകരിക്കാത്തതിനാൽ തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വീട് വയ്ക്കുന്നതിനുള്ള ധനസഹായം കൈപ്പറ്റിയവരിൽ ബാക്കിയുള്ള 8 പേരിൽ 6 പേർ നാലാം ഗഡു മാത്രം വാങ്ങാൻ ബാക്കിയുള്ളതാണ്. ഇവർക്ക് തുക ഉടനെ അനുവദിക്കുന്നതാണ്. 2 പേർ മൂന്നും നാലും ഗഡു തുക കൈപ്പറ്റാൻ ബാക്കിയുള്ള വരാണ്. ഇതിൽ ഒരാൾ നിത്യരോഗിയാണെന്ന് എസ്.സി. പ്രൊമോട്ടർമാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൈപ്പറ്റിയ തുക ഉപയോഗിച്ചുള്ള പണി പൂർത്തീകരിച്ചാൽ ഇവർക്കും ഉടനെതന്നെ ബാക്കി ഗഡു തുക അനുവദിക്കുന്നതാണ്. തുക കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കാത്തവരോട് കൗൺസിൽ തീരുമാനപ്രകാരം തുക തിരിച്ചടയ്ക്കുന്ന തിന് നോട്ടീസ് നൽകിയിരുന്നു. എന്നിട്ടും തുക തിരിച്ചടയ്ക്കാത്ത 6 പേരിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിന് 24-12-2008-ന് ഈ ഓഫീസിൽ നിന്നും ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 31-3-2009-ന് ചെലാൻ 84/22 തീയതി 31-3-2009 പ്രകാരം ശ്രീ. മനോജ്, ആർ. എന്നയാളിൽ നിന്നും 15,750 രൂപ തിരിച്ചു പിടിച്ച് മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. മറ്റുള്ളവരിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നുണ്ട്."

30. 1999-2000 വർഷത്തെ പുനരധിവാസ പദ്ധതിയുടെ ഗുണഭോക്താക്കൾ പട്ടികജാതിക്കാരായിരുന്നെന്നും പദ്ധതി പ്രകാരം ഭൂമി വാങ്ങിയ ഇരുപത് പേരിൽ 3 പേർ മാത്രമേ കണ്ണൂർ പട്ടണത്തിൽ ഭൂമി വാങ്ങിയുള്ളൂവെന്നും മറ്റുള്ളവർ സമീപ പഞ്ചായത്തിലാണ് ഭൂമി വാങ്ങിയതെന്നും 20 പേരിൽ 6 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും 35,000 രൂപ വീതം കൈപ്പറ്റുകയും ചെയ്തുവെന്നും ബാക്കി യുള്ള 14 പേരിൽ രണ്ടു പേർ വീടുപണി ഏകദേശം പൂർത്തിയാക്കിയിട്ടുണ്ടെന്നും കണ്ണൂർ മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ആറു പേർക്കെതിരെ റവന്യൂ റിക്കവറി ആക്ട് പ്രകാരം നടപടി സ്വീകരിച്ചതിൽ ഒരാൾ തുക തിരിച്ചടച്ചെന്നും ബാക്കിയുള്ളവർ തിരിച്ചടവിന് കൂടുതൽ സമയം ചോദിച്ചിരുന്നെന്നും തുക തിരികെ ലഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ച് അടിയന്തിരമായി റിപ്പോർട്ട് സമർപ്പി ക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

31. മേൽ ഓഡിറ്റ് പരാമർശത്തിന് കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 19-7-2009-ലെ ആർ 8-1006/92 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

"ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും ധനസഹായം തിരിച്ചുപിടിക്കുന്നതിന് ജപ്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റവന്യൂ റിക്കവറി നിടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് നടപടികൾ പൂർത്തീകരിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്."

**നിഗമനങ്ങൾ/ശുപാർശകൾ**

32. **വീട് വയ്ക്കുന്നതിനുള്ള ധനസഹായം (35,000 രൂപ) കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും അടിയന്തിരമായി തുക തിരിച്ചീടാക്കി റിപ്പോർട്ടു നൽകുവാൻ നഗരകാര്യ വകുപ്പ് ഡയറക്ടറോട് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡി.ഡബ്ള്യൂ.സി.യു.എ. യൂണിറ്റിന് സബ്സിഡി: സർക്കാർ പണം ദുരുപയോഗം ചെയ്തു**

എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയിൽ ഡി.ഡബ്ള്യൂ.സി.യു.എ. യൂണിറ്റ് കണ്ണൂരിന് കെ.എസ്.ആർ.ടി.സി. കെട്ടിടത്തിൽ വനിതാ കാന്റീൻ നടത്തുന്നതിന് 1,10,000 രൂപ അടങ്കൽ കണക്കാക്കിയ പ്രസ്തുത പദ്ധതിയിൽ 90,000 രൂപ ലോണും 10,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ് തദ്ദേശഭരണ വകുപ്പിന്റെ ജി.ഒ.(എംഎസ്.)111/88/ 29-5-1998 ഉത്തരവിന്റെ 2, 3, 6 വകുപ്പ് പ്രകാരം ഡി.ഡബ്ള്യൂ.സി.എ. യൂണിറ്റുകൾക്ക് പരമാവധി അടങ്കൽ തുകയുടെ 50% അല്ലെങ്കിൽ 1,25,000 രൂപ ഏതാണ് കുറവ് അത്രയും തുക സബ്സിഡിയായി നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിക്ക് 1,10,000 രൂപ സബ്സിഡിയായി നൽകിയത് സംബന്ധിച്ച വിശദവിവരങ്ങൾ, അടങ്കൽ തുക, ബാങ്ക് ലോൺ, ഗുണഭോക്തൃ വിഹിതം പിരിച്ചത്, സ്ഥാപനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച വരവു ചെലവ് കണക്കുകളുടെ വിശദവിവരങ്ങൾ എന്നിവയും ഫയലിൽ ലഭ്യമാക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയിൽ കാന്റീൻ പൂട്ടിപ്പോയി. സ്ഥാപനത്തിന്റെ വസ്തുവകകളെപ്പറ്റിയും അക്കൗണ്ടിലുള്ള തുകയെപ്പറ്റിയും യാതൊരു വിവരങ്ങളും ഫയലിൽ ലഭ്യമല്ല. സർക്കാർ പണം ദുരുപയോഗം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഈ വിഷയത്തിൽ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി നഷ്ടമായ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും വസൂൽ ചെയ്ത് നഗരസഭയുടെ ദാരിദ്ര്യ നിർമ്മാർജ്ജന നിധിയിൽ ഒടുക്കേണ്ടതാണ്. ചെലവ് തുക 1,10,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[2005-06 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3-22-1]

33. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08/തസ്വഭവ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"2003 ഏപ്രിൽ മാസം 10 പേരുള്ള കുടുംബശ്രീ ഐശ്വര്യ വനിതാ ക്യാന്റീൻ കെ.എസ്.ആർ.ടി.സി.യിൽ തുടങ്ങുന്നതിനായി 2,20,000 രൂപയുടെ പ്രോജക്ട് കണ്ണൂർ

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽ നൽകുകയും (1,00,000 രൂപ-ലോൺ, 10,000 രൂപ-ഗുണഭോക്തൃ വിഹിതം, 1,10,000 രൂപ-സബ്സിഡി) ടി പ്രോജക്ട് അംഗീകരിച്ച 10 പേർക്ക് ബാങ്കിൽ നിന്നും ലോൺ നൽകിയിട്ടുണ്ട്. ലോൺ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ നിന്നും സബ്സിഡി ലഭിക്കണമെന്ന് കത്തു ലഭിച്ചതിന്റെ അടിസ്ഥാനത്തിലും 1,10,000 രൂപ ചെക്ക് മുഖാന്തിരം സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിലേക്കാണ് നൽകിയിട്ടുള്ളത്. ബാങ്കിൽ നിന്നും ലോൺ അനുവദിക്കുകയും ഉദ്ദേശം ഒരു വർഷത്തിൽ കൂടുതൽ ക്യാന്റീൻ നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഈ ക്യാന്റീനിന്റെ വാടക കെ.എസ്.ആർ.ടി.സി. കുത്തനെ കൂട്ടുകയും (460 രൂപയിൽ നിന്നും 5,600 രൂപ) ടി സ്ഥാപനത്തിന്റെ പരിസര പ്രദേശങ്ങളിലും തൊട്ടടുത്തും പുതിയ കടകളും, തട്ടുകടകളും വന്നതിനാലും ടി ക്യാന്റീൻ നഷ്ടത്തിലാകുകയും കെ.എസ്.ആർ.ടി.സി. എഗ്രിമെന്റ് പുതുക്കാതെ വന്ന സാഹചര്യത്തിലും കെ.എസ്.ആ.ടി.സി. അധികൃതർ തന്നെ ടി സ്ഥാപനം അടച്ചു പൂട്ടിയിട്ടുള്ളതുമാണ്. തുടർന്ന് ലോൺ അടയ്ക്കാതെവന്ന സാഹചര്യത്തിൽ ബാങ്ക് അധികൃതർ തന്നെ 10 പേരുടെ പേരിൽ റവന്യൂ റിക്കവറിക്ക് റിപ്പോർട്ട് ചെയ്തിട്ടു ണ്ടെന്നാണ് ബാങ്കിൽ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ടി യൂണിറ്റിന്റെ വരവു ചെലവ് കണക്കുകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതും കൈകാര്യം ചെയ്യുന്നതും ടി യൂണിറ്റിലെ അംഗങ്ങൾ അടങ്ങിയ കമ്മിറ്റിയാണ്. ടി സ്ഥാപനത്തിന്റെ സാധനസാമഗ്രികൾ റൂമിനകത്ത് തന്നെ ഇട്ട് കെ.എസ്.ആർ.ടി.സി. അധികൃതർ പൂട്ടിയതായാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. വീണ്ടും ഭീമമായ നഷ്ടം വരുമെന്നു കരുതി തുടർന്ന് ടി യൂണിറ്റിലെ അംഗങ്ങൾ ടി ക്യാന്റീൻ പ്രവർത്തനം ആരംഭിച്ചിട്ടില്ല."

34. നഗരസഭയിലെ പാവപ്പെട്ട വനിതകളുടെ ഒരു ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.യുടെ ഷോപ്പിംഗ് കോംപ്ലക്സിൽ ഒരു ക്യാന്റീൻ നടത്തുന്നതിനായി 2,20,000 രൂപ എസ്റ്റിമേറ്റിൽ ഒരു പ്രോജക്ട് തയ്യാറാക്കി. ടി പ്രോജക്ടിൽ 1,10,000 രൂപ നഗരസഭ സബ്സിഡിയും 10,000 രൂപ ഗുണഭോക്തൃ വിഹിതവുമായിരുന്നു. കെ.എസ്.ആർ.ടി.സി. കോംപ്ലക്സിൽ ആരംഭിച്ച ക്യാന്റീൻ മുറിക്ക് ആദ്യം 460 രൂപയായിരുന്നു വാടക. ആദ്യ കാലത്ത് സ്ത്രീകളെ സഹായിക്കുന്നതിന് 4 പുരുഷൻമാർ കൂടി ഉണ്ടായിരുന്നുവെങ്കിലും അന്നത്തെ കണ്ണൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുരുഷന്മാരെ നിയോഗിച്ചാൽ മറ്റ് പരാതികളും ആരോപണങ്ങളും വരാൻ സാധ്യതയുള്ളതിനാൽ അവരെ ഒഴിവാക്കണ മെന്ന് നിർദ്ദേശിക്കുകയുണ്ടായി. സ്വതന്ത്രമായി സ്ഥാപനം നടത്തികൊണ്ടുപോകാൻ വനിതകൾക്ക് സാധിക്കാതെ വന്നു. 2004 ഏപ്രിൽ മുതൽ കെ.എസ്.ആർ.ടി.സി. 460 രൂപയിൽ നിന്ന് വാടക 5,600 രൂപയായി വർദ്ധിപ്പിക്കുകയും 5,600 രൂപ വച്ച് മൂന്നു മാസത്തെ വാടക മുൻകൂറായി കെട്ടിവയ്ക്കണമെന്ന് ഗ്രൂപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു. കൂടിയ വാടക നൽകാൻ സാധിക്കാത്തതിനെ തുടർന്ന് ക്യാന്റീൻ പൂട്ടേണ്ടി വരികയാണുണ്ടായതെന്ന് കണ്ണൂർ മുനിസിപ്പൽ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. ബാങ്കിൽ നിന്ന് ലോണെടുത്ത ഒരു ലക്ഷം രൂപ തിരിച്ചടയ്ക്കാത്തതിനാൽ

അവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നഗരസഭ അവർക്ക് നോട്ടീസ് നൽകിയെങ്കിലും ബാങ്ക് ജപ്തി നടപടികളുമായി മുന്നോട്ട് പോകുന്നതുകൊണ്ട് നഗരസഭയ്ക്ക് ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മാനേജിംഗ് കമ്മിറ്റിയുടെ വരവു ചെലവ് കണക്കുകൾ നഗരസഭ പരിശോധിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, നഗരസഭ ആവശ്യപ്പെട്ടിട്ടും കമ്മിറ്റി കണക്കുകളൊന്നും തന്നിട്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകി.

ബാങ്ക് റിക്കവറി ഒരു ലക്ഷം രൂപ കഴിഞ്ഞിട്ടുള്ള ബാദ്ധ്യതാ തുകയ്ക്കുള്ള ആസ്തി ഗ്രൂപ്പിനുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് അൻപതിനായിരം രൂപയുടെ പാത്രങ്ങളൊഴിച്ച് മറ്റ് ആസ്തി ഒന്നും തന്നെയില്ലെന്ന് സെക്രട്ടറി മറുപടി നൽകി.

**നിഗമനങ്ങൾ/ശുപാർശകൾ**

35. **പല ബുദ്ധിമുട്ടുകളും സഹിച്ച് ക്യാന്റീൻ ഒരു വർഷം നല്ല രീതിയിൽ പ്രവർത്തിപ്പിച്ചതായും ക്യാന്റീനിന്റെ വാടക വർദ്ധിപ്പിച്ചതുകൊണ്ടുമാത്രമാണ് ക്യാന്റീൻ അടച്ചുപൂട്ടേണ്ടിവന്നതെന്നും സമിതിക്ക് ബോധ്യമായതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## 4. തലശ്ശേരി നഗരസഭ

**'ഷാസു' പദ്ധതിയിൽ ക്രമക്കേടുകൾ**

നഗരസഭയുടെ ഷാസു വായ്പാ പദ്ധതിയിൽ ക്രമക്കേടുകൾ 1993-94 മുതൽ 2002-03 വരെയുള്ള ഓഡിറ്റിൽ കണ്ടെത്തിയ വിശദാംശങ്ങൾ:

(1) പദ്ധതിയിൽ 3/93 മുതൽ 5/99 വരെ ഇന്ദിരാ വികാസ് പത്രികയിൽ നിക്ഷേപിച്ച 33,67,000 രൂപയ്ക്ക് അവകാശപ്പെട്ട ഇൻസെന്റീവ് കമ്മീഷൻ 84,530 രൂപ നഗരസഭ വാങ്ങിയില്ല. കമ്മീഷൻ ലഭിക്കുമെന്ന് അറിയില്ലായിരുന്നു എന്ന നഗരസഭയുടെ വിശദീകരണം സാധുവല്ലാത്തതിനാൽ 84,530 രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്.

(2) നഗരസഭ നിർദ്ദേശിച്ച പദ്ധതികൾക്ക് ഷാസു വായ്പയായി 81,43,660 രൂപ കിഴിച്ച് ബാക്കി 30,12,260 രൂപ ഉടൻ തിരിച്ചടയ്ക്കാതിരുന്നതിനാൽ മുഴുവൻ വായ്പയ്ക്കും സബ്സിഡി നൽകേണ്ടിവന്നതിനാൽ കേന്ദ്ര സർക്കാരിന് 6,12,000 രൂപയുടെയും സംസ്ഥാന സർക്കാരിന് 1,53,000 രൂപയുടെയും അധിക ചെലവുണ്ട്. വായ്പയിൽ 14,50,966 രൂപയും പലിശ 19,28,788 രൂപയും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കാൻ ബാക്കിയുണ്ട്. വായ്പ നഗരസഭ പൂർണ്ണമായി അടച്ചു തീർത്തതിനാൽ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കാനുള്ള തുക നഗരസഭയ്ക്ക് നഷ്ടമാണ്.

മാത്രമല്ല ഷാസു നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വായ്പയിൽ 29,83,802 രൂപ നഗരസഭ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. ഇതിന് സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടില്ല.

[2003-2004-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 6-12-1]

36. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08/തസ്വഭവ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

"1. സ്വകാര്യ വ്യക്തികൾക്ക് ഇന്ദിരാ വികാസ് പത്രയ്ക്ക് കമ്മീഷൻ ലഭിക്കുന്നതു പോലെ സർക്കാർ സ്ഥാപനങ്ങൾക്കും നഗരസഭകൾക്കും ഇന്ദിരാ വികാസ് പത്രയ്ക്ക് കമ്മീഷൻ ലഭിക്കുന്നതു സംബന്ധിച്ച് യാതൊരു ഉത്തരവുകളും ലഭിച്ചിരുന്നില്ല. കമ്മീഷൻ തുക അനുവദിക്കുന്നതിന് നാഷണൽ സേവിംഗ്സ് ഡയറക്ടർക്ക് 23-1-2008-ന് കത്ത് നൽകിയിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് അയച്ചു കൊടുക്കുന്നതിന് ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ ആവശ്യപ്പെട്ടതുപ്രകാരം ആയത് 3-4-2008-ന് അയച്ചുകൊടുത്തിട്ടുള്ളതാണ്. കൂടാതെ ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ 30-5-2008-ന് ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർക്ക് അയച്ച കത്തിന്റെ പകർപ്പ് ഈ ഓഫീസിൽ അയച്ചുതന്നിട്ടുണ്ട്. ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറിൽ നിന്നും മറ്റു മറുപടികളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല.

2. ഷാസു പദ്ധതി പ്രകാരം ചെലവഴിക്കാതിരുന്ന തുക ഉടൻ തിരിച്ചടയ്ക്കാതിരുന്നത് അക്കാലത്ത് നഗരസഭ നേരിട്ടിരുന്ന കടുത്ത സാമ്പത്തിക പ്രയാസം കാരണമാണ്. പിന്നീട് 6/2002-ൽ വായ്പാ സംഖ്യ പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട്.

ഷാസു വായ്പ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനു കക്ഷികൾക്ക് നോട്ടീസ് അയയ്ക്കുകയും മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 13-8-2003-ന് ഇതു സംബന്ധിച്ച പത്ര പരസ്യവും നൽകിയിട്ടുണ്ട്. വായ്പ തിരിച്ചടയ്ക്കാത്തവരുടെ ഇന്ദിരാ വികാസ് പത്ര മുനിസിപ്പൽ ഫണ്ടിൽ വരവു വയ്ക്കുകയും ചെയ്തിട്ടുണ്ട്. വളരെ പാവപ്പെട്ടവർക്ക് അനുവദിച്ച വായ്പയായതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വളരെയേറെ ബുദ്ധിമുട്ടുണ്ട്. എങ്കിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനു നടപടി തുടരുന്നുണ്ട്.

നഗരസഭ ഷാസു പദ്ധതികൾക്ക് വിരുദ്ധമായി തുക വകമാറ്റി ചെലവഴിച്ച നടപടിക്ക് സർക്കാർ സാധൂകരണം ലഭിക്കുന്നതിന് 22-5-2002-ന് അപേക്ഷിച്ചിരുന്നതാണ്. നടപടിക്ക് സർക്കാർ സാധൂകരണം ലഭിക്കാത്തതിനാൽ 25-1-2008, 24-5-2008 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്."

37. 17-6-2009-ലെ തെളിവെടുപ്പു യോഗത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു.

(എ) 'ഷാസു' പദ്ധതി പ്രകാരം ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപിച്ച തുകയ്ക്ക് കിട്ടേണ്ട ഇൻസെന്റീവ് 84,530 രൂപ എന്തുകൊണ്ടാണ് വാങ്ങിയെടുക്കാത്തതെന്ന് സമിതി ആരാഞ്ഞു. ഇന്ദിരാ വികാസ് പത്രയ്ക്ക് ഇൻസെന്റീവ് ലഭിക്കുമെന്ന് ധാരണയില്ലായിരുന്നുവെന്നും അതുകൊണ്ടാണ് അതു വാങ്ങാൻ നടപടി സ്വീകരിക്കാത്തതെന്നും അന്നത്തെ സെക്രട്ടറി അറിയിച്ചുവെന്നും ഇതു സംബന്ധിച്ച് 23-1-2008-ൽ ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർക്ക് കത്തും പിന്നീട് ഓർമ്മക്കുറിപ്പുകളും അയച്ചുവെങ്കിലും നടപടിയൊന്നും ആയിട്ടില്ലെന്നും തലശ്ശേരി മുനിസിപ്പൽ

സെക്രട്ടറി മറുപടി നൽകി. ആറുവർഷമായിട്ടും ഈ വിഷയത്തിൽ തലശ്ശേരി നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ഓഡിറ്റിന് ഇത് സംബന്ധിച്ച യാതൊരു മറുപടിയും നൽകിയിട്ടില്ലെന്നും സമിതി കുറ്റപ്പെടുത്തി.

നിക്ഷേപകർക്ക് നേരിട്ട് ഇൻസന്റീവ് ലഭിക്കില്ലെന്നും ഏജന്റുമാർക്കാണ് 2% കമ്മീഷൻ ലഭിക്കുന്നതെന്നും എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു. നിക്ഷേപകരായ നഗരസഭയ്ക്ക് ഇൻസെന്റീവിന് അർഹതയുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിച്ചു. നാഷണൽ സേവിംഗ്സ് ഡയറക്ടറുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ട് നൽകാമെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

(ബി) നഗരസഭ നിർദ്ദേശിച്ച പദ്ധതികൾക്ക് ഷാസു വായ്പയായി ലഭിച്ച തുക യിൽ ഉടൻ തിരിച്ചടയ്ക്കേണ്ടിയിരുന്ന 30,12,260 രൂപ തിരിച്ചടയ്ക്കാതിരുന്നതു കൊണ്ടും ക്രമവിരുദ്ധമായി തുക വിനിയോഗിച്ചതുകൊണ്ടും കേന്ദ്ര സർക്കാരിന് 6,12,000 രൂപയും സംസ്ഥാന സർക്കാരിന് 1,53,000 രൂപയും നഷ്ടപ്പെടുത്തിയ തിനെയും ഗുണഭോക്താക്കളുടെ വിഹിതം ഈടാക്കാത്തതിനെയും പറ്റി സമിതി വിശദീകരണം ആരാഞ്ഞു.

അക്കാലത്ത് നഗരസഭ വൻ സാമ്പത്തിക പ്രതിസന്ധിയിലായിരുന്നുവെന്നും, ടൗൺ ഹാൾ, ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയ വലിയ പ്രോജക്ടുകൾ എടുത്തിരുന്നു വെന്നും ടൗൺ ഹാൾ പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട കരാർ പ്രകാരം കമ്പിയും സിമന്റും നഗരസഭ വാങ്ങികൊടുക്കണമെന്നായിരുന്നുവെങ്കിലും പ്രതിസന്ധി കാരണം സാധിച്ചില്ലെന്നും, അന്നത്തെ കൗൺസിൽ തീരുമാനപ്രകാരമാണ് തുക വകമാറ്റിയതെന്നും പിന്നീട് 2002-ൽ സാമ്പത്തിക നില മെച്ചപ്പെട്ടപ്പോൾ നഗരസഭ യുടെ വിഹിതം പൂർണ്ണമായും തിരിച്ചടച്ചെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഷാസു പദ്ധതിക്കായി നൽകിയ 29,83,802 രൂപ നഗരസഭ വകമാറ്റി ചെലവഴിച്ചതിന് ന്യായീകരണമില്ലെന്നും മുനിസിപ്പൽ ഫണ്ടായാലും പ്ലാൻ ഫണ്ടായാലും സർക്കാർ അനുമതിയോടെ മാത്രമേ ചെലവഴിക്കാൻ പറ്റൂ എന്നും സമിതി അഭിപ്രായപ്പെട്ടു. 20 ലക്ഷം രൂപയ്ക്ക് 12-6-2009-ൽ സർക്കാർ സാധൂകരണം കിട്ടിയിട്ടുണ്ടെന്നും ബാക്കി തുകയ്ക്ക് സാധൂകരണം വാങ്ങാതെ വിട്ടു പോയത് ഇതു സംബന്ധിച്ച വിശദാംശങ്ങൾ മറ്റൊരു ഫയലിലാണുണ്ടായിരുന്നതെന്നും ആ ഫയൽ മിസ്പ്ലേസ്ഡ് ആയിരുന്നുവെന്നും അത് ഇപ്പോൾ കണ്ടുകിട്ടിയിട്ടുണ്ടെന്നും താമസിയാതെ ആ ഫയലും സാധൂകരണത്തിനായി അയയ്ക്കുന്നതാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. മുഴുവൻ തുകയ്ക്കും ഗവൺമെന്റ് സാധൂകരണം വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്നും സാധൂകരണം ലഭിച്ചില്ലെങ്കിൽ ബാക്കി തുക ഉത്തരവാദി യായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

പ്രസ്തുത കാലയളവിലെ സെക്രട്ടറിയെപ്പറ്റി സമിതി ആരാഞ്ഞതിന് കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ആയ ശ്രീ. സത്യനാഥൻ താൻ 1-8-1996 മുതൽ 16-11-1998 വരെ തലശ്ശേരി മുനിസിപ്പൽ സെക്രട്ടറിയായിരുന്നെന്നും ഫണ്ട് വകമാറ്റിയത് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അത് നഗരസഭയെ അറിയിച്ചുവെന്നും തനിക്കുമുമ്പ് ശ്രീ. എം. ഗോപിനാഥക്കുറുപ്പ് ആയിരുന്നു സെക്രട്ടറിയെന്നും അദ്ദേഹം യോഗത്തിൽ ഹാജരുണ്ടെന്നും അറിയിച്ചു.

താൻ 9/92 മുതൽ 1-7-1996 വരെ തലശ്ശേരി നഗരസഭാ സെക്രട്ടറിയായിരുന്നുവെന്നും റിട്ടയർ ചെയ്തിട്ട് 10 വർഷമായതിനാൽ സംഭവത്തെപ്പറ്റി ഓർമ്മയില്ലെന്നും ഫയൽ നോക്കാതെ ഒന്നും പറയാൻ കഴിയില്ലെന്നും നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് കിട്ടിയിട്ടുണ്ടെന്നും തലശ്ശേരി മുൻ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എം. ഗോപിനാഥക്കുറുപ്പ് സമിതിയെ അറിയിച്ചു. ഷാസു ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് ഉത്തരവാദിയായ മുൻ സെക്രട്ടറി സമിതിയിൽ ഹാജരായിരുന്നിട്ടും സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടി പറയാതെയിരുന്നതിനെ സമിതി രൂക്ഷമായി വിമർശിക്കുകയും, ഇത്തരം പ്രവർത്തികൾ മേലിൽ ആവർത്തിക്കരുതെന്ന് താക്കീത് നൽകുകയും ചെയ്തു. വ്യക്തമായി മറുപടി നൽകാതെ ഇരുന്ന ഇപ്പോഴത്തെ സെക്രട്ടറിയെയും സമിതി കുറ്റപ്പെടുത്തി.

മുഴുവൻ തുകയ്ക്കല്ലേ സാധൂകരണം ചോദിച്ചിരുന്നതെന്ന് സമിതി ആരാഞ്ഞതിന് ടൗൺ ഹാളിനുവേണ്ടിയുള്ള 20 ലക്ഷം രൂപയ്ക്കായിരുന്നു അപേക്ഷ നൽകിയതെന്നും ബാക്കി തുക ഷോപ്പിംഗ് കോംപ്ലക്സിനുവേണ്ടിയാണ് ചെലവഴിച്ചതെന്നും അതിനു സർക്കാരിലേക്ക് എഴുതിയിട്ടില്ലെന്നും മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി. കാര്യങ്ങൾ മറച്ചുവെച്ച ഇപ്പോഴത്തെ സെക്രട്ടറിയെയും ലയബിളാക്കുകയാണ് വേണ്ടിയിരുന്നതെന്ന് സമിതി ഈയവസരത്തിൽ അഭിപ്രായപ്പെട്ടു.

മുൻ സെക്രട്ടറിക്കെന്താണു പറയുവാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ഫയൽ പരിശോധിക്കേണ്ടി വരുമെന്നും നഗരസഭയിൽ നിന്നും കിട്ടിയ നോട്ടീസിൽ ഓഡിറ്റ് ഒബ്ജക്ഷന്റെ കാര്യം മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും ഫയൽ പരിശോധിക്കുവാൻ അവസരം തരണമെന്നും മുൻ സെക്രട്ടറി അറിയിച്ചു.

ഇനി ഒരവസരവും തരില്ലെന്നും മുൻകൂട്ടി നോട്ടീസ് നൽകി ഓഡിറ്റ് ഒബ്ജക്ഷനും 9,83,802 രൂപയ്ക്ക് ലയബിലിറ്റിയുമുണ്ടെന്നറിയിച്ചിട്ടും യാതൊരു മറുപടിയും നൽകാതിരുന്ന ശ്രീ. എം. ഗോപിനാഥക്കുറുപ്പിന്റെ പേരിൽ ആർ. ആർ. നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

'ഷാസു' പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വകമാറ്റി ചെലവഴിച്ചതിൽ സർക്കാർ സാധൂകരണം ഇനിയും ലഭ്യമാക്കാതിരുന്ന 9,83,802 രൂപയിന്മേൽ ബാദ്ധ്യത നിശ്ചയിക്കപ്പെട്ട ശ്രീ. എം. ഗോപിനാഥക്കുറുപ്പ് (മുൻസെക്രട്ടറി) 24-6-2009-ൽ സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. 23-9-2009-ൽ കൂടിയ സമിതിയോഗം ഹർജി പരിഗണിക്കുകയും ഹർജിയിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

38. 7-12-2009-ലെ 8508/Spel.Cell G1/09 കത്തുപ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടിൽ മേൽതുക ഇതര റോഡു പ്രവൃത്തികൾക്കായി ഉപയോഗിച്ചു എന്നു സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഏതെല്ലാം പ്രവൃത്തികൾക്കെന്ന് കൃത്യമായി പരാമർശിക്കാൻ പറ്റാത്ത അവസ്ഥയിലാണെന്നറിയിച്ചിട്ടുണ്ട്. അതിലേക്കായി സാങ്കേതിക വിഭാഗത്തിന്റെ സഹായം ആവശ്യപ്പെട്ടത് ലഭിക്കുന്ന മുറയ്ക്ക് സമിതിയിൽ ലഭ്യമാക്കാമെന്ന് തുടർന്നറിയിച്ചിരിക്കുന്നു.

39. ഈ വിഷയത്തിൽ സർക്കാരിൽ നിന്നും ലഭിച്ച 5-11-2009-ലെ 49203/എബി1/09/നമ്പർ കത്തിൽ നഗരസഭ വകമാറ്റി ചെലവഴിച്ചതിൽ സാധൂകരണം

ലഭ്യമാക്കാൻ ശേഷിക്കുന്ന 9,83,802 രൂപയ്ക്ക് സാധൂകരണം ലഭ്യമാക്കണമെന്ന അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ടെന്നും ഇപ്പോൾ സമിതിയുടെ പരിഗണനയിലുള്ള വിഷയമാകയാൽ ഈ ഘട്ടത്തിൽ പ്രസ്തുത കാര്യം സർക്കാർ തലത്തിൽ പരിഗണിക്കാമോ എന്നും അറിയിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ധനവിനിയോഗം പരിശോധിച്ച് ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കുന്നതിന് സമിതിക്ക് എതിർപ്പില്ലെന്ന വിവരം 22-3-2010-ലെ കത്തുപ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

40. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 31-7-2010-ലെ 49203/ എ.ബി.1/09 നമ്പർ കത്തു മുഖേന ലഭ്യമാക്കിയ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2443/2010/ത.സ്വ.ഭ.വ. തീയതി 26-7-2010 പ്രകാരം, വകമാറ്റി ചെലവഴിച്ച 9,83,802 രൂപയ്ക്കു കൂടി സാധൂകരണം നൽകി സർക്കാർ ഉത്തരവായിട്ടുണ്ടെന്നറിയിച്ചിരുന്നു. ആയത് 31-8-2010-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

41. **ഇന്ദിരാ വികാസ് പത്രയിൽ നിക്ഷേപിച്ച തുകയ്ക്കുള്ള ഇൻസെന്റീവ് (84,530 രൂപ) നഗരസഭയ്ക്കു കിട്ടാനുള്ളതിനെപ്പറ്റി നഗരകാര്യ വകുപ്പ് ഡയറക്ടർ അന്വേഷിച്ച് വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

**ഷാസു പദ്ധതിയിൽ നിന്നും വകമാറ്റി ചെലവഴിച്ചതിൽ സാധൂകരണം ലഭിക്കാൻ ശേഷിച്ച 9,83,802 രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കിയതിനാൽ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്തു പണികളിൽ അപാകതകൾ**

**നഗരസഭയുടെ മരാമത്തു പണികളിൽ അപാകതകൾ**

അടങ്കൽ തുക ഭാഗികമായി ചെലവഴിച്ച് പദ്ധതികൾ ഉപേക്ഷിക്കുക, മുൻകൂർ ഭാഗിക ബില്ലുകളിൽ ക്രമപ്പെടുത്താതിരിക്കുക എന്നിവയാണ് പ്രധാന അപാകതകൾ.

2000-01 ഓഡിറ്റ് റിപ്പോർട്ടിൽ വിശദമാക്കിയ അപാകതകളുടെ സംക്ഷിപ്തം താഴെ വിവരിക്കുന്നു:

(1) കെ.പി. മധുസൂദനൻ റോഡ് ടാറിംഗിന് സമാഹരണ മുൻകൂറും ഭാഗീക ബില്ലുമായി 1,03,750 രൂപ ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകിയിരുന്നു. എന്നാൽ അളവുരേഖയനുസരിച്ച് കൺവീനർ ആകെ ചെയ്ത പ്രവർത്തിമൂല്യം 75,277 രൂപയാണ്. അധികം നൽകിയ 28,473 രൂപ ക്രമപ്പെടുത്തിയതിന് രേഖയില്ല. മാത്രമല്ല പ്രവർത്തി പൂർത്തിയാക്കിയിട്ടുമില്ല.

(2) മാണിക്കോത്ത് ഇടവഴി പുനരുദ്ധാരണത്തിന് 3/01-ൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് 12,500 രൂപ മുൻകൂർ നൽകിയിരുന്നു. ഓഡിറ്റ് നടത്തിയ 6/2004 വരെയും പ്രവർത്തി നടത്തുകയോ കൺവീനറിൽ നിന്നും മുൻകൂർ തിരിച്ച് ഈടാക്കുകയോ ചെയ്തില്ല. ഫലത്തിൽ മുൻകൂർ 12,500 രൂപ നഷ്ടമായിരിക്കുകയാണ്.

(3) 1,66,500 രൂപ എസ്റ്റിമേറ്റിൽ തുടങ്ങിയ കുന്നിൻഭാഗം റോഡ് പണി 1,16,909 രൂപ കൺവീനർക്ക് നൽകി അവസാനിപ്പിച്ചു. ഭാഗിക ബില്ല് തീർപ്പാക്കിയിട്ടും സമാഹരണ മുൻകൂറിൽ 36,625 രൂപ ക്രമപ്പെടുത്താനുണ്ട്. കൂടാതെ 12 ബാരൽ ടാറിന്റെ വില 22,707 രൂപയും ഈടാക്കിയില്ല. അപൂർണ്ണമായി അവസാനിപ്പിച്ച വേല 59,332 രൂപയുടെ നഷ്ടവും നഗരസഭയ്ക്ക് വരുത്തി.

(4) ഒന്നാം ഭാഗിക ബില്ല് നൽകി പൂത്തലത്ത് റോഡ് ടാറിംഗ് അവസാനിച്ചു. കൺവീനർക്ക് നൽകിയ മുൻകൂറിൽ 15,340 രൂപ ക്രമപ്പെടുത്തിയിട്ടില്ല.

(5) 1,36,000 രൂപ അടങ്കലുള്ള തിരുവങ്ങാട് ക്ഷേത്രം കോടിയേരി പഞ്ചായത്ത് അതിർത്തി റോഡ് ടാറിംഗിന് 4-ാം ഭാഗീക ബില്ലുവരെ 1,10,894 രൂപ ചെലവഴിച്ച് അവസാനിപ്പിച്ചു. ടാറിന്റെയും കാലിബാരലിന്റെയും വില 11,145 രൂപ ഈടാക്കുവാനുണ്ട്.

(6) ഇസ്ക്ര ലൈബ്രറി-ഹിമാലയ ഫാർമസി റോഡ് പരിഷ്കരണം പൂർത്തിയാക്കിയില്ല. 3,98,742 രൂപയുടെ പ്രവർത്തി ചെയ്തപ്പോൾ ഗുണഭോക്തൃ സമിതി കൺവീനർക്ക് 28,459 രൂപ അധികം നൽകി.

(7) കണിച്ചിറ തോട് ബണ്ട് നിർമ്മാണം പൂർത്തിയാക്കിയില്ല. രണ്ടാം ഭാഗീക ബില്ലിൽ പ്രവൃത്തി അവസാനിപ്പിച്ചു. 50,000 രൂപ മുൻകൂർ നൽകിയതിൽ 35,000 രൂപ ക്രമപ്പെടുത്തി ബാക്കി 15,000 രൂപ നഗരസഭയ്ക്ക് നഷ്ടമായി.

മുകളിൽ വിവരിച്ച മരാമത്ത് വേലകൾ കൺവീനർമാരുടെ നഷ്ടോത്തരവാദത്തിൽ പൂർത്തിയാക്കേണ്ടതാണ്. ഇതോടൊപ്പം നഗരസഭയ്ക്ക് നഷ്ടമായ തുക കൺവീനർമാരിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4.II.I(1)]

42. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

(1) "സൂചിത റോഡിന്റെ പ്രവൃത്തിക്ക് കൺവീനർ മുൻകൂർ വാങ്ങിയ 1,03,750 രൂപയിൽ നിന്നും 36,668 രൂപ തിരിച്ചടയ്ക്കേണ്ടതായി കണക്കാക്കുകയും 19-3-2005-ന് നോട്ടീസ് നൽകിയതുപ്രകാരം 28-6-2005-ന് രസീതു നമ്പർ 5/323-ൽ 36,668 രൂപ നഗരസഭാ ഫണ്ടിൽ കൺവീനർ ഒടുക്കിയിട്ടുണ്ട്.

(2) പ്രവർത്തിയുടെ കൺവീനർക്ക് മുൻകൂർ നൽകിയ 12,500 രൂപ പിഴപ്പലിശ സഹിതം ഈടാക്കി നഗരസഭാ ഫണ്ടിലൊടുക്കുന്നതിനുവേണ്ടി റവന്യൂ റിക്കവറിക്കായി 24-6-2006-ന് ജില്ലാ കളക്ടർക്ക് അറിയിപ്പു നൽകുകയും ടി അപേക്ഷ ജില്ലാ കളക്ടർ 19-10-2006-ന് ആർ.ആർ. നടപടിക്കായി തഹസിൽദാർക്ക് അയയ്ക്കുകയും നടപടികളുടെ നിലവിലുള്ള സ്ഥിതി അറിയിക്കുന്നതിനു തഹസിൽദാർക്ക് 28-5-2008-ന് വീണ്ടും കത്തയച്ചിട്ടുണ്ട്.

(3) &(4) പ്രവർത്തിയുടെ കൺവീനർക്ക് മുൻകൂറായി നൽകിയ തുകയിൽ ക്രമപ്പെടുത്തുവാനുള്ള 36,625 രൂപ ക്രമപ്പെടുത്തുന്നതിനും 12 ബാരൽ ടാറിന്റെ വിലയും ഈടാക്കുന്നതിനുവേണ്ടി 22-12-2007-ന് കൺവീനർക്ക് അയച്ച നോട്ടീസ് 7-2-2008-ന് ടിയാന്റെ ഭാര്യ കൈപ്പറ്റിയതുപ്രകാരം ടിയാന് മറുപടി നൽകുന്നതിന് 7 ദിവസത്തെ സമയം അനുവദിക്കുകയും മറുപടി ലഭിക്കാതെ വന്നതിനാൽ 28-5-2008-ന് ആർ.ആർ. നടപടിക്ക് മുന്നോടിയായുള്ള അന്തിമനോട്ടീസ് നൽകുകയും പിന്നീട് 21-6-2008-ന് ആർ.ആർ. നടപടികൾക്കായി അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുമുണ്ട്. കൺവീനർക്ക് മുൻകൂർ നൽകിയ 15,340 രൂപ നഗരസഭാ ഫണ്ടിലേക്ക് തിരിച്ചു പിടിക്കുന്നതിനായി 22-12-2007-ന് നഗരസഭയിൽനിന്നും കൺവീനറുടെ മേൽവിലാസത്തിൽ അയച്ച നോട്ടീസ് കൈപ്പറ്റാത്തതിനെ തുടർന്ന് ടിയാന്റെ പുതിയ മേൽവിലാസത്തിൽ 7-2-2008-ന് നോട്ടീസ് നൽകിയതുപ്രകാരം 3-3-2008-ന് ടിയാൻ നൽകിയ മറുപടിയിൽ പ്രവർത്തി നിർവ്വഹിച്ചതായറിയിച്ചതിൽ ടി റോഡിന്റെ പിന്നീട് നടന്ന പ്രവർത്തിയുടെ വിവരം ശേഖരിച്ചുവരികയാണ്. ആയതു പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(5) സൂചിത പ്രവൃത്തിയുടെ ടാറിന്റെയും കാലിബാരലിന്റെയും വില 11,145 രൂപയുടെ ബാദ്ധ്യത ഒടുക്കുന്നതിനുള്ള അറിയിപ്പ് കൺവീനർ 7-2-2008-ന് കൈപ്പറ്റിയിട്ടുണ്ട്. 11-2-2008-ന് കൺവീനർ നൽകിയ മറുപടിയിൽ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച എല്ലാ രേഖകളും നഗരസഭാ ഓഫീസിൽ സമർപ്പിക്കുകയും കമ്മിറ്റി പിരിച്ചുവിടുകയും ചെയ്ത സാഹചര്യത്തിൽ കമ്മിറ്റി കൺവീനർ എന്ന നിലയിൽ ബാദ്ധ്യതയില്ലെന്ന് അറിയിച്ചിട്ടുണ്ട്. എങ്കിലും മുനിസിപ്പാലിറ്റിയുടെ റിക്കാർഡ് പ്രകാരം ഉപയോഗിക്കാത്ത ടാറും കാലിവീപ്പയും തിരിച്ചേൽപ്പിച്ചിട്ടില്ലാത്തതിനാൽ റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അന്തിമ നോട്ടീസ് 28-5-2008-ാം തീയതി ടിയാന് നൽകിയിട്ടുണ്ട്. മേൽ വിഷയം കൗൺസിലിന് മുൻപാകെ സമർപ്പിച്ചിട്ടുണ്ട് (29-5-2008).

(6) ഗുണഭോക്തൃ സമിതി കൺവീനർ അധികരിച്ച് കൈപ്പറ്റിയ 28,459 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറിക്കായി 24-6-2005-ന് ജില്ലാ കളക്ടറെ അറിയിക്കുകയും ജില്ലാ കളക്ടർ റവന്യൂ റിക്കവറിക്കായി 12-10-2006-ന് തഹസിൽദാർക്ക് അറിയിപ്പു നൽകിയിട്ടുണ്ട്. ആയതുപ്രകാരം നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്നതിനു 28-5-2008-ന് തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്.

(7) സൂചിത പ്രവൃത്തിയുടെ ക്രമീകരിക്കുവാൻ ബാക്കിയുള്ള തുകയുടെ ബാദ്ധ്യത ഒടുക്കുന്നതിനു നഗരസഭയിൽ നിന്നുള്ള അറിയിപ്പ് 8-2-2008-ന് കൺവീനർ കൈപ്പറ്റുകയും 22-3-2008-ന് മറുപടി നൽകുകയും മറുപടിയിൽ ചെയ്തിടത്തോളം പ്രവർത്തിയുടെ കണക്കുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ അളവുകൾ രേഖപ്പെടുത്തിയശേഷം കൺവീനർ നടത്തിയ പണികൾ പ്രത്യക്ഷത്തിൽ അളക്കുവാൻ സാദ്ധ്യമായ അളവു രേഖപ്പെടുത്തിയതുപ്രകാരം 15,000 രൂപ അഡ്വാൻസ് തുക ബില്ലിൽ ക്രമപ്പെടുത്തിയിട്ടുണ്ട്."

43. (എ) മേൽ ഓഡിറ്റ് പരാമർശങ്ങളെക്കുറിച്ച് 17-6-2009-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. കെ.പി. മധുസൂദനൻ റോഡ് ടാറിംഗിന് അധികം നൽകിയ മുൻകൂർ തുക ഗുണഭോക്തൃ സമിതി കൺവീനർ തിരിച്ചടച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിക്കുകയും ഇക്കാര്യം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് സമിതിക്ക് നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(ബി) മാണിക്കോത്ത് ഇടവഴി പുനരുദ്ധാരണത്തിനു മുൻകൂർ നൽകിയ തുക തിരികെ ഈടാക്കാൻ ആർ.ആർ. നടപടികൾ തുടരുകയാണെന്നും, 2000-01 കാലത്ത് ശ്രീ. രവീന്ദ്രൻ നായർ ആയിരുന്നു മുനിസിപ്പൽ സെക്രട്ടറിയെന്നും അദ്ദേഹം സുഖമില്ലാതെ ആശുപത്രിയിലായതിനാൽ യോഗത്തിന് ഹാജരാകാൻ കഴിയില്ലെന്നറിയിച്ചിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. മുൻ സെക്രട്ടറി സർവ്വീസിൽ നിന്ന് പിരിഞ്ഞതിനാൽ മുൻകൂർ തുക ഈടാക്കുന്നതിന് അദ്ദേഹത്തിനെതിരെ ആർ.ആർ. നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുവാനും രണ്ടു മാസത്തിനകം നടപടി പൂർത്തിയാക്കിയില്ലെങ്കിൽ ഇപ്പോഴത്തെ സെക്രട്ടറിക്കെതിരെ ലയബിലിറ്റി ഫിക്സ് ചെയ്യുവാനും സമിതി നിർദ്ദേശിച്ചു.

(സി) കുന്നിൻഭാഗം റോഡ് പണിയിൽ നഷ്ടം വരുത്തിയ 59,332 രൂപ തിരികെ ഈടാക്കുന്നതിനായി കൺവീനർക്കെതിരെ രണ്ടു മാസത്തിനകം ആർ.ആർ. നടപടി സ്വീകരിക്കണമെന്നും ഇല്ലെങ്കിൽ സെക്രട്ടറിയുടെ പേരിൽ ബാദ്ധ്യത തീർപ്പാക്കുമെന്നും സമിതി അറിയിച്ചു.

(ഡി) പുത്തലത്ത് റോഡ് ടാറിംഗിന് മുൻകൂർ നൽകി തീർപ്പാകാതെ കൺവീനറുടെ പക്കലുള്ള 15,340 രൂപ തിരികെ ഈടാക്കുവാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞു. കൺവീനർ ഇപ്പോൾ മുനിസിപ്പാലിറ്റിക്ക് പുറത്തേക്ക് താമസം മാറിയെന്നും കത്തയച്ചതിന് പ്രവൃത്തി ചെയ്തിട്ടുണ്ടെന്ന് അറിയിച്ചെന്നും എന്നാൽ പരിശോധനയിൽ വേറെയാളാണ് വർക്ക് ചെയ്തതെന്ന് മനസ്സിലായിട്ടുണ്ടെന്നും ആർ. ആർ. നടപടിക്ക് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

നഷ്ടം വരുത്തിയ ആളിൽ നിന്നും മേൽതുക പലിശ സഹിതം രണ്ടു മാസത്തിനകം ഈടാക്കിയില്ലെങ്കിൽ സെക്രട്ടറിയുടെ പേരിൽ ബാദ്ധ്യത നിശ്ചയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(ഇ) തിരുവങ്ങാട് ക്ഷേത്രം-കോടിയേരി പഞ്ചായത്ത് അതിർത്തി റോഡ് ടാറിംഗിന് ടാറിന്റെയും ടാർവീപ്പയുടെയും വിലയായി 11,145 രൂപ ഈടാക്കാനുള്ള അന്തിമ നോട്ടീസ് കൊടുത്തതിന്റെ തുടർനടപടികളെക്കുറിച്ച് സമിതി ആരാഞ്ഞു. 22-5-2009-ൽ ആർ.ആർ. നടപടിക്ക് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും, പ്രവൃത്തി പൂർത്തിയാക്കി കണക്കുകൾ കൊടുത്തിരുന്നുവെന്നും ഓഫീസിൽ വന്ന നോട്ടപ്പിശകുമൂലമാണ് മേൽതുക ഈടാക്കിയില്ലെന്ന പരാമർശം വന്നതെന്നും സെക്രട്ടറി മറുപടി നൽകി. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ച് കണക്കുകൾ അംഗീകരിച്ചാണ് തുക കൊടുത്തതെന്നും കമ്മിറ്റി പിരിച്ചുവിട്ട സ്ഥിതിക്ക് ഇനി ബാദ്ധ്യതയില്ലെന്ന മറുപടിയാണ് കൺവീനർ തന്നിരിക്കുന്നതെന്നും, പ്രസ്തുത കാര്യം കൗൺസിലിൽ വച്ചെങ്കിലും ഇതേപോലുളള എല്ലാ പ്രവൃത്തികളും ഒന്നിച്ചു വയ്ക്കണമെന്ന്

പറഞ്ഞതുമൂലമാണ് റിക്കവറി നടപടികൾ വൈകിയതെന്നും സെക്രട്ടറി തുടർന്നറിയിച്ചു. മുനിസിപ്പൽ ഓഫീസിൽ റിക്കാഡുകൾ സൂക്ഷിക്കാൻ സൗകര്യങ്ങൾ അപര്യാപ്തമായ തിനാൽ ഫയലുകളൊക്കെ തറയിൽ കൂട്ടിയിരിക്കുകയാണെന്നും നഷ്ടപ്പെട്ടുപോകാൻ സാദ്ധ്യതയുണ്ടെന്നും സെക്രട്ടറി അറിയിച്ചതിന് ലോക്കൽ ബോഡീസിന് കെട്ടിടം നിർമ്മിക്കാൻ സർക്കാർ പണം നൽകുന്നുണ്ടെന്ന് സമിതി അഭിപ്രായപ്പെടുകയും, തുക ഈടാക്കാനുള്ള നടപടികൾ രണ്ട് മാസത്തിനകം പൂർത്തീകരിച്ചില്ലെങ്കിൽ ഇപ്പോഴത്തെ സെക്രട്ടറിയുടെ പേരിൽ ബാദ്ധ്യത നിശ്ചയിക്കുമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(എഫ്) ഇസ്ക്ര ലൈബ്രറി-ഹിമാലയ റോഡ് പരിഷ്കരണത്തിന് 3,98,742 രൂപയുടെ പ്രവൃത്തി ചെയ്തതിന് ഗുണഭോക്തൃ സമിതി കൺവീനർക്ക് 28,459 രൂപ അധികം നൽകിയത് തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിച്ച് രണ്ട് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ശ്രീ. ബാലകൃഷ്ണകൈമൾ, റിട്ടയേർഡ് മുനിസിപ്പൽ എഞ്ചിനീയർ സമിതി മുമ്പാകെ ഹാജരാകുകയും ഇസ്ക്ര ലൈബ്രറി-ഹിമാലയ ഫാർമസി റോഡ് പരിഷ്കരണം പൂർത്തിയാകാത്ത കേസ്സിൽ ഓഡിറ്റ് വകുപ്പിൽ നിന്നും തനിക്കു ലഭിച്ച നോട്ടീസിന്മേൽ തുടർനടപടിയിൽ നിന്നൊഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. സമിതിയുടെ തീരുമാനപ്രകാരമാണ് നടപടിയെന്ന് അറിയാൻ കഴിഞ്ഞു വെന്നും അദ്ദേഹം അറിയിച്ചു.

സമിതിയിൽ വരുന്ന കാര്യങ്ങൾക്ക് സമിതിയുടെ തീരുമാനത്തിനു വിധേയമാ യാണ് നടപടി വരുന്നതെന്നും ടിയാന്റെ പേരിൽ ബാധ്യത നിശ്ചയിച്ചിരുന്നോയെന്നും സമിതി ആരാഞ്ഞു. ബാധ്യത നിശ്ചയിച്ചിട്ടുണ്ടെന്ന് ശ്രീ. കൈമൾ അറിയിച്ചതിന് ആർ.ആർ. നടപടികൾ തുടരുകയാണെന്ന് തലശ്ശേരി മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു.

റിക്കവറി നടപടികൾ തുടരട്ടെയെന്ന് സമിതി അറിയിച്ചു. ഏത് അടിസ്ഥാനത്തി ലാണ് തന്നെ ഒഴിവാക്കണമെന്ന് ആവശ്യപ്പെടുന്നതെന്ന് ശ്രീ. കൈമളോട് സമിതി ആരാഞ്ഞതിന് ഡയറക്ടർക്ക് മറുപടി കൊടുത്തിരുന്നുവെന്ന് ശ്രീ. കൈമൾ മറുപടി നൽകി. പേയ്മെന്റ് നടത്തിയത് താനല്ലെന്നും 'Secured Advance' പിടിച്ചില്ലെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് ശ്രീ. കൈമൾ മറുപടി നൽകിയതിന് കമ്മിറ്റി തീരുമാനം അനുസരിച്ച് നടപടിയുണ്ടാകുമെന്നും വിശദീകരിക്കേണ്ട കാര്യങ്ങൾ എഴുതി കൊടുക്കണ മെന്നും അതു പരിശോധിച്ച് തീരുമാനമുണ്ടാകുമെന്നും സമിതി അറിയിച്ചു.

(എ) കണിച്ചിറത്തോട് ബണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമപ്പെടുത്താതെ യിരുന്ന 15,000 രൂപ ഫൈനൽ ബിൽ പ്രകാരം ക്രമപ്പെടുത്തിയെന്ന് സെക്രട്ടറിയും കാണാതെപോയ എം.ബുക്ക് പിന്നീട് തിരിച്ചു കിട്ടിയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ഡയറക്ടറും അറിയിച്ചതിനെ തുടർന്ന് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ഫയലുകൾ സൂക്ഷിക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ ഏർപ്പാടാക്കുന്നതിന് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കണമെന്ന് ഈയവസരത്തിൽ സമിതി അഭിപ്രായപ്പെട്ടു.

44. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17-2-2010-ലെ 8508/സ്പെ.സെൽ.ജി.1/09 നമ്പർ കത്തുപ്രകാരം കെ.പി. മധുസൂദനൻ റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

"(എ) തിരിച്ചടവ് പരിശോധിച്ചു. 28-6-2005-ലെ രസീതു നമ്പർ 3237/65 പ്രകാരം ബാക്കിയായ മുൻകൂർ, പലിശ എന്നീ ഇനങ്ങളിലായ 36,668 രൂപ കൺവീനർ തിരിച്ചടച്ചിട്ടുള്ളത് ബോദ്ധ്യപ്പെട്ടു. തുടർനടപടികൾ ഒഴിവാക്കാവുന്നതാണ്."

**നിഗമനങ്ങൾ/ശുപാർശകൾ**

45. (1) **കെ.പി. മധുസൂദനൻ റോഡ് ടാറിംഗിന് അധികം കൈപ്പറ്റിയ തുക കൺവീനർ തിരിച്ചടച്ചത് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

(2) **മാണിക്കോത്ത് ഇടവഴി പുനരുദ്ധാരണത്തിന് മുൻകൂർ നൽകിയ 12,500 രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും അടിയന്തിരമായി ഈടാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

(3) **കുന്നിൻഭാഗം റോഡ് പണിയിൽ നഷ്ടം വന്ന 59,332 രൂപ അടിയന്തിരമായി ഈടാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

(4) **പുത്തലത്ത് റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് കൺവീനറുടെ പക്കലുള്ള 15,340 രൂപയും പലിശയും അടിയന്തിരമായി ഈടാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

(5) **തിരുവങ്ങാട് ക്ഷേത്രം-കോടിയേരി പഞ്ചായത്ത് അതിർത്തി റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് കിട്ടുവാനുള്ള 11,145 രൂപ കൺവീനറിൽ നിന്നും അടിയന്തിരമായി ഈടാക്കി റിപ്പോർട്ടു നല്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

(6) **ഇസ്ക്ര ലൈബ്രറി-ഹിമാലയ ഫാർമസി റോഡ് പണിയുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് അധികം നൽകിയ 28,459 രൂപ അടിയന്തിരമായി തിരികെ ഈടാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം പ്രവൃത്തിയുമായി ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയറുടെ വാദം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

(7) **കണിച്ചിറത്തോട് ബണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമപ്പെടുത്താതെയിരുന്ന 15,000 രൂപ ഫൈനൽ ബിൽ പ്രകാരം ക്രമപ്പെടുത്തിയതിന്റെയും എം. ബുക്ക് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികൾ പൂർത്തിയായില്ല : മുൻകൂർ 2,47,995 രൂപ ഈടാക്കിയില്ല:**

പൂർത്തീകരിക്കാത്ത മരാമത്ത് പണികളുടെ സമാഹരണ/സെക്വേർഡ് മുൻകൂറുകൾ നഗരസഭ തിരിച്ച് ഈടാക്കിയില്ല. എട്ട് മരാമത്ത് പണികൾക്ക് നൽകിയ 2,47,995 രൂപയാണ് ഈടാക്കുവാനുള്ളത്. 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിലാണ് ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് പണം നൽകിയത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| | *പണിയുടെ പേര്* | *ഈടാക്കാനുള്ള തുക* |
|---|---|---|
| (1) | സൂര്യകുളം-ആലിഫ് നഴ്സറി റോഡ് ടാറിംഗ് | 25,500 |
| (2) | എരഞ്ഞോളിപ്പാലം-കുട്ടിമാക്കൂൽ റോഡ് | 52,300 |
| (3) | കണിച്ചിറ തോട് പുനരുദ്ധാരണം | 75,000 |
| (4) | കുഞ്ഞാലിമരയ്ക്കാർ പാർക്ക് നവീകരണം | 6,250 |
| (5) | അംഗനവാടി കെട്ടിടം (2-ാം വാർഡ്) | 25,000 |
| (6) | കുയ്യാലി ഹരിജൻ കോളനി പൈപ്പ് ലൈൻ | 10,020 |
| (7) | ശാഫിദവാഖാന-മാരിയമ്മൻകോവിൽ നടപ്പാത | 37,500 |
| (8) | കൊവ്വൽ വയൽ-ഓടിയിക്കുന്ന് റോഡ് | 16,425 |
| | ആകെ | 2,47,995 |

അടങ്കലും എസ്റ്റിമേറ്റും വർഷങ്ങൾക്ക് മുൻപുള്ളതായതിനാൽ പണികൾ ഇനി പൂർത്തിയാക്കാനാവില്ല. സൂര്യകുളം-ആലിഫ് നഴ്സറി റോഡ് ടാറിംഗിന് 12,000 രൂപയും എരഞ്ഞോളിപ്പാലം-കുട്ടിമാക്കൂൽ റോഡിന് 27,000 രൂപയും കണിച്ചിറതോട് പുനരുദ്ധാരണത്തിന് 25,000 രൂപയും പാർട്ട് ബില്ലുകൾ നൽകിയതായും കാണുന്നു. പണികൾ പൂർത്തീകരിക്കാൻ സാധ്യതയില്ലാത്തതിനാൽ ഇവയ്ക്ക് നൽകിയ 64,000 രൂപ പാഴ്ചെലവാണ്. പൊതുപണം വർഷങ്ങളായി സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്നത് നിയമവിരുദ്ധമാണ്. മുൻകൂർ തുക 2,47,995 രൂപ 12 ശതമാനം പിഴപ്പലിശ സഹിതം അടിയന്തിരമായി തിരിച്ച് ഈടാക്കേണ്ടതാണ്.

[2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4.II.11(2)]

46. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

"(1) സൂര്യകുളം-ആലിഫ് നഴ്സറി റോഡ് പ്രവൃത്തിയുടെ കൺവീനർ സ്ഥലത്തില്ലാത്ത കാരണത്താൽ കമ്മിറ്റി അംഗങ്ങൾക്ക് നോട്ടീസ് നൽകാനുള്ള നിർദ്ദേശ പ്രകാരം കമ്മിറ്റി അംഗങ്ങൾക്ക് നോട്ടീസ് നൽകിയതിൽ പലരും സ്ഥലംമാറി പോയിട്ടുള്ളതായും, ചിലർ മരണപ്പെട്ടിട്ടുള്ളതായും കാണുന്നു. രണ്ടു പേർ മാത്രമാണ് നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത്. ബാദ്ധ്യതയായുള്ള തുക ഏതാനും പേരിൽ നിന്നും

മാത്രമായി റിക്കവറി ചെയ്യേണ്ടി വരുന്നതിനാലും അതു വിവേചനപരമായിരിക്കുമെന്ന തിനാലും ഇന്ത്യയ്ക്ക് പുറത്താണെന്ന് അറിയിച്ചിട്ടുള്ള കൺവീനറുടെ കുടുംബങ്ങൾക്ക് കൺവീനർക്കുള്ള നോട്ടീസ് നൽകുന്നതിനും അല്ലാത്തപക്ഷം പതിച്ചു നടത്തി റിക്കാർഡാക്കുന്നതിനും മുനിസിപ്പൽ എഞ്ചിനീയർ ശുപാർശ ചെയ്തപ്രകാരം 8-2-2008-ന് അറിയിപ്പു നൽകുകയും മറുപടി ലഭിക്കാതെ വന്നതിനാൽ 26-5-2008-ന് നോട്ടീസ് പതിച്ചു നടത്തുകയും ആയതു പ്രകാരം 25,500 രൂപ 23-6-2008-ന് നഗരസഭാ ഫണ്ടിൽ കൺവീനർ ഒടുക്കിയിട്ടുണ്ട്.

(2) എരഞ്ഞോളിപ്പാലം-കുട്ടിമാക്കൂൽ റോഡിന്റെ പ്രവർത്തികൾക്കായി മുൻകൂർ നൽകിയ 52,300 രൂപയിൽ കമ്മിറ്റി മെറ്റലിംഗ് പ്രവൃത്തി കൂടി ചെയ്തിട്ടുള്ള തിനാൽ ചെയ്തിടത്തോളം പ്രവൃത്തിയുടെ ബില്ല് തയ്യാറാക്കി വരുന്നു. നടപടി പൂർത്തിയാവുന്ന മുറയ്ക്ക് ഓഡിറ്റ് മുൻപാകെ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(3) കണ്ണിച്ചിറ തോട് പുനരുദ്ധാരണ പ്രവൃത്തി നിർവ്വഹിച്ച നിലയിൽ പ്രവൃത്തി സമാപ്തീകരിക്കുന്നതിനായി കൗൺസിൽ തീരുമാനിച്ചതുപ്രകാരം ആയതിനു ബിൽ തയ്യാറാക്കി മുൻകൂർ തുക ടി ബില്ലിൽ ക്രമീകരിച്ചിട്ടുണ്ട്.

സൂചിത പ്രവൃത്തിയുടെ നികുതികളടക്കം ബിൽ തുക 1,95,239 രൂപയും നികുതികൾ ഒഴിവാക്കി ബിൽ തുക 1,85,945 രൂപയും ആണ്. കൺവീനർക്ക് മുൻകൂർ നൽകിയ 75,000 രൂപ 12-6-2007-ലെ 26-ാമത് കൗൺസിൽ തീരുമാന പ്രകാരം ബില്ലിൽ ക്രമീകരിച്ചിട്ടുണ്ട്.

(4) കുഞ്ഞാലിമരയ്ക്കാർ പാർക്ക് നവീകരണ പ്രവൃത്തിയുടെ കണക്കുകൾ ഹാജരാക്കുന്നതിനു കൺവീനർക്ക് 24-11-2007-ന് ഏറ്റവും ഒടുവിലായി അറിയിപ്പു നൽകിയതു പ്രകാരം സമർപ്പിച്ച മറുപടിയിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളില്ലെങ്കിലും പ്രവൃത്തി സ്ഥലത്ത് ആവശ്യമായ പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്നും അഡ്വാൻസ് നൽകിയ 6,250 രൂപയിൽ കൂടുതലായി പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ടെന്നും ടിയാൻ അവകാശപ്പെട്ടിട്ടുണ്ട്. എ. ഇ.യുടെ റിപ്പോർട്ട് പ്രകാരം സൂചിത വിഷയം കൗൺസിൽ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(5) നഗരസഭയുടെ 2-ാം വാർഡിലെ അംഗനവാടി കെട്ടിടം നിർമ്മാണ പ്രവർത്തിക്കായി കൺവീനർ ശ്രീ. ടി. പി. വിജയൻ എന്നയാൾ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 25,000 രൂപ കൈപ്പറ്റിയിരുന്നു. എന്നാൽ പ്രവൃത്തി നടത്തു ന്നതിനും അല്ലാത്തപക്ഷം തുക തിരിച്ചടയ്ക്കുന്നതിനും പലതവണ അറിയിപ്പു നൽകി യിട്ടും യാതൊരു മറുപടിയും ലഭിക്കാത്തതിനെ തുടർന്ന് ടിയാന്റെ പേരിൽ റവന്യൂ റിക്കവറിക്കായി 6-2-2008-ന് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് ഓഡിറ്റ് മുൻപാകെ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(6) കുയ്യാലി ഹരിജൻ കോളനി പൈപ്പ് ലൈൻ പ്രവർത്തി എത്രത്തോളം നടന്നുവെന്നു പരിശോധിക്കുന്നതിലേക്കായി ടെസ്റ്റ് ഫിറ്റ് നടത്താൻ 17-6-2007-ലെ 22-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കൺവീനറെ അതിനായി ഹാജരാകുന്നതിന് അറിയിച്ചെങ്കിലും ടിയാൻ ഹാജരായിട്ടില്ലാത്തതാകുന്നു. മേൽ സാഹചര്യത്തിൽ ഇതുവരെയുള്ള പ്രവൃത്തികളുടെ അളവെടുക്കുന്നതിനു ഓവർസിയറെ ചുമതലപ്പെടുത്തി ക്കൊണ്ട് സെക്രട്ടറി ഉത്തരവായിട്ടുള്ളതും ആയതു പ്രകാരം നടപടി തുടർന്ന് വരുന്നതുമാണ്.

(7) ശാഫിദവാഖാന-മാരിയമ്മൻ കോവിൽ പ്രവൃത്തിക്കു മുൻകൂർ അനുവദിച്ച തുക ഈടാക്കുന്നതിനു 12-2-2008-ന് റവന്യൂ റിക്കവറിക്കായി ജില്ല കളക്ടർക്ക് അയയ്ക്കുകയും നടപടികളുടെ നിലവിലുളള സ്ഥിതി അറിയിക്കുന്നതിനു 28-5-2008-ന് വീണ്ടും കത്ത് അയച്ചിട്ടുണ്ട്.

(8) കൊമ്മൽ വയൽ ഓടക്കായ്കുന്നു റോഡ് പ്രവൃത്തിക്ക് മുൻകൂർ അനുവദിച്ചു നൽകിയ 16,425 രൂപ ഈടാക്കുന്നതിലേക്കായി 26-12-2006-ന് റവന്യൂ റിക്കവറിക്കായി ജില്ലാ കളക്ടർക്ക് അറിയിപ്പ് നൽകുകയും നടപടികളുടെ നാളിതുവരെ യുളള വിവരം അറിയിക്കുന്നതിനു തഹസിൽദാർക്ക് 28-5-2008-ാം തീയതി വീണ്ടും കത്ത് നൽകിയിട്ടുണ്ട്."

47. ഓഡിറ്റ് പരാമർശത്തിൻമേൽ 17-6-2009-ലെ തെളിവെടുപ്പു യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു.

**മുൻകൂർ 2,47,995 രൂപ ഈടാക്കിയില്ല**

(1) സൂര്യകുളം-ആലിഫ് നഴ്സറി റോഡ് : ടാറിംഗ് പണികൾ പൂർത്തീകരി ക്കാത്തതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന് തുക തിരികെ അടച്ചിട്ടുണ്ടെന്ന് തലശ്ശേരി മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇക്കാര്യം പരിശോധിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് തരണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമിതി നിർദ്ദേശം നൽകി.

(2) എരഞ്ഞോളിപ്പാലം-കുട്ടിമാക്കൂൽ റോഡ് : റോഡ് പ്രവൃത്തികൾക്കായി 52,300 രൂപ മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ സമിതി ആരാഞ്ഞു. ബിൽ തയ്യാറാക്കിയിട്ടുണ്ടെന്നും ഫൈനൽ പേയ്മെന്റ് കൊടുത്തിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. തന്നെ അറിയിക്കാതെയാണ് പ്രവൃത്തി നടത്തിയതെന്ന് അന്നത്തെ എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന തിനു വ്യത്യസ്തമായാണ് പല പ്രവൃത്തികളും ചെയ്തിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പൂന്തോട്ടത്തിൽ പുല്ല് വച്ചുപിടിപ്പിക്കാനുളള വർക്കിൽ ഉൾപ്പെടുത്തി മറ്റു വർക്കുകളും ചെയ്തതെന്നും പൂന്തോട്ടത്തിലെ ഒരു കുളം മണ്ണിട്ടു നികത്തിയെന്നും ആയതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനു ശേഷമേ അളവ് എടുക്കാൻ പറ്റുക യുളളൂവെന്നും തലശ്ശേരി മുനിസിപ്പൽ എഞ്ചിനീയർ സമിതിയെ തുടർന്ന് അറിയിച്ചു.

ആരുടെ കാലത്താണ് മേൽ പ്രവൃത്തികൾ നടന്നതെന്ന് സമിതി ചോദിച്ചതിന് തന്റെ പിരീഡിൽ നടന്ന വർക്കല്ലെന്നും ഇപ്പോൾ അളവെടുത്തിട്ടുണ്ടെന്നും, ബാക്കി 13,167 രൂപയും രണ്ടു ബില്ലിന്റെ വൗച്ചേഴ്സും ഹാജരാക്കാനുണ്ടെന്നും മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകി. ഇതൊന്നും മുനിസിപ്പാലിറ്റിയുടെ മറുപടിയിൽ നേരത്തെ ഉണ്ടായിരുന്നില്ലെന്ന് സമിതി സൂചിപ്പിക്കുകയും മേൽ കാര്യങ്ങൾ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുളളിൽ സെറ്റിൽ ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(3) കണിച്ചിറ റോഡ് പുനരുദ്ധാരണം: കൺവീനർക്ക് മുൻകൂർ നല്കിയ 75,000 രൂപ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്ന് മുനിസിപ്പൽ സെക്രട്ടറി അറിയിച്ചതിന് ഫൈനൽ ബിൽ തയ്യാറാക്കി സെറ്റിൽ ചെയ്ത് രണ്ടാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

(4) കുഞ്ഞാലിമരയ്ക്കാർ പാർക്ക് നവീകരണം: മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റിൽ പറയാത്ത കാര്യങ്ങൾ ചെയ്തിരിക്കുന്നതിനാൽ അളവെടുത്ത് രേഖപ്പെടുത്താൻ പറ്റിയില്ലെന്നും ഇപ്പോഴും തീർപ്പായിട്ടില്ലെന്നും തലശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. ഫയർഫോഴ്സുകാർ വെള്ളമെടുക്കുന്ന ഒരു കുളം അവിടെ ഉണ്ടായിരുന്നുവെന്നും ഈ സ്ഥലത്ത് ചെടി നടാനും പുല്ല് പിടിപ്പിക്കാനുമുള്ള പ്രവൃത്തിയായിരുന്നു പാർക്ക് നവീകരണം എന്ന പദ്ധതിയിലുൾപ്പെട്ടതെന്നും ഇതിലേക്കായി കുളം നികത്താതെ പുല്ല് വച്ചുപിടിപ്പിക്കുവാൻ സാദ്ധ്യമായിരുന്നില്ലെന്നും എന്നാൽ കുളം നികത്തുന്ന പ്രവൃത്തി എസ്റ്റിമേറ്റിൽ ഇല്ലായിരുന്നുവെന്നും അദ്ദേഹം തുടർന്നറിയിച്ചു. 6,250 രൂപയാണ് സെക്വേർഡ് അഡ്വാൻസായി കോൺട്രാക്ടർക്ക് മുൻകൂർ നൽകിയതെന്നും, മണ്ണടിച്ച് ലെവൽ ആക്കി വശങ്ങളിൽ കോൺക്രീറ്റ് ജാളി വച്ചിട്ടുണ്ടെന്നും ഇവ രണ്ടും എസ്റ്റിമേറ്റിലില്ലാത്ത വർക്കായതിനാൽ ബില്ല് സെറ്റിൽ ചെയ്തിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇപ്പോൾ ചെയ്ത പണികളുടെ അളവ് എടുത്തുകൊടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും തലശ്ശേരി മുനിസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു.

എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ലെന്നും ഇക്കാര്യം കൗൺസിലിൽ സമർപ്പിച്ചിട്ടേയുള്ളൂവെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് മുനിസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു. 'എക്സ്ട്രാ ഐറ്റം' ആയി പിന്നീട് അംഗീകാരം കൊടുത്താൽ പോരേയെന്ന് സമിതി അഭിപ്രായപ്പെടുകയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയോ കൗൺസിലംഗീകാരം വാങ്ങുകയോ ചെയ്ത് ഒരു മാസത്തിനകം ഫൈനൽ ബിൽ സെറ്റിൽ ചെയ്ത് സമിതിക്ക് റിപ്പോർട്ടു നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(5) അംഗനവാടി കെട്ടിടം (2-ാം വാർഡ്): മേൽ പ്രവൃത്തിക്കായി മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ കൺവീനർ കൈപ്പറ്റിയ 25,000 രൂപ പലിശയും ചേർത്ത് 30,000 രൂപ അടച്ചുവെന്നും പിഴപ്പലിശ കൂട്ടിയാൽ ഇതിലും കൂടുമെന്നും പിഴപ്പലിശ ഒഴിവാക്കുന്നതിനായി കൗൺസിൽ സർക്കാരിലേക്കെഴുതിയിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. പലിശയിനത്തിൽ 5,000 രൂപ അടയ്ക്കാൻ തീരുമാനിച്ചതെങ്ങനെയാണെന്ന് സമിതി ആരാഞ്ഞു.

ചെയർമാൻ കൺവീനറുമായി ചർച്ച ചെയ്ത് പരമാവധി തുക അടയ്ക്കാൻ നിർദ്ദേശിക്കുകയും ബാങ്ക് അക്കൗണ്ടിലുണ്ടായിരുന്ന തുക കൂട്ടിച്ചേർത്ത് 30,000 രൂപ അടയ്ക്കുകയും ചെയ്യുകയായിരുന്നുവെന്ന് മുനിസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു. ഇക്കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

(6) കുയ്യാലി ഹരിജൻ കോളനി പൈപ്പ്ലൈൻ: മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 10,020 രൂപ അടയ്ക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും ചെയ്ത വർക്കുകൾ പരിഗണിച്ച് 1,240 രൂപ തിരിച്ചടച്ചാൽ മതിയെന്നാണ് മെഷർമെന്റ് പ്രകാരം എഞ്ചിനീയർ കണ്ടെത്തിയതെന്നും ജി. ഐ. പൈപ്പിടാനാണ് പറഞ്ഞിരുന്നതെങ്കിലും പി.വി.സി. പൈപ്പാണിട്ടതെന്നും അതുകൊണ്ടാണ് പെൻഡിംഗായതെന്നും പൈപ്പിൽ കൂടി ഇപ്പോഴും വെള്ളം ലഭിക്കുന്നുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു.

കുറഞ്ഞവിലയ്ക്കുള്ള പൈപ്പുകളാണ് വാങ്ങിയത് എന്നതിനാൽ കൂടുതൽ വാങ്ങിയ തുക തിരിച്ചടയ്ക്കേണ്ടിവരുമെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും ഇക്കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഓഡിറ്റ് വകുപ്പിനോടു നിർദ്ദേശിക്കുകയും ചെയ്തു.

(7) ശാഹിദവാ ഖാന-മാരിയമ്മൻകോവിൽ നടപ്പാത : മേൽ പരാമർശവുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടിക്ക് അയച്ചതിനെതിരെ കോടതിയിൽ നിന്ന് സ്റ്റേ വാങ്ങിയിരിക്കുന്നതിനാൽ മുന്നോട്ടു പോകാൻ കഴിയുന്നില്ലെന്നും ഒ.എസ്. നമ്പർ 267/2008 എന്നതാണ് കേസ് നമ്പറെന്നും വക്കീലിനെ വച്ചിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കേസ് ഫോളോ-അപ് ചെയ്ത് വിധിവരുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

(8) കൊമ്മൽ വയൽ-ഓടയ്ക്കാകുന്ന് റോഡ് : പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട നടപടികൾ സ്റ്റേയിലാണെന്നും സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൊടുത്തിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ കേസ്സിനും 'ഫോളോ-അപ്' വേണമെന്ന് സമിതി നിർദ്ദേശിച്ചു.

48. മേൽ ഓഡിറ്റ് പരാമർശത്തിലെ 1, 3, 5, 6 എന്നീ ഉപഖണ്ഡികകൾക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17-2-2010-ലെ 8508/സ്പെ.സെൽ. ജി.1/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

ഉപഖണ്ഡിക 1 : തിരിച്ചടവ് പരിശോധിച്ചു. 3-6-2008-ലെ രസീതു നമ്പർ 12876/66 പ്രകാരം തുക ഈടാക്കിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. തുടർനടപടികൾ ഒഴിവാക്കാവുന്നതാണ് (സൂര്യകുളം-ആലിഫ് നഴ്സറി റോഡ് ടാറിംഗ്).

ഉപഖണ്ഡിക 3 : 1,85,942 രൂപ പ്രവൃത്തിമൂല്യം കണക്കാക്കി അന്തിമ ബില്ല് തയ്യാറാക്കുകയും അതിൽ നിന്ന് മുൻകൂർ തുകയായ 75,000 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. അനുബന്ധ കരാർ ഉടമ്പടിയും പ്രവൃത്തി ചെലവ് കണക്കുകളും കമ്മിറ്റി ഹാജരാക്കിയിട്ടില്ലാത്തതിനാൽ കൺവീനർക്ക് നൽകേണ്ട 9,665 രൂപ അനുവദിച്ചിട്ടില്ല. തുടർനടപടികൾ ഒഴിവാക്കാവുന്നതാണ് (കണിച്ചിറ തോട് പുനരുദ്ധാരണം).

ഉപഖണ്ഡിക 5 : റവന്യൂ റിക്കവറി നടപടിയിലൂടെ 2-7-2008-ന് 30,000 രൂപ ഈടാക്കിയിട്ടുണ്ട് (മുൻകൂർ 25,000+പലിശ 5,000 രൂപ) പലിശയിനത്തിൽ ബാക്കിയായ 29,125 രൂപ ഒഴിവാക്കുന്നതിനുള്ള അനുമതിക്കായി (കൗൺസിൽ അനുമതിയോടെ) സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ തീരുമാനം സംബന്ധിച്ച വിവരം ലഭ്യമല്ല (അംഗനവാടി കെട്ടിടം 2-ാം വാർഡ്).

ഉപഖണ്ഡിക 6 : ഫയൽ പരിശോധിച്ചു. പ്രവൃത്തി ഭാഗികമായേ പൂർത്തിയാക്കിയിട്ടുള്ളൂ. പൂർത്തിയായ പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തി 28-8-2008-ന് അന്തിമ ബില്ല് തയ്യാറാക്കുകയും മുൻകൂർ തുകയിൽ 8,780 രൂപ അഡ്ജസ്റ്റ് ചെയ്യുകയും

ചെയ്തിട്ടുണ്ട്. ബാക്കിയായ 1,240 രൂപ ഒടുക്കുവാൻ 4-2-2009, 11-2-2009 തീയതികളിൽ കൺവീനർക്ക് അറിയിപ്പ്/അന്തിമ അറിയിപ്പ് നല്കിയിട്ടുള്ളതാണ്. മറുപടി ലഭ്യമല്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾക്കായുള്ള അപേക്ഷയുടെ കരട് തയ്യാറാക്കി 24-11-2009-ന് ഒപ്പുവെച്ചിട്ടുണ്ട് (കുയ്യാലി ഹരിജൻ കോളനി പൈപ്പ്ലൈൻ).

**നിഗമനങ്ങൾ/ശുപാർശകൾ**

49. (1) **സൂര്യകുളം-ആലിഫ് നഴ്സറി റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് തുക തിരിച്ചടച്ചത് ബോധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

(2) **എരഞ്ഞോളിപാലം-കുട്ടിമാക്കൂൽ റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് കാര്യങ്ങൾ അടിയന്തിരമായി തീർപ്പാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

(3) **കണിച്ചിറതോട് പുനരുദ്ധാരണത്തിനായി കൺവീനർക്ക് മുൻകൂർ നൽകിയ 75,000 രൂപ ഈടാക്കിയതായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തത് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

(4) **കുഞ്ഞാലിമരയ്ക്കാർ പാർക്ക് നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ അടങ്കൽ പുതുക്കുകയോ കൗൺസിൽ അംഗീകാരം നേടുകയോ ചെയ്ത് അടിയന്തിരമായി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

(5) **അംഗനവാടി കെട്ടിടം (2-ാം വാർഡ്) പ്രവൃത്തിയുമായി ബന്ധപ്പെട്ട് പിഴപ്പലിശ ഇനത്തിൽ ബാക്കിയായ 29,125 രൂപ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തീരുമാനം അടിയന്തിരമായി സമിതിയെ അറിയിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. ഒഴിവാക്കാൻ സാധ്യമല്ലാത്തപക്ഷം പ്രസ്തുത തുക കൺവീനറിൽ നിന്നും അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് നൽകുവാനും സമിതി ശുപാർശ ചെയ്യുന്നു.**

(6) **കുയ്യാലി ഹരിജൻ കോളനി പൈപ്പ്ലൈൻ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് തിരിച്ചടയ്ക്കാനുള്ള 1,240 രൂപ അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

(7) **ശാഫിദവാഖാന-മാരിയമ്മൻ കോവിൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കോടതി കേസ് follow-up ചെയ്ത് വിധി അനുസരിച്ച് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

(8) **കൊമ്മൽവയൽ-ഓടയ്ക്കാകുന്ന് റോഡ് പണിയുമായി ബന്ധപ്പെട്ട കോടതി കേസിന്റെ വിധി അനുസരിച്ച് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡൈസ്നോൺ : സർക്കാർ ഉത്തരവ് ലംഘിച്ച് ശമ്പളം നൽകി.**
**ഡൈസ്നോൺ ബാധകമാക്കിയ പണിമുടക്ക് ദിവസത്തെ ശമ്പളം നൽകി.**

2002 ജനുവരി 10-ലെ സമരത്തിന് പൊതുഭരണ വകുപ്പിന്റെ 23-1-2002-ലെ ജി.ഒ.(പി) 34/2002 ഉത്തരവ് ഡൈസ്നോൺ ബാധകമാക്കിയിരുന്നു. ഉത്തരവ് ലംഘിച്ച് സമരത്തിൽ പങ്കെടുത്ത 200 റഗുലർ കണ്ടിജന്റ് ജീവനക്കാർക്ക് നഗരസഭ സമര ദിവസത്തെ ശമ്പളമായി 32,875 രൂപ നൽകി. സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് നഗരസഭയ്ക്കുണ്ടായ നഷ്ടമായി കണക്കാക്കി ഉത്തരവാദികളിൽ നിന്ന് തിരിച്ച് ഈടാക്കേണ്ടതും ഉത്തരവ് ബോധപൂർവം ധിക്കരിച്ചതിന് ഉത്തരവാദികളിൽ നിന്ന് വിശദീകരണം തേടേണ്ടതുമാണ്.

[2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4.II.11.(3)]

50. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"2002 ജനുവരി 10-ാം തീയതി ഡൈസ്നോൺ ബാധകമാക്കിയിരുന്ന ദിവസത്തെ ശമ്പളം തിരിച്ചുപിടിക്കുന്നതിനു നടപടി സ്വീകരിക്കുകയും, 2008 ജനുവരി മാസം നിലവിൽ നഗരസഭയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ആകെ 22,130 രൂപ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ശേഷിക്കുന്ന 10,745 രൂപ ഈ നഗരസഭയിൽ നിന്നും സ്ഥലംമാറി മറ്റു നഗരസഭയിൽ ജോലി ചെയ്തുവരുന്നവരിൽ നിന്നും, റിട്ട. ജീവനക്കാരുടെ തുക പെൻഷൻ വിഹിതത്തിൽ നിന്നും ഈടാക്കുന്നതിനുവേണ്ടി നോട്ടീസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതുകൂടി നഗരസഭ ഫണ്ടിൽ ഒടുക്കുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്."

51. ഡൈസ്നോൺ ബാധകമാക്കിയിരുന്ന പണിമുടക്കു ദിവസത്തെ ശമ്പളം നല്കിയത് സംബന്ധിച്ച് 17-6-2009-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. ആകെ 29,680 രൂപ തിരിച്ചുപിടിച്ചുവെന്നും മുഴുവൻ തുകയും തിരിച്ചുപിടിച്ചില്ലെന്നും തുക അടയ്ക്കാനുള്ളവരിൽ രണ്ടുപേർ മരിച്ചുപോയെന്നും ആ തുക തിരിച്ചുപിടിക്കാമെന്നും ബാക്കി 3,195 രൂപ കിട്ടുവാനുണ്ടെന്നും തലശ്ശേരി മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. ഒരു മാസത്തിനകം ബാക്കി തുക തിരിച്ചുപിടിക്കണമെന്നും ഇല്ലെങ്കിൽ സെക്രട്ടറിയുടെ പേരിൽ ബാദ്ധ്യത നിശ്ചയിക്കുമെന്നും സമിതി അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

52. **ഡൈസ്നോൺ ബാധകമാക്കിയിരുന്ന പണിമുടക്കു ദിവസത്തെ ശമ്പളം നൽകിയതിൽ തിരിച്ചുപിടിക്കുവാനുള്ള തുക ഈടാക്കിയതിന്റെ വിവരങ്ങൾ അടിയന്തിരമായി റിപ്പോർട്ടു ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. തിരിച്ചീടാക്കാത്തപക്ഷം ബന്ധപ്പെട്ട മുനിസിപ്പൽ സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കാനും സമിതി ശുപാർശ ചെയ്യുന്നു.**

ഖണ്ഡിക

**കമ്പ്യൂട്ടർവൽക്കരണം ലക്ഷ്യം കണ്ടില്ല**

നഗരസഭയുടെ കണക്കുകൾ കമ്പ്യൂട്ടർവൽക്കരിക്കാനുള്ള പദ്ധതി ലക്ഷ്യം കണ്ടില്ല.

1998-99-ലാണ് 1,83,600 രൂപ ചെലവഴിച്ച് പദ്ധതി പൂർത്തിയാക്കിയത്. ഇതിനുശേഷവും വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ കൃത്യതയില്ല. 1996-1997 മുതലുള്ള കണക്കുകൾ തയ്യാറാക്കുന്നതിന് ഇപ്പോഴും സ്വകാര്യ ഏജൻസികളാണ് ആശ്രയം. ഇത് അധിക ചെലവും സൃഷ്ടിക്കുന്നു.

പദ്ധതിയിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സോഫ്റ്റ്വെയറുകളും വാങ്ങിയിരുന്നു. സെക്രട്ടറിക്കും മറ്റ് രണ്ട് ജീവനക്കാർക്കും പരിശീലനവും നൽകിയിരുന്നു. ഇപ്പോൾ ഉപകരണങ്ങൾ പ്രവർത്തിക്കുന്നില്ല. കമ്പ്യൂട്ടർവൽക്കരണം പാഴ്ചെലവായത് അന്വേഷിക്കേണ്ടതാണ്.

[2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4.II.11.(4)]

53. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"നഗരകാര്യ ഡയറക്ടറുടെ 4-4-1998-ലെ എ5.12174/97 നമ്പർ ഉത്തരവു പ്രകാരം നഗരസഭയുടെ വിവിധ പ്രവർത്തികൾ കമ്പ്യൂട്ടർ മുഖേന ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ആയതുപ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിനു നടപടി സ്വീകരിക്കുകയും ചെയ്തു. സെക്രട്ടറിക്കും 2 ജീവനക്കാർക്കും കമ്പ്യൂട്ടറിലുള്ള പ്രാഥമിക പരിശീലനം ലഭിച്ചു. എന്നാൽ നഗരസഭയുടെ അക്കൗണ്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ സോഫ്റ്റ്വെയറോ കമ്പ്യൂട്ടർ പൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള ട്രെയിനിംഗോ ലഭിച്ചിരുന്നില്ല.

2004-05 മുതൽ ജീവനക്കാർക്ക് കമ്പ്യൂട്ടർ മുഖേനയുള്ള പരിശീലനം ലഭിച്ചതിനാൽ ജനന-മരണ സർട്ടിഫിക്കറ്റുകൾ മുതലായവ ഇപ്പോൾ കമ്പ്യൂട്ടർ മുഖേനയാണ് ചെയ്യുന്നത്. കമ്പ്യൂട്ടർ സ്ഥിരമായി ഉപയോഗിക്കാത്തതിനാലാണ് ഉപകരണങ്ങൾ പ്രവർത്തിക്കാതെ വന്നത്. ആയതു റിപ്പയർ ചെയ്ത് ഇപ്പോൾ ഹെൽത്ത് വിഭാഗത്തിലെ എ ഡിവിഷൻ ഓഫീസിൽ പ്രവർത്തിപ്പിക്കുന്നുണ്ട്.

2007-08 മുതൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ആരംഭിക്കുന്നതിനു കമ്പ്യൂട്ടർ പരിശീലനം ലഭിച്ചിട്ടുള്ളതിനാൽ ഇപ്പോൾ അക്കൗണ്ടുകൾ കമ്പ്യൂട്ടർ മുഖേനയാണ് ചെയ്തുവരുന്നത്. കമ്പ്യൂട്ടർവൽക്കരണത്തിൽ മേൽ സാഹചര്യത്തിൽ നഗരസഭയ്ക്ക് പാഴ്ചെലവു വന്നിട്ടില്ലെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനും വേണ്ടി അപേക്ഷിക്കുന്നു.

22-10-2001-ലെ 20-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഇൻഫർമേഷൻ കേരള മിഷൻ മുഖേന കമ്പ്യൂട്ടർ സ്ഥാപിക്കാൻ തയ്യാറായി. ഇതിനാവശ്യമായ സ്ഥലസൗകര്യം, ഫർണിച്ചർ, വൈദ്യുതി കണക്ഷൻ എന്നിവ സജ്ജമാക്കുന്നതിനു

ആവശ്യമായ തുകയ്ക്ക് ഭരണാനുമതി നൽകി. 24-4-2002 മുതൽ 30-4-2002 വരെയാണ് 2 ക്ലാർക്കുമാർക്കും സെക്രട്ടറിക്കും ട്രെയിനിംഗ് നൽകിയത്. നഗരസഭയിൽ കമ്പ്യൂട്ടറൈസേഷൻ പ്രോജക്ടിന്റെ ഭാഗമായി ഹെൽത്ത് വിഭാഗത്തിൽ ജനന-മരണ-വിവാഹ രജിസ്ട്രേഷനും സാമൂഹ്യസുരക്ഷാ പദ്ധതികൾ, പ്ലാൻ പ്രോജക്ടുകൾ, റവന്യൂ, അക്കൗണ്ട് വിഭാഗങ്ങൾ എന്നിവ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനു നഗരസഭാ കൗൺസിലിന്റെ 25-9-2002-ലെ യോഗത്തിലെ 2-ാം നമ്പറായി തീരുമാനിച്ചിരുന്നു. പ്രസ്തുത സമയത്തു നഗരസഭയിൽ ഒരു കമ്പ്യൂട്ടർ മാത്രമാണ് ഉണ്ടായിരുന്നത്. ആയതിൽ പെൻഷൻ, എസ്റ്റാബ്ലിഷ്മെന്റ്, പേ ബിൽ എന്നിവ തയ്യാറാക്കിയിരുന്നു. നഗരസഭയിൽ ജനസേവന കേന്ദ്രം 9-8-2005-ലാണ് ആരംഭിച്ചത്. ജനന-മരണ-വിവാഹ സാക്ഷ്യ പത്രങ്ങൾ കമ്പ്യൂട്ടറിൽ വിതരണം ചെയ്തുവരുന്നുണ്ട്.

2004-05 മുതൽ ജീവനക്കാർക്ക് കമ്പ്യൂട്ടർ മുഖേനയുള്ള പരിശീലനം ലഭ്യമാക്കുകയും, 2007-08 മുതൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ആരംഭിക്കുന്നതിനു പ്രത്യേക പരിശീലനം ലഭ്യമാക്കുകയും ചെയ്തതിനാൽ ഇപ്പോൾ അക്കൗണ്ടുകൾ കമ്പ്യൂട്ടർ മുഖേനയാണ് ചെയ്തുവരുന്നത്. ഇപ്പോൾ നഗരസഭയിൽ (ജനസേവന കേന്ദ്രമടക്കം 16 കമ്പ്യൂട്ടർ സിസ്റ്റം ഉണ്ട്).

1998-99-ൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി എന്നു പറയുവാൻ കഴിയുമെന്നു തോന്നുന്നില്ല.

1998-ൽ ഒരു കമ്പ്യൂട്ടർ സ്ഥാപിച്ചെങ്കിലും ആയതിനുള്ള പരിശീലനം പിന്നീടാണ് ലഭ്യമാക്കുന്നത്. അതിനിടയ്ക്ക് കമ്പ്യൂട്ടർ കുറേക്കാലം ഉപയോഗിക്കാതിരുന്നതിനാൽ ഇടയ്ക്കിടയ്ക്ക് പ്രവർത്തനക്ഷമമല്ലാതാവുകയും ചെയ്തിരുന്നു. 2002-ൽ മാത്രമാണ് കൂടുതൽ കമ്പ്യൂട്ടർ വാങ്ങുകയും കൂടുതൽ പേർക്ക് പരിശീലനവും നൽകിയിരുന്നത്. പിന്നെയും വർഷങ്ങൾക്ക് ശേഷമാണ് കമ്പ്യൂട്ടർ മുഖേന നഗരസഭയുടെ കണക്കുകൾ തയ്യാറാക്കാനുള്ള ശ്രമം നടന്നത്. 1996-97 മുതലുള്ള കണക്കുകൾ തയ്യാറാക്കുന്നതിന് സ്വകാര്യ ഏജൻസികളെ ആശ്രയിക്കാമെന്ന് സർക്കാർ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം കൊടുത്തിരുന്നു. ഈ സാഹചര്യത്തിൽ കമ്പ്യൂട്ടർവൽക്കരണം പാഴ്ചെലവാണെന്നു പറയുവാൻ കഴിയുന്നില്ല. ഇപ്പോൾ നഗരസഭയിലെ പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം കമ്പ്യൂട്ടർ വഴിയാണ് ചെയ്തുവരുന്നത്."

54. പ്രസ്തുത പരാമർശത്തെപ്പറ്റി 17-6-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞതിന് ഇപ്പോൾ കമ്പ്യൂട്ടറുകളെല്ലാം ഉപയോഗിക്കുന്നുണ്ടെന്ന് തലശ്ശേരി മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി. കമ്പ്യൂട്ടറുകൾ തകരാറിലായതാണെന്നും റിപ്പയർ ചെയ്ത് ഉപയോഗിക്കുകയാണെന്നും സെക്രട്ടറിക്കും രണ്ടു ജീവനക്കാർക്കും പരിശീലനം നൽകിയെങ്കിലും അവർ സ്ഥലംമാറിപ്പോയെന്നും ഇപ്പോഴുള്ള ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

നഗരസഭയുടെ കണക്കുകൾ കമ്പ്യൂട്ടർവൽക്കരിക്കുമ്പോൾ കമ്പ്യൂട്ടർ നെറ്റ്വർക്ക് വഴി കണക്കുകൾ പരിശോധിക്കുന്നതിനും ആഡിറ്റു വകുപ്പിനും സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നും ഇതിലേക്ക് മൂന്നുമാസത്തിനകം കൗൺസിലിന്റെ അനുമതിയോടെ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശം നൽകി.

നഗരസഭയിൽ ഡബിൾ എൻട്രി സിസ്റ്റം നടപ്പിലാക്കി കണക്കുകൾ 'അപ്-ടു-ഡേറ്റ്' ആക്കിയിട്ടുണ്ടെന്നും സെക്രട്ടറി ഇക്കാര്യം പറഞ്ഞില്ലെന്നേയുള്ളൂവെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ ഈയവസരത്തിൽ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

55. **കമ്പ്യൂട്ടർ നെറ്റ്വർക്ക് വഴി നഗരസഭയുടെ കണക്കുകൾ പരിശോധിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സൗകര്യം ലഭിക്കുന്നതിലേക്ക് അടിയന്തിരമായി കൗൺസിൽ അംഗീകാരം നേടാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് നഗരസഭയ്ക്ക് സമിതി നിർദ്ദേശം നൽകുന്നു. ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അടിത്തറ കെട്ടി കെട്ടിടം പണി ഉപേക്ഷിച്ചു**

സ്ഥലം ഉടമസ്ഥത ഉറപ്പാക്കാതെ പണി തുടങ്ങിയ കെട്ടിടം അടിത്തറ കെട്ടി ഉപേക്ഷിച്ചു. 1997-98 പദ്ധതിയിൽ ഒന്നാം വാർഡിൽ പണി തുടങ്ങിയ തൊഴിൽ പരിശീലന കേന്ദ്രമാണ് റവന്യൂ അധികൃതർ കയ്യേറ്റത്തിന് നോട്ടീസ് നൽകിയതോടെ നഗരസഭ ഉപേക്ഷിച്ചത്. ഗുണഭോക്തൃ സമിതി കൺവീനർക്ക് പണിക്ക് മുൻകൂറുകളായി 1,19,342 രൂപ നൽകിയിരുന്നു. പണി ഉപേക്ഷിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ചെയ്ത പണിയുടെ അളവെടുത്ത് മുൻകൂറുകൾ ക്രമപ്പെടുത്തിയില്ല.

ഇത്തരം പദ്ധതികളിൽ പ്രാഥമികമായി ഉറപ്പാക്കേണ്ടതാണ് സ്ഥലമുടമസ്ഥത. അതുപോലും ചെയ്യാതെ ലക്ഷങ്ങൾ മുൻകൂറുകൾ നൽകിയതിൽ നഗരസഭയുടെ കെടുകാര്യസ്ഥതയും അലംഭാവവും വ്യക്തമാണ്. അതിനാൽ അന്വേഷണം നടത്തി നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4-II-11-(5)]

56. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08/തസ്വഭവ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"തലശ്ശേരി നഗരസഭ വാർഡ് 1-ൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു തൊഴിൽ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനു തീരുമാനിക്കുകയും ആയതു പ്രകാരം തലശ്ശേരി വില്ലേജിൽ റീ.സ.21/2-ൽപ്പെട്ട നഗരസഭയുടെ കൈവശമുള്ളതുംകരം ഒടുക്കി വരുന്നതുമായ പുറമ്പോക്കു സ്ഥലത്ത് കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുകയും കെട്ടിടത്തിന്റെ പണി ആരംഭിച്ചതിനുശേഷം പ്രസ്തുത സ്ഥലം റവന്യൂ ഭൂമിയാണെന്നും പണി നിർത്തിവയ്ക്കണമെന്നും അനധികൃതമായി കെട്ടിട നിർമ്മാണം തുടങ്ങിയതിനു പിഴ ഒടുക്കണമെന്നും തലശ്ശേരി താലൂക്ക് തഹസിൽദാർ അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം താല്ക്കാലികമായി നിർത്തിവെയ്ക്കുകയും ചെയ്തിരുന്നു.

ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട പൊതുജനോപകാരപ്രദമായ പ്രസ്തുത പ്രോജക്ട് പ്രാവർത്തികമാക്കുന്നതിനു എതിരായ നടപടികൾ നിർത്തിവെയ്ക്കുന്നതിനും സ്ഥലം നഗരസഭയ്ക്ക് സൗജന്യമായി വിട്ടുതരുന്നതിനും 4-9-1998-ലെ 156-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സർക്കാരിലേക്ക് അപേക്ഷ നൽകിയിട്ടും യാതൊരു മറുപടിയും ലഭിക്കാത്ത സാഹചര്യത്തിൽ 17-10-2007-ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്കും റവന്യൂ മന്ത്രിക്കും അപേക്ഷ സർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 13-5-2008-ലെ 54-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയിൽ സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനമെടുക്കുന്നതിനു മുനിസിപ്പൽ ചെയർമാനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച അന്വേഷണത്തിൽ 1960-കളിൽ തലശ്ശേരി നഗരസഭയുടെ എരഞ്ഞോളി പഞ്ചായത്ത് കൂടിച്ചേർന്ന പ്രവിശ്യ വരുന്ന ഭാഗത്താ ണെന്നും ഈ സ്ഥലം അലഞ്ഞുതിരിയുന്ന കന്നുകാലികളെ പിടിച്ചുകെട്ടുന്നതിനു പഞ്ചായത്ത് കാലാകാലങ്ങളായി ഉപയോഗിച്ചുവരുന്നതും അപ്രകാരം നഗരസഭയ്ക്ക് അവകാശപ്പെട്ട ഭൂമിയായതിനാൽ ആയതു അന്യാധീനപ്പെട്ടുപോകാതിരിക്കാൻ കെട്ടിടം പണിയുന്നതിൽ വാർഡ് സഭയിൽ സ്ഥലവാസികൾ ആവശ്യപ്പെട്ടതുപ്രകാരം തീരുമാന മെടുത്ത്, കെട്ടിടം പണി ആരംഭിക്കുകയും ചെയ്തു എന്നാണ് അറിയാൻ കഴിഞ്ഞത്.

തറയുടെ പ്രവൃത്തി പൂർത്തീകരിക്കുകയോ കെട്ടിടത്തിന്റെ തുടർപ്രവർത്തി കൾക്കായി കല്ലുകൾ ഇറക്കിയത് പ്രവൃത്തി സ്ഥലത്ത് തന്നെ ഉള്ളതായി എ.ഇ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ തറ കഴിച്ചുള്ള ബാക്കി സ്ഥലം പരിസര വാസികൾ കയ്യേറി അധീനപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിനുമേൽ റവന്യൂ വകുപ്പ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പണി തുടരാമെന്ന ധാരണയിലാണ് മെറ്റീരിയൽസ് ലേലം ചെയ്ത തുക നഗരസഭ ഫണ്ടിൽ മുതൽകൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കാതിരുന്നത്".

57. ഭൂമിയുടെ ഉടമസ്ഥാവകാശം തിട്ടപ്പെടുത്താതെ പദ്ധതി തയ്യാറാക്കി പണി തുടങ്ങുന്ന സന്ദർഭമായപ്പോൾ ഭൂമി കയ്യേറ്റത്തിനെതിരെ റവന്യൂ വകുപ്പ് കേസ്സെടുക്കാ നുള്ള സാഹചര്യം സമിതി ആരാഞ്ഞു. കെട്ടിടം നിർമ്മിക്കുന്നതിന് അടിത്തറ കെട്ടി കല്ലും മരവും ഇറക്കുകയും സെക്വർഡ് അഡ്വാൻസ് നൽകുകയും ചെയ്തതിനുശേഷ മാണ് റവന്യൂ വകുപ്പ് ഉടമസ്ഥാവകാശം ഉന്നയിച്ചതെന്നും, മുൻപ് ആലയായി ഉപയോഗി ച്ചിരുന്ന സ്ഥലമാണെന്നും, തർക്കമുണ്ടായതിനുശേഷം വന്ന സെക്രട്ടറി സ്ഥലം വിട്ടുകിട്ടാൻ റെസല്യൂഷൻ പാസ്സാക്കി ഗവൺമെന്റിലേക്കയച്ചുവെങ്കിലും സ്ഥലം കോർപ്പറേഷന്റേതാണെന്നുള്ള ക്ലെയിം വച്ചില്ലെന്നും മറ്റു തുടർനടപടികളെടുത്തിട്ടി ല്ലെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ലാന്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് ഭൂമി കയ്യേറ്റത്തിനു കേസ് എടുത്തി രുന്നുവെങ്കിൽ ആ സ്ഥലം മുനിസിപ്പാലിറ്റിക്ക് ചെലവില്ലാതെ പതിച്ചുകിട്ടുമായിരുന്നു വെന്ന് സമിതി അഭിപ്രായപ്പെട്ടു. കേസ്സ് കൊടുത്തിട്ടില്ലെന്നും, ഇതിലേക്ക് ചെയർമാൻ വകുപ്പുമന്ത്രിയെ കണ്ടതിന്റെയടിസ്ഥാനത്തിൽ പുതിയ അപേക്ഷ കൊടുത്തെങ്കിലും അത് തീർപ്പാക്കാതെയിരിക്കുകയാണെന്നും മുൻ സെക്രട്ടറി സമിതിയിൽ മറുപടി പറഞ്ഞു.

1997-98 കാലത്തെ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എം. എ. ശ്രീധരൻ നായർ പരാമർശ വിഷയത്തിന്മേൽ സമിതി മുൻപാകെ വിശദീകരണം നൽകി. നഗരസഭയുടെ കൈവശഭൂമി വികസന പ്രവർത്തനങ്ങൾക്കുപയോഗപ്പെടുത്തണമെന്ന തീരുമാനത്തിന്റെ ഭാഗമായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടായിരുന്നുവെന്നും തലശ്ശേരി നഗരസഭയുടെ കൈവശമുള്ള ഭൂമിക്ക് രേഖയില്ലെന്നും, പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതിയാണിതെന്നും, ഇതിലേക്ക് നിയമാനുസൃതമുള്ള 25% മൊബിലൈസേഷൻ അഡ്വാൻസും, സാധനങ്ങൾ ശേഖരിച്ചതിന്റെ സെക്യുവേർഡ് അഡ്വാൻസും കൊടുത്തുവെന്നും അതിനുശേഷം 1998 നവംബർ 16-ന് താൻ മഞ്ചേരിക്ക് സ്ഥലംമാറിപ്പോയെന്നും മുൻ സെക്രട്ടറി അറിയിച്ചു.

മുൻകൂർ നൽകുന്ന സമയത്തൊന്നും തർക്കമുണ്ടായില്ലെന്നും, അതിനുശേഷം താൻ എരഞ്ഞോളി പഞ്ചായത്തിലും മറ്റു ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിലും പരിശോധന നടത്തിയതിൽ നിന്നും 1962-ൽ ഇല്ലാതായ വടക്കുംപാട് പഞ്ചായത്തിന്റേതായിരുന്നു പ്രസ്തുത തർക്കസ്ഥലമെന്നും വടക്കുംപാട് പഞ്ചായത്തിന്റെ കുറെ ഭാഗവും എരഞ്ഞോളി പഞ്ചായത്തിന്റെ കുറെ ഭാഗവും തലശ്ശേരി മുനിസിപ്പാലിറ്റിയോടും വടക്കുംപാട് പഞ്ചായത്തിന്റെ ബാക്കിഭാഗം എരഞ്ഞോളി പഞ്ചായത്തിനോടും ചേർത്തുവെന്നും, 1930-ലെ റീസർവ്വേ പ്രകാരം ഇപ്പോൾ ഉപയോഗിച്ചുവരുന്ന വില്ലേജ് ഓഫീസ് രജിസ്റ്ററിൽ 'ആല' എന്നെഴുതിയിട്ടുണ്ടെന്നും കോടിയേരി പഞ്ചായത്തും തലശ്ശേരി മുനിസിപ്പാലിറ്റിയോടു ചേർത്തിട്ടുണ്ടെന്നും, ഈ ഭൂമി അന്യാധീനപ്പെട്ട് പോകരുതെന്ന് അവിടത്തെ ജനങ്ങൾ വാർഡു സഭകളിൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മുൻ സെക്രട്ടറി തുടർന്ന് വിശദീകരിച്ചു.

ഭൂരിപക്ഷ പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം തീരുമാനിക്കാൻ പറ്റില്ലെന്നും കൈവശഭൂമിക്ക് റവന്യൂ രജിസ്റ്ററിൽ രേഖയുണ്ടാകണമെന്നും സമിതി ഈയവസരത്തിൽ അഭിപ്രായപ്പെടുകയും 'ആല' എന്ന് റവന്യൂ രേഖകളിൽ എഴുതുമോയെന്ന് ആരായുകയും ചെയ്തു. താൻ നേരിട്ടുപോയി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി.

'ആല' സ്ഥലം എന്ന് എഴുതാറില്ലെന്നും സർക്കാർ പുറമ്പോക്കാണെങ്കിൽ അൺരജിസ്റ്റേർഡ് ലാന്റ് എന്നാണ് രേഖപ്പെടുത്തുന്നതെന്നും റവന്യൂ റിക്കാർഡിൽ റീസർവ്വെ നടത്തി പ്രസ്തുത വസ്തു രജിസ്റ്റേർഡ് ലാൻഡ് ആയിട്ടല്ല രേഖപ്പെടുത്തിയതെന്നും കൈവശഭൂമി പതിച്ചുകിട്ടുന്നതിന് അന്ന് തർക്കമുന്നയിക്കണമായിരുന്നെന്നും കാര്യങ്ങൾ റവന്യൂ വകുപ്പിനെ ബോധ്യപ്പെടുത്തി നടപടിയെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

പഞ്ചായത്തിന്റെ അധികാരപരിധിയിൽവരുന്ന സ്ഥലമാണ് വിട്ടുകൊടുക്കുന്നതെന്നും പഞ്ചായത്തിന് ഉടമസ്ഥാവകാശമില്ലെന്നും കൈവശാവകാശം മാത്രമേ ഉള്ളെന്നും, രേഖ പരിശോധനയും മറ്റും മുൻകൂട്ടി ചെയ്തിരുന്നുവെങ്കിൽ ഉടമസ്ഥാവകാശം നേരത്തെതന്നെ നേടിയെടുക്കാമായിരുന്നുവെന്നും, തലശ്ശേരി മുനിസിപ്പാലിറ്റിയുടെ പ്രവർത്തനരീതി തന്നെയിങ്ങനെയാണെന്നും സമിതി അഭിപ്രായപ്പെടുകയും തുക പാഴ്ചെലവാക്കിയതിന് വകുപ്പുതല നടപടിയെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

58. **അടിത്തറ കെട്ടി കെട്ടിടം പണി ഉപേക്ഷിച്ചതുമായി ബന്ധപ്പെട്ട് തുക പാഴ്ചെലവാക്കിയതിന് ഉത്തരവാദികളായവരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിച്ച് സമിതിക്ക് അടിയന്തിരമായി റിപ്പോർട്ടു നൽകുവാൻ നഗരകാര്യ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതിവിഹിതം 9.7 ലക്ഷം രൂപ സ്വകാര്യ വ്യക്തികളിൽ**

നിർവ്വഹണം മുടങ്ങിയ 36 ജനകീയാസൂത്രണ മരാമത്ത് പണികളുടെ മുൻകൂറുകൾ നഗരസഭ തിരിച്ച് ഈടാക്കിയില്ല. 2004 നവംബർ അന്ത്യത്തിലെ കണക്കനുസരിച്ച് 9,66,493 രൂപ ഈടാക്കാനുണ്ട്. കരാർ പ്രകാരം പണികളുടെ പൂർത്തീകരണ കാലാവധി വർഷങ്ങൾക്കു മുൻപേ കഴിഞ്ഞിരുന്നു. എന്നിട്ടും സ്വകാര്യ വ്യക്തികളിൽ നിയമവിരുദ്ധമായി കിടക്കുന്ന പദ്ധതിപ്പണം തിരിച്ച് ഈടാക്കാൻ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചില്ല. ഓഡിറ്റിൽ കണ്ടെത്തിയ വിവരങ്ങൾ നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഫലമുണ്ടായില്ല.

ഒൻപതാം പദ്ധതി വർഷങ്ങളിൽ അംഗീകരിച്ച വിവിധ മരാമത്ത് പണികളുടെ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നൽകിയതാണ് മുൻകൂറുകൾ. ഇതിൽ 9 എണ്ണത്തിൽ യാതൊരു പണിയും നടത്തിയിട്ടില്ല. മുടങ്ങിയ പണികളിൽ 10 എണ്ണം 1997-98-ലും 3 എണ്ണം 1998-99-ലും 13 എണ്ണം 1999-2000-ലും 9 എണ്ണം 2000-01-ലും 1 എണ്ണം 2001-02-ലും തുടങ്ങിയതാണ്.

പണികൾ ഇനി തുടങ്ങുവാനോ പൂർത്തീകരിക്കുവാനോ സാദ്ധ്യത വിരളമാണ്. അതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 47101/ഡി.പി.1/01/27-12-2001, 15687/ഡി.ഡി.1/02/16-5-2002, 6189/ഡി.പി.1/03/6-2-2003 എന്നീ സർക്കുലറുകളിലും ബഹു. ഓംബുഡ്സ്മാന്റെ 10-8-2001-ലെ ഒ.പി. 1072/01-ന്റെ വിധിയിലും നിർദ്ദേശിച്ച പ്രകാരം വിവിധ ഗുണഭോക്തൃ സമിതി കൺവീനർമാർ കൈപ്പറ്റിയ 9,66,493 രൂപ പലിശയടക്കം ഉത്തരവാദികളിൽ നിന്നും ഈടാക്കണം.

[2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4-II-11-(6)]

59. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എബി1/08/തസ്വഭവ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"പദ്ധതി വിഹിതം 9.7 ലക്ഷം രൂപ സ്വകാര്യ വ്യക്തികളിൽ നിന്നു തിരിച്ച് ഈടാക്കാനുള്ളതിൽ നാളിതുവരെ 2,94,436 രൂപ തിരിച്ചു നഗരസഭ ഫണ്ടിൽ ഈടാക്കിയിട്ടുണ്ട്. മുൻകൂർ ശേഷിക്കുന്ന തുക തിരിച്ചുപിടിക്കുന്നതിനുവേണ്ടി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. "

60. നിർവ്വഹണം മുടങ്ങിയ ജനകീയാസൂത്രണ പദ്ധതികൾക്കായി നൽകിയ മുൻകൂർ തുക തിരിച്ചുപിടിക്കാൻ ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് 17-6-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞു. 2,94,436 രൂപ ഈടാക്കിയെന്നും ചില

ഫയലുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നും വീണ്ടെടുക്കുന്നതിന് ശ്രമിക്കുന്നുണ്ടെന്നും കണ്ടെത്തിയ എല്ലാ ഫയലുകളിലും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തലശ്ശേരി മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

പ്രസ്തുത വിഷയം ഓംബുഡ്സ്മാന്റെ മുൻപിൽ വന്നതല്ലെന്ന് സെക്രട്ടറി മറുപടി നൽകിയതിന് അക്കാര്യം പൊതുവായി വന്ന ഒരു ഡയറക്ഷനാണെന്ന് SPAO സമിതി യിൽ വിശദീകരണം നൽകി. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27-12-2001, 16-5-2002, 6-6-2003 എന്നീ തീയതികളിലെ സർക്കുലറിനെപ്പറ്റി സമിതി സൂചിപ്പിച്ചതിന് അവ ഓംബുഡ്സ്മാനുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു കേസ്സിൽ വന്നതാണെന്നും 12% പലിശ ഈടാക്കണമെന്നതാണെന്നും ആദ്യം 18% ഈടാക്കിയിരുന്നത് പിന്നീട് കുറച്ചതാണെന്നും മുനിസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു.

ബാക്കി തുക മൂന്നു മാസത്തിനകം ഈടാക്കണമെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഇത് പരിശോധിക്കണമെന്നും സമിതി നിർദ്ദേശം നൽകി.

61. മേൽ ഓഡിറ്റ് പരാമർശത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17-2-2010-ലെ 8508/spl.cell $G_1$/09/നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

(1) പിലാക്കൂൽ വെള്ള ടാങ്ക് നിർമ്മാണം: പ്രവൃത്തി ഫയൽ പരിശോധിച്ചു. പ്രവൃത്തി ഭാഗികമായേ പൂർത്തിയാക്കിയിട്ടുള്ളൂ. അഡ്വാൻസ് തുകയേക്കാൾ അധിക തുകയ്ക്കുള്ള ഇനങ്ങൾ പൂർത്തിയാക്കിയതായുള്ള കൺവീനറുടെ അവകാശവാദത്തിന് അടിസ്ഥാനമായ രേഖകൾ ഹാജരാക്കുവാൻ 26-8-2009-ന് അറിയിപ്പു നൽകിയെങ്കിലും കണക്കുകൾ ഹാജരാക്കിയിട്ടില്ല. മുൻകൂർ തുകയിൽ ബാക്കിയായ 11,250 രൂപ തിരിച്ചുപിടിച്ചിട്ടില്ല. 31-12-2009 വരെ നഗരസഭ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(2) പൂവൻതോട് നവീകരണം: മുൻകൂർ തുക 55,868 രൂപ പ്രവൃത്തി സംബന്ധിച്ച കണക്കുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 9-9-2009-ന് കൺവീനർ കണക്ക് ഹാജരാക്കിയിട്ടുണ്ട്. അവസാന ബില്ല് തയ്യാറാക്കുകയോ മുൻകൂർ ഈടാക്കുകയോ ചെയ്തിട്ടില്ല.

(3) എ. വി. കെ. നായർ റോഡ്, പിലാക്കൂൽ പുതിയ റോഡ് പ്രവൃത്തി: മുൻകൂർ തുക 1 ലക്ഷം രൂപ ഫയൽ പരിശോധിച്ചു. 10-3-2000-ലെ 25530 രസീതു പ്രകാരം കൺവീനർ ശ്രീ. കെ. സി. മൊയ്തു 1 ലക്ഷം രൂപ തിരിച്ചടച്ചത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. തുടർനടപടി ഒഴിവാക്കാവുന്നതാണ്.

(4) മോഡേൺ ജ്വല്ലറിക്ക് മുന്നിലെ ഓവുചാലിന് സ്ലാബ് ഇടൽ പ്രവൃത്തി മുൻകൂർ ബാക്കി 36,500 രൂപ. ഫയൽ ലഭ്യമല്ല. മുൻകൂർ തുക അന്തിമ ബില്ലിൽ നിന്ന് ഈടാക്കി എന്നാണ് നഗരസഭയുടെ മറുപടി. പരിശോധനയിൽ അന്തിമ ബിൽ തുക 30,452.80 രൂപ മാത്രമാണ് എന്ന് കണ്ടു. നോട്ട് ഫയൽ പ്രകാരം അന്തിമ ബില്ലിന്റെ അവസാന ബാക്കി (-) 6,047.20 രൂപയാണ്. ഈ തുകയും തിരിച്ചുപിടിക്കേണ്ട തായിട്ടുണ്ട്.

(5) 25-ാം വാർഡ് കിണറും വാട്ടർ ടാങ്കും-മുൻകൂർ 52,500 രൂപ: ഫയൽ പരിശോധിച്ചു. 47,619 രൂപ 12-2-2007-ലെ 024295 ചെക്ക് പ്രകാരവും 4,905 രൂപ 26-12-2007-ലെ 142086 ചെക്ക് പ്രകാരവും ഫണ്ടിൽ വരവ് വച്ചിട്ടുണ്ട്. കമ്മിറ്റി യുടെതല്ലാത്ത കാരണത്താൽ നിർവ്വഹണം ഒഴിവാക്കേണ്ടി വന്നതിന്റെ പിഴപ്പലിശ ഒഴിവാക്കി തുടർനടപടികൾ ഒഴിവാക്കാവുന്നതാണ്.

(6) മൊട്ടാംപ്രം സഭാ വളപ്പിൽ ശുദ്ധജല പദ്ധതി മുൻകൂർ ബാക്കി 1 ലക്ഷം രൂപ: ഫയൽ പരിശോധിച്ചു. മുൻകൂർ തുകയായ 1 ലക്ഷം രൂപയും പിഴ പലിശയായി 6,392 രൂപയും 26-7-2002-ന് കൺവീനർ തിരിച്ചടച്ചിട്ടുണ്ട്. തുടർനടപടി ഒഴിവാക്കാവുന്നതാണ്.

(7) കൊമ്മൽ വയൽ-പുന്നോൽ റോഡ്-മുൻകൂർ 37,500 രൂപ: ഫയൽ പരിശോധിച്ചു. വൗച്ചർ നമ്പർ 259/1-02 പ്രകാരം അനുവദിക്കപ്പെട്ട അന്തിമ ബില്ലിൽ നിന്ന് മുൻകൂർ തുക പൂർണ്ണമായി അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. തുടർ നടപടികൾ ഒഴിവാക്കാവുന്നതാണ്.

(8) താഴെ വയൽ പുന്നോൽ നടപ്പാത-മുൻകൂർ ബാക്കി 25,000 രൂപ: ഫയൽ പരിശോധിച്ചു. 32,500 രൂപ മൂല്യം വരുന്ന പ്രവൃത്തി ഇനങ്ങൾ പൂർത്തിയാക്കിയതായി 31-3-2002-ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്തിട്ടുണ്ടെങ്കിലും ബിൽ തയ്യാറാക്കുകയോ മുൻകൂർ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കുവാനുള്ള നടപടികൾ തുടരുന്നു.

(9) പടിക്കുതാഴെ-വയക്കര റോഡ്-മുൻകൂർ ബാക്കി 12,500 രൂപ : ഫയൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല എന്നാണ് സെക്രട്ടറിയുടെ മറുപടി. ഫയൽ ലഭ്യമല്ലാത്ത തിനാൽ പരിശോധിക്കുവാനും സാധിച്ചിട്ടില്ല. മുൻകൂർ ഈടാക്കിയതായി രേഖയുമില്ല.

(10) കുഴിപ്പങ്ങാട്-മോറക്കുന്ന് റോഡ് ടാറിംഗ്-മുൻകൂർ ബാക്കി 11,400 രൂപ : ഫയൽ പരിശോധിച്ചു. മുൻകൂർ+പലിശ ഇനത്തിൽ 31,407 രൂപ ഈടാക്കുവാനായി റവന്യൂ റിക്കവറി നടപടിക്ക് കളക്ടർക്ക് 22-10-2009-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പുരോഗതി വിവരം ലഭ്യമല്ല.

(11) ചാലിൽ ഓവുചാൽ നവീകരണം-മുൻകൂർ ബാക്കി 8,565 രൂപ : ഫയൽ പരിശോധിച്ചു. പ്രവൃത്തിയിലെ മുഖ്യ ഇനമായ സ്ലാബ് നിർമ്മാണം എസ്റ്റിമേറ്റിൽ നിർദ്ദേശിച്ച കനത്തിലല്ല പൂർത്തിയാക്കിയത്. സ്ലാബുകളുടെ ഗുണ നിലവാരം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി കണക്കുകൾ ഹാജരാക്കിയിരുന്നു എന്നും ശരിയായ വിധത്തിൽ അളവുകൾ എടുത്തിട്ടില്ല എന്നും കൺവീനർ അവകാശപ്പെട്ടിട്ടുണ്ട്. കൺവീനറുടെ മറുപടി പരിശോധനയ്ക്കായി 25-11-2009-ന് T.A.G. യ്ക്ക് വിട്ടിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ലഭ്യമല്ല.

(12) കുയ്യാലി-കൊളശ്ശേരി റോഡ്-മുൻകൂർ ബാക്കി 8,250 രൂപ: ഈടാക്കുവാൻ ബാക്കിയായ തുക ഒടുക്കുവാൻ 9-9-2009-ന് കൺവീനർക്ക് അന്തിമ നോട്ടീസ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ തുക ഒടുക്കുകയോ ചെയ്തിട്ടില്ല. മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

(13) ചാലിൽ റോഡ് ടാറിംഗ്-മുൻകൂർ ബാക്കി 20,000 രൂപ: പ്രവൃത്തി സംബന്ധിച്ച കണക്കുകൾ ഹാജരാക്കുവാൻ ഗുണഭോക്തൃ കമ്മിറ്റി അംഗങ്ങൾക്ക് 29-9-2009-ന് നോട്ടീസ് അയച്ചു (കൺവീനർ മരണപ്പെട്ടതിനാൽ). തുടർ നടപടിയില്ല.

(14) ശ്രീ. കൂറുമ്പ ക്ഷേത്രത്തിന് സമീപം കിണർ കുഴിക്കൽ-മുൻകൂർ തുക 10,125 രൂപ: ഫയൽ പരിശോധിച്ചു. മുൻകൂർ തുക (വൗ.നമ്പർ 127/5-98), വൗച്ചർ നമ്പർ 230/98-99 (1-ാം പാർട്ട് ബില്ല് അന്തിമ ബില്ല്) എന്നിവയിൽ നിന്ന് ഈടാക്കിയത് ബോദ്ധ്യപ്പെട്ടു. തുടർനടപടി ഒഴിവാക്കാവുന്നതാണ്.

(15) 9-ാം വാർഡിൽ ഓവർ ഹെഡ് ടാങ്ക്-മുൻകൂർ ബാക്കി 48,913 രൂപ: ഫയൽ പരിശോധിച്ചു. സംഭരിക്കപ്പെട്ട സാമഗ്രികളുടെ വില പൂർണ്ണമായും കണക്കിലെടുത്താൽ 28,281 രൂപ മാത്രമേ തിരിച്ചുപിടിക്കേണ്ടതായിട്ടുള്ളൂ. ഈ തുകയും (28,281+51,754) പലിശയും ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടിക്കായി 22-10-2009-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(16) ബാലത്തിൻ കിണർ-കത്തിരുത്തി ബണ്ട് നിർമ്മാണം-മുൻകൂർ ബാക്കി 32,718 രൂപ: ഫയൽ, അളവു പുസ്തകം എന്നിവ പരിശോധിച്ചു. അളവു പുസ്തകം 13/98-ലെ രേഖപ്പെടുത്തലുകൾക്കനുസരണമായി തയ്യാറാക്കപ്പെട്ട 2, 3 ഭാഗിക ബില്ലുകളിൽ നിന്ന് മുൻകൂർ തുക ഈടാക്കിയിട്ടുണ്ട്. തുടർനടപടി ഒഴിവാക്കാവുന്നതാണ്.

(17) 21-ാം വാർഡിൽ കിണർ-മുൻകൂർ ബാക്കി 18,250 രൂപ: ഫയൽ പരിശോധിച്ചു. 23-9-2009-ന് റവന്യൂ റിക്കവറി നടപടിക്കായി സമർപ്പിച്ച അപേക്ഷ ഗുണഭോക്തൃ കമ്മിറ്റി അംഗങ്ങളുടെ വ്യക്തമായ മേൽവിലാസം ലഭ്യമാക്കുവാനായി തഹസിൽദാർ മടക്കി അയച്ചിരുന്നു. 24-11-2009-ന് മേൽവിലാസം ലഭ്യമാക്കുന്നതിനായി റവന്യൂ ഓഫീസർക്ക് നൽകിയ ഫയൽ മേൽവിലാസം ലഭ്യമാക്കി സെക്ഷനിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ട് (14-1-2000-ന്).

(18) യശോദ ബാലന്റെ വീടു മുതൽ മഠം സ്റ്റോപ്പ് വരെ നടപ്പാത-മുൻകൂർ തുക 13,248 രൂപ: ഫയൽ പരിശോധിച്ചു. 33,073 രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. 20-6-2009-ന് അനുവദിച്ച അന്തിമ ബില്ലിൽ നിന്ന് മുൻകൂർ തുക ഈടാക്കിയിട്ടുണ്ട്. തുടർനടപടി ഒഴിവാക്കാവുന്നതാണ്.

(19) പൂവൻതോട് നവീകരണം-മുൻകൂർ ബാക്കി 40,000 രൂപ: ഫയൽ പരിശോധിച്ചു. നഗരസഭ അയച്ച നോട്ടീസിന് 12-2-2008-ന് കൺവീനർ സമർപ്പിച്ച മറുപടിയിൽ പ്രവൃത്തിയുടെ അളവുകൾ പൂർണ്ണമായും കൃത്യമായും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ റീ മെഷർമെന്റ് നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ടി.എ.ജി.യുടെ പരിഗണനയിലാണ്.

(20) 5-ാം വാർഡിൽ ഭരതന്റെ വീടു മുതൽ മുനിസിപ്പൽ അതിർത്തിവരെ റോഡ് നിർമ്മാണം-മുൻകൂർ ബാക്കി 19,300 രൂപ : ഫയൽ പരിശോധിച്ചു. മുൻകൂർ തുകയിൽ 19,107 രൂപ 12-6-2009-ന് തയ്യാറാക്കിയ അന്തിമ ബില്ലിൽ നിന്ന് ഈടാക്കിയിരുന്നു. ബാക്കിയായ 193 രൂപ 12-6-2009-ലെ 12951/85 നമ്പർ രസീതു പ്രകാരം ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. തുടർനടപടി ഒഴിവാക്കാവുന്നതാണ്.

(21) കോണോർ വയൽ റോഡ് നിർമ്മാണം-മുൻകൂർ ബാക്കി 5,000 രൂപ : ഫയൽ പരിശോധിച്ചു. പലിശയടക്കം 11,600 രൂപ ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടിക്കായി 7-11-2009-ന് കളക്ടർക്ക് ശുപാർശ ചെയ്തു. തുടർവിവരങ്ങൾ ലഭ്യമല്ല.

(22) വാർഡ് 1-ലെ കുടിവെള്ള പദ്ധതി-മുൻകൂർ തുക 5,000 രൂപ : ആർ.ആർ. നടപടിക്ക് മുമ്പായുള്ള അന്തിമ നോട്ടീസ് അയച്ചിട്ടുണ്ട്.

(23) ചാലിയതെരു ചേരി പരിഷ്കരണം-മുൻകൂർ തുക 5,000 രൂപ : ഫയൽ പരിശോധിച്ചു. മുൻകൂർ തുകയായ 5,000 രൂപയും പലിശയായി 8,175 രൂപയും ഈടാക്കുവാൻ 3-12-2009-ന് കളക്ടർക്ക് ശുപാർശ ചെയ്തു. തുടർ വിവരങ്ങൾ ലഭ്യമല്ല.

(24) മഞ്ഞോടി-കുട്ടിമാക്കൂൽ റോഡ് നടപ്പാത-മുൻകൂർ തുക 5,000 രൂപ : നഗരസഭയുടെ നോട്ടീസിന് (9-9-2009) കൺവീനർ ലഭ്യമാക്കിയ മറുപടിയിൽ 53,629 രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചതായി അറിയിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിക്കുവാൻ ഫയൽ അസിസ്റ്റന്റ് എഞ്ചിനീയർ (വടക്ക്)-നെ ചുമതലപ്പെടുത്തി. പരിശോധനാ വിവരം ലഭ്യമല്ല.

(25) കൊളശ്ശേരി-കോമത്തുപാറ റോഡ്-മുൻകൂർ ബാക്കി 96,500 രൂപ : ഫയൽ പരിശോധിച്ചു. നഗരസഭയുടെ നോട്ടീസുകൾക്ക് കൺവീനർ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടിക്കായി 19-11-2009-ന് കളക്ടർക്ക് ശുപാർശ ചെയ്തു. തുടർ വിവരങ്ങൾ ലഭ്യമല്ല.

(26) ശൈലജ ടയർ വർക്സിന് സമീപം ഓവുചാൽ-മുൻകൂർ 500 രൂപ : പരിശോധനയ്ക്കായി ഫയൽ ലഭ്യമാക്കിയിട്ടില്ല. ഫയൽ കണ്ടെത്താനുള്ള നടപടികൾ തുടരുന്നു.

(27) ന്യൂ വിമല പ്രസ്സിനു സമീപം വാട്ടർ ടാങ്ക്-മുൻകൂർ തുക 24,500 രൂപ : പ്രവർത്തി പൂർത്തീകരിച്ചതും 4/2000 മുതൽ ജലവിതരണം ചെയ്യുന്നതുമായ പദ്ധതിയാണ് ഇത്. 89,514 രൂപയുടെ പ്രവർത്തികൾ പൂർത്തിയാക്കിയതായി അളവു പുസ്തകം 25/98-ൽ തയ്യാറാക്കിയ അന്തിമ ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്ന് മുൻകൂർ ക്രമീകരിച്ചിട്ടും ഉണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന് ഭരണ/സാങ്കേതിക അനുമതികൾ ലഭ്യമായിട്ടില്ല. അവസാന ബിൽ തുകയായി രൂപ 11,060 കൺവീനർക്ക് അനുവദിക്കേണ്ടതുണ്ട്.

(28) <u>കൈവട്ടം വാർഡ് ഓവുചാൽ-മുൻകൂർ തുക 6,000 രൂപ</u> : ഫയൽ പരിശോധിച്ചു. നഗരസഭയുടെ നോട്ടീസുകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ മുൻകൂറും പലിശയും ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടിക്കായി 22-10-2009-ന് കളക്ടർക്ക് ശുപാർശ സമർപ്പിച്ചു. തുടർ വിവരം ലഭ്യമല്ല.

(29) <u>പോലീസ് ക്വാർട്ടേഴ്സിന് പിന്നിലെ റോഡ് പുനർനിർമ്മാണം-മുൻകൂർ 8,500 രൂപ</u> : ഫയൽ അളവു പുസ്തകം എന്നിവ പരിശോധിച്ചു. അളവു പുസ്തകം 40/00-ലെ 66, 67 പേജുകളിൽ തയ്യാറാക്കിയിട്ടുള്ള 3,15,559 രൂപയുടെ അന്തിമ ബില്ലിൽ നിന്ന് മുൻകൂർ മുഴുവനായും ഈടാക്കിയിട്ടുണ്ട്. തുടർ നടപടി ഒഴിവാക്കാവുന്നതാണ്.

(30) <u>കോമത്തുപാറ കുടിവെള്ള പദ്ധതി-മുൻകൂർ തുക 20,000 രൂപ</u> : ഫയൽ പരിശോധിച്ചു. 3/2001-ൽ നിർമ്മാണം പൂർത്തിയാക്കി ജലവിതരണം ആരംഭിച്ച പദ്ധതി യാണ് ഇത്. മോണിറ്ററിംഗ് സമിതി റിപ്പോർട്ടിന്റെ അഭാവത്തിലാണ് 3,37,489 രൂപ മൂല്യമുള്ളതും മുൻകൂർ, ഭാഗിക ബില്ലുകൾ പൂർണ്ണമായി കുറവുചെയ്ത ശേഷം 41,838 രൂപ കൺവീനർക്ക് അനുവദിക്കേണ്ടതുമായ അന്തിമ ബില്ല് പാസ്സാക്കിയിട്ടില്ലാത്തത്.

(31) <u>ചിറക്കര-പടയണി റോഡ്-മുൻകൂർ തുക 25,000 രൂപ</u> : ഫയൽ പരിശോധിച്ചു. മുൻകൂർ തുകയും പലിശയും ഈടാക്കുവാനായി റവന്യൂ റിക്കവറി നടപടികൾക്കായി 16-9-2009-ന് കളക്ടർക്ക് ശുപാർശ ചെയ്തിട്ടുണ്ട്. കൺവീനറുടെ മറുപടിയിൽ പൂർത്തിയാക്കിയ പല ഇനങ്ങളുടെയും അളവ്, എസ്റ്റിമേറ്റ് അളവിലേക്ക് നിജപ്പെടുത്തിയതുമൂലം ടിയാന് നഷ്ടം സംഭവിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാനുള്ള മുനിസിപ്പൽ ചെയർമാന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3,38,220 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി കൗൺസിലിന് സമർപ്പിച്ചിട്ടുണ്ട്.

(32) <u>സാംബവ കോളനി ടാറിംഗ്-മുൻകൂർ തുക 15,000 രൂപ</u> : ഫയൽ പരിശോധിച്ചു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുളളതും മുൻകൂർ തുക അവസാന ബില്ലിൽ നിന്ന് (വൗച്ചർ നമ്പർ 395/7-04) തിരിച്ചുപിടിച്ചിട്ടുള്ളതുമാണ്. തുടർ നടപടി ഒഴിവാക്കാവുന്നതാണ്.

(33) <u>കൊടുവള്ളി ശുദ്ധജല പദ്ധതി-മുൻകൂർ തുക 1,33,680 രൂപ</u> : ഫയൽ പരിശോധിച്ചു. 23-12-2006-ന് പൂർത്തീകരിച്ച പ്രവൃത്തിയുടെ കണക്കുകൾ 29-8-2009-ന് കൺവീനർ ഹാജരാക്കിയിട്ടുണ്ട്. അവസാന ബില്ല് (മൊത്തം മൂല്യം 4,85,278) അനുവദിക്കുവാനുള്ള നടപടികൾ തുടരുന്നു.

(34) <u>മിനി വ്യവസായ എസ്റ്റേറ്റ് മണ്ണിടൽ-മുൻകൂർ തുക 25,000 രൂപ</u> : ഫയൽ പരിശോധിച്ചു. 7,30,000 രൂപ മൂല്യം കണക്കാക്കിയ ഇനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. വൗച്ചർ നമ്പർ 621/8-02 പ്രകാരം അനുവദിച്ച 2-ാം ഭാഗിക ബില്ലിൽ നിന്ന് മുൻകൂർ തുക ഈടാക്കിയിട്ടുണ്ട്. തുടർ നടപടി ഒഴിവാക്കാവുന്നതാണ്.

(35) ചിറക്കാവ് കുടിവെള്ള പദ്ധതി-മുൻകൂർ തുക 50,000 രൂപ : ഫയൽ പരിശോധിച്ചു. പ്രവൃത്തി പൂർത്തിയായതും അവസാന ബില്ല് അനുവദിക്കപ്പെട്ടതുമാണ്. മുൻകൂർ തുക വൗച്ചർ നമ്പർ 887/11-05 പ്രകാരം അനുവദിക്കപ്പെട്ട അവസാന ബില്ലിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. തുടർ നടപടി ഒഴിവാക്കാവുന്നതാണ്.

(36) ബസ്സ്റ്റാന്റ് പച്ചക്കറി മാർക്കറ്റ് പരിഷ്കരണം-മുൻകൂർ തുക 35,000 രൂപ : ഫയൽ പരിശോധിച്ചു. 9-2-2003-ന് നഗരസഭ കൺവീനർക്കയച്ച നോട്ടീസിന് 16-3-2004-ന് ടിയാൻ ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചതായും, മുഴുവൻ അളവുകളും രേഖപ്പെടുത്തി ബാക്കി തുക കൂടി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ 4/2000 നമ്പർ അളവുപുസ്തകം കണ്ടെത്തുവാൻ നാളിതുവരെയും കഴിഞ്ഞിട്ടില്ല. തൻമൂലം അവസാന ബില്ല് തയ്യാറാക്കുകയോ, മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്യുകയോ ഉണ്ടായിട്ടില്ല.

### നിഗമനങ്ങൾ/ശുപാർശകൾ

62. **നിർവ്വഹണം മുടങ്ങിയ 36 ജനകീയാസൂത്രണ പദ്ധതികൾക്കായി മുൻകൂർ നൽകിയ 9,66,493 രൂപയിൽ തിരികെ ഈടാക്കിയ തുക കിഴിച്ച് ബാക്കി തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുകയോ മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ തീർപ്പുകല്പിക്കുകയോ ചെയ്ത് ആയതിന്റെ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, തുക തിരികെയടച്ച പദ്ധതികളിന്മേൽ തുടർ നടപടികൾ ഒഴിവാക്കാനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചെലവ് 1 കോടി 10 ലക്ഷം-ടൗൺഹാൾ വ്യാഴവട്ടത്തിനുശേഷവും പൂർത്തിയായില്ല**

12 വർഷം പണിതിട്ടും നഗരസഭയുടെ ടൗൺഹാൾ പൂർത്തിയായില്ല. വായ്പയും പദ്ധതിവിഹിതവുമായി ഇതിനകം 1,10,90,716 രൂപ ചെലവഴിച്ചു. പുറമെ പലിശ 89,65,318 രൂപയും. ചെലവഴിച്ച കോടികൾ പ്രയോജനരഹിതമായെന്ന് മാത്രമല്ല പണിതീരാത്ത ടൗൺഹാൾ സാമൂഹ്യവിരുദ്ധർക്കും അനാശാസ്യപ്രവർത്തനങ്ങൾക്കും താവളമായി. സമയത്ത് പൂർത്തിയായിരുന്നെങ്കിൽ ലഭിക്കുമായിരുന്ന വരുമാനം കൂടി കണക്കാക്കിയാൽ നഷ്ടം ഉയരും.

1992-ലാണ് ഉണ്ടായിരുന്ന ടൗൺഹാൾ പൊളിച്ച് പണി തുടങ്ങിയത്. 90 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റ്. ഒരു കോടി 8 ലക്ഷം രൂപ കെ.യു.ഡി.എഫ്.സി. വായ്പയായും ഷാസു വായ്പ വകമാറ്റി 20 ലക്ഷം രൂപയും സമാഹരിച്ചിരുന്നു. എസ്റ്റിമേറ്റിൽ അധികം പണം ഉണ്ടായിരുന്നിട്ടും പണി ഇഴയുന്നത് നഗരസഭയുടെ കെടുകാര്യസ്ഥതയാണ്.

കെ.യു.ഡി.എഫ്.സി. വായ്പയ്ക്ക് വർഷം ശരാശരി 8 ലക്ഷം രൂപയാണ് പലിശ. 2004 വരെ പലിശ ആകെ 89,65,318 രൂപ ഒടുക്കി ഉയർന്ന പലിശയ്ക്ക് വാങ്ങിയ കെ.യു.ഡി.എഫ്.സി. വായ്പ ഒരു കോടി എട്ടു ലക്ഷം രൂപയിൽ ടൗൺഹാൾ പണിക്ക് 48,76,563 രൂപ മാത്രമാണ് വിനിയോഗിച്ചത്. ബാക്കി 59,23,437 രൂപ ദൈനംദിന ചെലവുകൾക്ക് വകമാറ്റി. പ്രത്യക്ഷമായും ഇത് ധനദുർവിനിയോഗമാണ്.

പണിയുടെ ധനസമാഹരണത്തിലും നിയമലംഘനങ്ങൾ പ്രകടമാണ്. എസ്റ്റിമേറ്റിലും അധികം തുക കെ.യു.ഡി.എഫ്.സി. വായ്പ ലഭിച്ചിട്ടും ഷാസു വായ്പയിൽ നിന്നും 20 ലക്ഷം വകമാറ്റി 2000-01-ലും 2001-02-ലും ജില്ലാ ആസൂത്രണ സമിതി പണിക്ക് അംഗീകരിച്ച പദ്ധതിവിഹിതത്തിൽ നിന്നും 19,10,969 രൂപ അധികരിച്ച് ചെലവഴിച്ചു. ഇതിന് സർക്കാർ സാധൂകരണമില്ലാത്തതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ടൗൺഹാൾ നിർമ്മാണത്തിൽ കെടുകാര്യസ്ഥതയും ധനവിനിയോഗ ക്രമക്കേടുകളും പ്രകടമായതിനാൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

[2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4-II-11-(7)]

63. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 23-5-2009-ലെ 57447/എ. ബി.1/08/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ടൗൺഹാൾ നിർമ്മാണത്തിനു ഇതുവരെയായി 1,10,90,716 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ആദ്യ ഘട്ടത്തിൽ യഥാസമയം കെ.യു.ഡി.എഫ്.സി. വായ്പ ലഭ്യമാകാതെ വന്നതിനാലും മുനിസിപ്പൽ ഫണ്ടിൽ ആവശ്യമായ തുക നീക്കിയിരിപ്പില്ലാതിരുന്നതിനാലും കരാറുകാരനായ ശ്രീ. അബ്ദുൾകരീമിനു കമ്പിയും സിമന്റും കരാർ പ്രകാരം സപ്ലൈ ചെയ്യാൻ സാധിച്ചിട്ടില്ല. ഇതു പ്രവൃത്തി വൈകുന്നതിനു കാരണമായിട്ടുണ്ട്.

88,50,000 രൂപയുടെ എസ്റ്റിമേറ്റ് 75% അധികം നിരക്കിലാണ് പ്രവൃത്തി നൽകിയത്. 18 മാസമായിരുന്നു കാലാവധി. 23 ലക്ഷം രൂപ കുടിശ്ശിക നൽകാനുണ്ടായിരുന്നപ്പോൾ കെ.യു.ഡി.എഫ്.സി.-യിൽ നിന്നും തുക യഥാസമയം ലഭിക്കാത്തതിനാലും നഗരസഭ ഫണ്ടിൽ തുക ലഭ്യമല്ലാത്തതിനാലും പ്രവൃത്തി യഥാസമയം പൂർത്തീകരിക്കേണ്ടതിനാലും ബഹു. ചെയർമാന്റെ 18-11-993-ലെ ഉത്തരവു പ്രകാരമാണ് 20 ലക്ഷം രൂപ ഷാസു വായ്പയിൽ നിന്നും വകമാറ്റിയിട്ടുള്ളത്.

നഗരസഭയ്ക്ക് സിമന്റ്, കമ്പി എന്നിവ സാമ്പത്തിക പ്രയാസം കാരണം യഥാസമയം സപ്ലൈ ചെയ്യാൻ സാധിക്കാതെ വന്നതിനാലും പ്രവൃത്തിയുടെ ബിൽ തുക നൽകാനാവാത്തതിനാലും 14-12-1994-നു എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടുള്ളതിനാലും ഇനി പ്രവൃത്തിക്ക് 80% അധിക നിരക്ക് അനുവദിക്കണമെന്ന് 20-5-1995-നു കരാറുകാരൻ അപേക്ഷിക്കുകയുണ്ടായി. മുനിസിപ്പൽ ഭരണ ഡയറക്ടറുടെ 7-7-1995-ലെ സി3/14215/94 നമ്പർ ഉത്തരവു പ്രകാരം ടെണ്ടർ റദ്ദ് ചെയ്യുകയും റീടെണ്ടർ ചെയ്യുന്നതിനും ഉത്തരവാക്കിയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ പ്രവൃത്തിയിൽ നിന്നും ഒഴിവായതു ടൗൺഹാൾ നിർമ്മാണം വൈകുന്നതിനു കാരണമായിട്ടുണ്ട്.

ടൗൺഹാളിനു മാത്രമായി 1,08,00,000 രൂപ വായ്പ വാങ്ങിയെന്നു പറയുന്നതു പൂർണ്ണമായും ശരിയല്ല. ടൗൺഹാളിനും, ടൗൺഹാൾ കോംപ്ലക്സിനും കൂടിയാണ് വായ്പ വാങ്ങിയിട്ടുള്ളത്. ഇതിൽ ടൗൺഹാളിന്റെ പ്രവൃത്തിക്കായി 62,59,750 രൂപ

ചെലവഴിക്കുകയും, ശേഷിക്കുന്ന തുക 45,40,250 രൂപ ടൗൺഹാൾ കോംപ്ലക്സിന്റെ പ്രവർത്തിക്കുവേണ്ടി ചെലവഴിക്കുകയും ടൗൺഹാൾ കോംപ്ലക്സിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ടൗൺഹാളിന്റെ വായ്പ 59,23,437 രൂപ നഗരസഭയുടെ ദൈനംദിന ചെലവുകൾക്ക് ഉപയോഗിച്ചു എന്നു പറയുന്നതു ശരിയല്ലെന്നും ഷാസു വായ്പയും കെ.യു.ഡി.എഫ്.സി. വായ്പയും മുനിസിപ്പൽ ഫണ്ടിൽ നിന്നും അടച്ചു കുടിശ്ശിക രഹിതമാക്കിയിട്ടുള്ളതാണ്.

ടൗൺഹാളിന്റെ സ്ട്രക്ചറൽ പ്രവർത്തിയും റൂഫിങ്ങും പൂർത്തിയാക്കിയിട്ടുണ്ട്. ടൗൺഹാൾ കെട്ടിടം പ്രത്യേകമായി കോമ്പൗണ്ടുവാൾ കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

1.45 കോടി രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മിതികേന്ദ്രം മുഖേന പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു:

ഈ വിഷയം സംബന്ധമായി കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പിന്റെ റിപ്പോർട്ട് താഴെ ചേർക്കുന്നു:

1992-ൽ നിലവിലുണ്ടായിരുന്ന ടൗൺ ഹാൾ കെട്ടിടം പൊളിച്ച് പുതുക്കി പണിയാൻ നടപടികളാരംഭിച്ചെങ്കിലും ആയത് പൂർത്തിയായിട്ടില്ല. ഫ്രെയിം പൂർത്തിയായതേയുള്ളൂ. പലതവണ ടെണ്ടർ ചെയ്യുകയും അടങ്കൽ പുതുക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് ചെയ്തതിനേക്കാൾ അധിക നിരക്കാണ് കരാറുകാർ ക്വാട്ട് ചെയ്യുന്നത്. ഒന്നാംഘട്ടം പൈൽ ഫൗണ്ടേഷൻ പ്രവൃത്തിയാണ് ചെയ്തത്. 1997-ൽ ടി പണി പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ സ്ട്രക്ചറൽ പണികളും മേൽക്കൂരയുമാണ് നടത്തിയത്. മേൽക്കൂരയുടെ പണി പൊതുമേഖലാ സ്ഥാപനം സിൽക്ക് നിർവഹിച്ചു. മറ്റ് പണികൾ സ്വകാര്യ കരാറുകാരനും നിർവഹിച്ചു. ഈ പണികൾ 2004 മാർച്ചിൽ പൂർത്തിയായി. 27-9-2006-ന് കൂടിയ കൗൺസിൽ 21-ാം തീരുമാനപ്രകാരം ഇതുവരെ ചെലവായ 1.06 കോടി രൂപ കൂടാതെ 1.10 കോടി രൂപ കൂടി ആവശ്യമാണെന്നും അത് കെ.യു.ഡി. എഫ്.സി.-യിൽ നിന്നും വായ്പയെടുക്കാവുന്നതാണെന്നും പറയുന്നു. ഇതിന് ഭരണാനുമതിയും ഡി.പി.സി. അംഗീകാരവും ഉണ്ട്. 2007-08-ൽ 1.265 കോടി രൂപ വിനിയോഗിക്കാൻ ഡി.പി.സി. അംഗീകാരം നൽകി മാർച്ച് 2006 വരെ 1.17 കോടി രൂപ ചെലവ് കാണുന്നു. ഇതിൽ ആർക്കിടെക്ടിന് നൽകിയ ഫീസും സെന്റേജ് ചാർജും ഉൾപ്പെടുന്നില്ല. മൂന്നാംഘട്ട പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ 35% അധികരിച്ച നിരക്ക് സർക്കാർ അനുവാദത്തിന് സമർപ്പിച്ചത് 20% അധികരിച്ചതിന് മാത്രമാണ്. ഇപ്രകാരം പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കരാറുകാരൻ തയ്യാറാകാതിരുന്നതിനാൽ 6-12-2007-ലെ 11-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ, നിർമ്മാണം നിർമ്മിതി കേന്ദ്രയെ ഏൽപ്പിക്കാൻ തീരുമാനിച്ചു. കൂടാതെ 2006-07-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം നിർമ്മിതി തയ്യാറാക്കിയ 1.45 കോടി രൂപയുടെ അടങ്കലിന് കൗൺസിൽ അംഗീകാരം നൽകി. 22-12-2007-ൽ ഡി.എൽ.ടി.സി.-ക്ക് സാങ്കേതികാനുമതി സമർപ്പിച്ചെങ്കിലും ലഭിച്ചില്ല. എന്നാൽ 30-1-2008-ന് വർക്ക് സെലക്ഷൻ നോട്ടീസ് നൽകിയതായി കാണുന്നു.

ഓഡിറ്റ് പരാമർശത്തിൽ പറയുന്നപോലെ 1.8 കോടി രൂപ കെ.യു.ഡി.എഫ്.സി. വായ്പ ലഭിച്ചിട്ടും ഷാസു വായ്പയിൽ നിന്നും ഇതിലേക്ക് 20 ലക്ഷം രൂപ വകമാറ്റി യിട്ടുണ്ട്. കൂടാതെ പദ്ധതി വിഹിതത്തിൽനിന്നും 19.10 ലക്ഷം രൂപ നൽകി അതായത് കെ.യു.ഡി.എഫ്.സി. വായ്പ ആവശ്യത്തിന് ഉണ്ടായിരുന്നെങ്കിലും മറ്റ് ഫണ്ടും വിനിയോഗിച്ചു. ഇടയ്ക്ക് പ്രവൃത്തിയൊന്നും നടക്കാതെ നിന്നുപോയ അവസ്ഥയും ഉണ്ടായി. വായ്പ തുക തന്നെ മറ്റാവശ്യങ്ങൾക്ക് വക മാറ്റിയതിനാലാണ് പ്രവൃത്തി മുടങ്ങിയത്. ഈ സാഹചര്യത്തിൽ പണി അടിയന്തിരമായി പൂർത്തീകരിക്കാനും പണസംബന്ധമായി നടത്തിയ മാറ്റലുകളും ലോൺ തിരിച്ചടവുകളും ക്രമീകരിക്കാനും നഗരസഭയ്ക്ക് ബാദ്ധ്യതയുണ്ട്. ”

64. ടൗൺ ഹാൾ നിർമ്മാണത്തിനായി 1,10,90,716 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പണി പൂർത്തിയായിട്ടില്ലെന്നും ഇപ്പോൾ ഇതിന്റെ പണി നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിച്ചിരിക്കുകയാണെന്നും നിർമ്മിതിയുടെ പണികൾക്ക് നല്ല പുരോഗതിയുണ്ടെന്നും കഴിഞ്ഞ വർഷം അഡ്വാൻസ് കൊടുത്തുവെന്നും സ്ട്രക്ചർ വർക്കൊക്കെ നേരത്തേ കഴിഞ്ഞുവെന്നും തലശ്ശേരി മുനിസിപ്പൽ സെക്രട്ടറി സമിതിയിൽ അറിയിച്ചു.

മുനിസിപ്പാലിറ്റിക്ക് നേരിട്ട് പണി നടത്തിക്കൂടേയെന്ന് സമിതി ആരാഞ്ഞതിന് എഞ്ചിനീയർമാർ ചെയ്യില്ലെന്ന് സെക്രട്ടറി മറുപടി നൽകി. എഞ്ചിനീയർമാരോട് ജോലി ചെയ്യണമെന്ന് പറഞ്ഞാൽ ചെയ്യുമെന്നും അത് പറയാൻ ആളില്ലാത്തതാണ് പ്രശ്നമെന്നും വർക്ക് ടെണ്ടർ ചെയ്താലും ക്വട്ടേഷൻ വിളിച്ചാലും ആരും എടുക്കുന്നി ല്ലെന്ന് പറഞ്ഞ് വർക്കുകൾ ഉപേക്ഷിക്കുന്നത് ആശാസ്യമല്ലെന്നും ഈയവസരത്തിൽ സമിതി അഭിപ്രായപ്പെട്ടു.

എസ്റ്റിമേറ്റ് എടുക്കുന്നത് ഷെഡ്യൂൾ റേറ്റിലായതിനാൽ എബൗ റേറ്റ് കൊടുത്തില്ലെങ്കിൽ വർക്ക് നടക്കില്ലെന്നും ബിൽഡിംഗ് വർക്കിൽ അഡ്ജസ്റ്റ്മെന്റ് നടക്കില്ലെന്നും സ്വാഭാവികമായും എസ്റ്റിമേറ്റ് തുകയിൽനിന്നും ഉയർത്തിയ റേറ്റിലാണ് കരാറുകാർ പണി ഏറ്റെടുക്കുന്നതെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഷെഡ്യൂൾ റേറ്റിൽ 200 രൂപയാണ് തൊഴിലാളികളുടെ കൂലിയെന്നും 400-500 രൂപ കൊടുത്തില്ലെങ്കിൽ നല്ല തൊഴിലാളികളെ കിട്ടില്ലെന്നും സമിതി അഭിപ്രായപ്പെടുകയും ഇപ്പോൾ പണി നടക്കുന്നുണ്ടോയെന്ന് ആരായുകയും ചെയ്തു. പണി നടക്കുന്നുണ്ടെന്നും ഈ വർഷം ഡിസംബറിനു മുമ്പുതന്നെ സിവിൽ വർക്ക് തീരുമെന്നും മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ഫയൽ സൂക്ഷിക്കാൻപോലും സ്ഥലമില്ലാത്ത സാഹചര്യത്തിൽ ഇതൊക്കെ ഇങ്ങനെ നീട്ടിക്കൊണ്ടു പോകുന്നതു ശരിയാണോയെന്ന സമിതിയുടെ ചോദ്യത്തിന് ആദ്യം കരാറുകാരൻ പണി ഉപേക്ഷിച്ചുപോയെന്നും, പണമില്ലാത്തതിനാൽ സിമന്റും കമ്പിയും എടുത്തു കൊടുക്കാൻ സാധിച്ചില്ലെന്നും അതുകഴിഞ്ഞ് 80% കൂടുതൽ വേണമെന്ന് റിക്വസ്റ്റ് വന്നുവെങ്കിലും ഗവൺമെന്റ് അംഗീകാരം കൊടുത്തില്ലെന്നും 35%-ന് എടുക്കാൻ തയ്യാറായപ്പോഴും അംഗീകരിച്ചില്ലെന്നും ഇതുമൂലമാണ് പണി നിന്നുപോകാൻ ഇടയായതെന്നും തലശ്ശേരി മുനിസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു.

കാലതാമസം മാത്രമല്ല കാരണമെന്നും തുക വകമാറ്റി ചെലവഴിക്കുകയുണ്ടായെന്നും ഇപ്പോൾ എല്ലാം ശരിയാക്കിയിട്ടുണ്ടെന്നും നഗരകാര്യ വകുപ്പു ഡയറക്ടർ ഈ സന്ദർഭത്തിൽ സമിതിയെ ധരിപ്പിച്ചു.

കാലതാമസത്തിന് കാരണം 'ഷാസു' പദ്ധതിയുടെ പണം വകമാറ്റിയതാണെന്ന സമിതിയുടെ അഭിപ്രായത്തിന് അതു ശരിയല്ലെന്നും ലോൺ എടുത്തതാണെന്നും 40 ലക്ഷം രൂപ കെ.യു.ഡി.എഫ്.സി.-യിൽ നിന്നും 20 ലക്ഷം രൂപ 'ഷാസു' പദ്ധതിയിൽ നിന്നും ലോണായി എടുത്തെന്നും അത് ഇപ്പോൾ അഡ്ജസ്റ്റ് ചെയ്ത് ശരിയാക്കിയിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ വിശദീകരണം നൽകി.

20 ലക്ഷം രൂപ വകമാറ്റിയതല്ലേയെന്ന ചോദ്യത്തിന് അതു പ്രസ്തുത പണിക്കായി ചെലവാക്കിയതാണെന്നും 60 ലക്ഷം രൂപയാണ് ഷോപ്പിംഗ് കോംപ്ലക്സിനായി മാറ്റിയതെന്നും രണ്ടു ലോണായിട്ടാണെടുത്തതെന്നും ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തിയായെന്നും ഇലക്ട്രിക്കൽ വർക്കിന്റെ എസ്റ്റിമേറ്റെടുക്കുന്നതേയുള്ളൂവെന്നും മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ലോൺ തുക രണ്ടും രണ്ട് ആവശ്യത്തിനാണ് എടുത്തതെന്ന വിശദീകരണം ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിശദമായി പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

65. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചു (ഇ1/12976/87, ഇ2/313/09, ഇ1/316/89, ഇ1/24002/99, എ1/5462/94, ഇ2/12058/03 ടൗൺഹാളിന്റെയും അനുബന്ധ ഷോപ്പിംഗ് കോംപ്ലക്സുകളുടെയും നിർമ്മാണം 3 ഘട്ടങ്ങളിലായിട്ടാണ് ഏറ്റെടുക്കപ്പെട്ടത്. 1-ാം ഘട്ടമായി ഒരു നില മാത്രമുള്ള ഷോപ്പിംഗ് കോംപ്ലക്സും, 2-ാം ഘട്ടമായി 3 നിലകളുള്ള ഷോപ്പിംഗ് കോംപ്ലക്സും, 3-ാം ഘട്ടമായി ടൗൺഹാളും നിർമ്മിക്കുവാനായിരുന്നു പദ്ധതി. 2.74 ലക്ഷം രൂപയുടെ അടങ്കലോടെ ഏറ്റെടുക്കപ്പെട്ട 1-ാം ഘട്ട പ്രവൃത്തി 1992-ലും 30.40 ലക്ഷം രൂപയുടെ അടങ്കൽ കണക്കാക്കിയ 2-ാം ഘട്ട പ്രവൃത്തി 1995-ലും പൂർത്തിയായിട്ടുണ്ട്. 90 ലക്ഷം രൂപയുടെ അടങ്കലോടെ ഏറ്റെടുക്കപ്പെട്ട 3-ാം ഘട്ട പ്രവൃത്തിയാണ് പൂർത്തിയാകാതെ ബാക്കിയായത്. 1 കോടി 95 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നടന്നുവരുന്ന പ്രവൃത്തി പൂർത്തിയായിവരുന്നു.

**വായ്പ വാങ്ങൽ**

2, 3 ഘട്ടങ്ങളുടെ നിർമ്മാണത്തിനായി കെ.യു.ഡി.എഫ്.സി.-യിൽ നിന്ന് 120 ലക്ഷം രൂപ കടമെടുക്കുവാൻ 39/1-7-1992 തീരുമാന പ്രകാരം കൗൺസിൽ തീരുമാനിക്കുകയും 13-7-1992-ലെ ഇ1/12976/87 കത്തുപ്രകാരം കെ.യു.ഡി.എഫ്.സി.ക്ക് വായ്പ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. 4-12-1992-ലെ

കെ.യു.ഡി.എഫ്.സി.ജി.1/3832/92 പ്രകാരം രണ്ടാം ഘട്ടത്തിൽ 22.50 ലക്ഷവും 3-ാം ഘട്ടത്തിൽ 45 ലക്ഷവും വായ്പ (ടൗൺ ഹാൾ) അനുവദിച്ചു. എസ്റ്റിമേറ്റിനേക്കാൾ വളരെ അധികരിച്ച നിരക്കിലാണ് (30%, 70%) ടെണ്ടർ പോയത് എന്നത് പരിഗണിച്ച് വായ്പ സംഖ്യ 129 ലക്ഷമായി ഉയർത്തണമെന്ന് നഗരസഭയുടെ 12-12-1993-ലെ അപേക്ഷ പരിഗണിച്ച് 27-4-1994-ന് മറ്റൊരു 10 ലക്ഷം രൂപ കൂടി അനുവദിക്കപ്പെട്ടു. പിന്നീട് ടൗൺഹാളിന് 157.5 ലക്ഷവും ഷോപ്പിംഗ് കോംപ്ലക്സിന് 29.25 ലക്ഷവും അനുവദിക്കപ്പെട്ടതായി ഫയലിൽ പരാമർശമുണ്ട്. ഇതിനായി സമർപ്പിച്ച അപേക്ഷയോ, വായ്പ അനുവദിച്ച ഉത്തരവോ ഫയലിൽ ലഭ്യമല്ല. വായ്പ സംബന്ധിച്ച കാര്യങ്ങൾ പല ഫയലുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഒരു ഫയലും പൂർണ്ണവുമല്ല. അതുകൊണ്ട് വായ്പ സംബന്ധിച്ച് വ്യക്തമായ അഭിപ്രായം പറയാൻ സാധിക്കാത്ത അവസ്ഥയാണ് ഉള്ളത്.

വായ്പ ഗഡുക്കൾ അനുവദിക്കൽ ഫയൽ ഇ1/12976/87/എ1/5462/94 വായ്പ ഗഡുക്കൾ അനുവദിച്ചു കൊണ്ടുള്ള കെ.യു.ഡി.എഫ്.സി.-യുടെ വിവിധ തീയതികളിലെ ഉത്തരവുകളിലെല്ലാംതന്നെ 'ടൗൺഹാൾ കോംപ്ലക്സ്' എന്നാണ് പരാമർശിച്ചിട്ടുള്ളത്. ഇത്തരത്തിൽ 11 വ്യത്യസ്ത തീയതികളിലായി 110.40 ലക്ഷം രൂപ 4-3-1997 തീയതി വരെ അനുവദിക്കപ്പെട്ടിട്ടുണ്ട്. കെ.യു.ഡി.എഫ്.സി. വായ്പ ഗഡുക്കൾ അനുവദിച്ച ഉത്തരവുകളിൽ 2, 3 ഘട്ടങ്ങൾക്ക് അനുവദിച്ച തുകകൾ വേർതിരിച്ച് കാണിക്കുകയുണ്ടായില്ല. തൻമൂലം മുഴുവൻ വായ്പ തുകയും ടൗൺഹാൾ നിർമ്മാണത്തിനായി അനുവദിക്കപ്പെട്ടതാണെന്ന് നിഗമനത്തിലാണ് ഓഡിറ്റ് പരാമർശം നടത്തിയിട്ടുള്ളത്.

**ചെലവ് (ടൗൺ ഹാളിന് മാത്രമായി)**

ടൗൺഹാൾ നിർമ്മാണത്തിനായി മാത്രം 3/2004 വരെ ചെലവ് 1,11,54,915 രൂപയായിരുന്നു. കൂടാതെ വായ്പയുടെ പലിശയിനത്തിൽ ചെലവഴിക്കപ്പെട്ട ലക്ഷക്കണക്കിന് രൂപയും ഉൾപ്പെടുന്നു. (ടൗൺഹാൾ നിർമ്മാണത്തിന് 3 ഘട്ടത്തിനായി എടുത്ത വായ്പ വേർതിരിച്ചു പറയാനാകാത്തതുമൂലം പലിശയുടെ കൃത്യമായ കണക്ക് പരാമർശിക്കുവാനാവുകയില്ല) പലിശയിനത്തിൽ 2004 വരെ 89,65,318 രൂപ കെ.യു.ഡി.എഫ്.സി.-ക്ക് ഒടുക്കിയിട്ടുണ്ട്.

**വായ്പ തിരിച്ചടവ്**

വായ്പ തുക പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട്.

**നിലവിലുള്ള സ്ഥിതി**

നിർമ്മാണം അന്തിമഘട്ടത്തിലാണ്.

**നിഗമനങ്ങൾ/ശുപാർശകൾ**

**66. വായ്പത്തുക മുഴുവൻ തിരിച്ചടച്ചതായും ടൗൺഹാൾ നിർമ്മാണം അന്തിമഘട്ടത്തിലാണെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. ഭാവിയിൽ ബൃഹദ് പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സാമ്പത്തിക കാര്യങ്ങളിൽ അച്ചടക്കം ഉണ്ടാവാൻ ശ്രദ്ധിക്കണമെന്ന് നഗരസഭയോട് സമിതി നിഷ്കർഷിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നികുതി വിഹിതങ്ങൾ ഈടാക്കിയില്ല-സർക്കാരിനും ബോർഡിനും ലക്ഷങ്ങൾ നഷ്ടം**

ജനകീയാസൂത്രണ പദ്ധതി വർഷങ്ങളിലെ വിവിധ മരാമത്ത് ബില്ലുകളിൽ നിന്നും നഗരസഭ വിൽപ്പന നികുതിയും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും ഈടാക്കിയില്ല. സർക്കാരിനും ക്ഷേമനിധി ബോർഡിനും ഇതിനാൽ ലക്ഷങ്ങൾ നഷ്ടമായി.

1997-98 മുതൽ 2001-02 വരെ ഗുണഭോക്തൃ സമിതികൾ നിർവഹിച്ച മരാമത്ത് പണികളുടെ പ്രവർത്തനമൂല്യത്തിന്റെ 5.6% വിൽപ്പന നികുതിയും 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും ഈടാക്കാനായിരുന്നു സർക്കാർ ഉത്തരവ്. പദ്ധതികളുടെ അടങ്കൽ നിശ്ചയിക്കുമ്പോൾത്തന്നെ ഇതിനാവശ്യമായ തുക പദ്ധതിവിഹിതത്തിൽ നിന്നും വകയിരുത്തുവാനും ഉത്തരവ് നിർദ്ദേശിച്ചിരുന്നു. 1998-99 മുതൽ 2001-02 വരെയുള്ള പണികളുടെ 2003 മാർച്ച് 31 വരെ തീർപ്പായ ബില്ലുകളിൽ സർക്കാർ നിർദ്ദേശം നഗരസഭ പാലിച്ചില്ല. 1997-98-ലെ പദ്ധതികളുടെ 30-6-1998 വരെയുള്ള ബില്ലുകളിൽ ഉത്തരവിന് വിരുദ്ധമായി 2.1% വിൽപ്പന നികുതിയും 1% ക്ഷേമനിധി വിഹിതവുമാണ് ഈടാക്കിയത്.

സർക്കാരിനും ക്ഷേമനിധി ബോർഡിനും ഉണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദികളിൽ നിന്നും നികുതി വിഹിതങ്ങൾ ഈടാക്കേണ്ടതാണ്.

[2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4-II-11(8)]

67. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

"1997-98 മുതൽ 2001-2002 വരെയുള്ള കാലയളവിൽ കൺവീനർ വർക്കുകളാണ് നടന്നിട്ടുള്ളത്. നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം വില്പന നികുതി എന്നിവ ഈടാക്കുന്നതിനുള്ള വ്യക്തമായ അറിയിപ്പ് യഥാസമയം ലഭിക്കാതിരുന്ന തിനാലാണ് തുക യഥാസമയം ഈടാക്കുവാൻ പറ്റാതിരുന്നത്. തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനായി 22-5-2008-നു തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി

മുൻപാകെ കത്ത് അയച്ചിട്ടുണ്ട്. സർക്കാരിൽനിന്നും ഇതുവരെ ഉത്തരവൊന്നും ലഭ്യമായിട്ടില്ല. ആയതിനു സർക്കാരിൽനിന്നും അംഗീകാരം ലഭിക്കുന്നില്ലായെങ്കിൽ നഗരസഭാ ഫണ്ടിൽനിന്നും അടവാക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണ്."

68. ജനകീയാസൂത്രണ പദ്ധതിയിലെ പണികൾക്ക് ബിൽ സെറ്റിൽ ചെയ്തപ്പോൾ ക്ഷേമനിധി വിഹിതം, വിൽപ്പന നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്ന പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞു. 'സ്റ്റാറ്റ്യൂട്ടറി റിക്കവറീസ്' വേറെയാണെന്നും ഇവ എസ്റ്റിമേറ്റിൽ ചേർത്ത് തുക പഞ്ചായത്ത് അടയ്ക്കുമെന്നും എസ്.പി.എ.ഒ. സമിതിയിൽ വിശദീകരിച്ചു. 'നോമിനി' വർക്കിന് നികുതി ഇല്ലെന്നും 'ആക്ചൽ കോസ്റ്റ്' മാത്രമേ കൊടുക്കുന്നുള്ളൂവെന്നും ടെന്റർ ചെയ്തു കൊടുക്കുന്ന വർക്കിനു മാത്രമേ നികുതി ചുമത്തുന്നുള്ളൂ എന്നും എസ്.പി.എ.ഒ., എൽ.എസ്.ജി.ഡി. സമിതിയെ തുടർന്ന് അറിയിച്ചു. ക്ഷേമനിധിയിലേക്കുള്ള തുക പഞ്ചായത്ത് അടയ്ക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

69. **ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടില്ലർ ഉപയോഗശൂന്യമായി-1,12,147 രൂപ പാഴ്ച്ചെലവ്**

**ചെറുകിട കർഷകരെ സഹായിക്കാൻ നഗരസഭ വാങ്ങിയ പവർ ടില്ലർ ഉപയോഗശൂന്യമായി**

1997-98-ലാണ് 1,12,147 രൂപ പദ്ധതി വിഹിതത്തിൽ നിന്ന് ചെലവഴിച്ച് ടില്ലർ വാങ്ങിയത്. ടില്ലർ രജിസ്റ്റർ ചെയ്തതായി രേഖയില്ലാത്തത് സംശയാസ്പദമാണ്. ടില്ലർ വാങ്ങി അഞ്ച് വർഷം കഴിയേണ്ടിവന്നു അത് ഉപയോഗശൂന്യമാണെന്ന് നഗരസഭയ്ക്ക് മനസ്സിലാക്കുവാൻ. നഗരസഭ പുറത്തിറക്കിയ 2002-03-ലെ പദ്ധതി രേഖ (പേജ് 28)-യിലാണ് സൂക്ഷിക്കാൻ ഷെഡും പ്രവർത്തിപ്പിക്കാൻ ജോലിക്കാരുമില്ലാതെ ടില്ലർ ഉപയോഗശൂന്യമായത് വ്യക്തമാക്കിയിരിക്കുന്നത്. ടില്ലർ ഇപ്പോൾ നശിച്ചുപോയിരിക്കാനും സാധ്യതയുണ്ട്.

ഷെഡ് പണിയാനും, ടില്ലർ പ്രവർത്തിപ്പിക്കാൻ 100 പേർക്ക് പരിശീലനം നൽകാനും പദ്ധതിയിൽ പണം വകയിരുത്തിയിരുന്നു. സമയബന്ധിതമായി ഇവ നടപ്പാക്കാത്തത് നഗരസഭയുടെ കെടുകാര്യസ്ഥതയും നിരുത്തരവാദിത് വവും കൊണ്ടാണ്.

അംഗീകരിച്ച പദ്ധതിക്ക് വിരുദ്ധമായിരുന്നു നിർവ്വഹണം. 1,30,000 രൂപ അടങ്കലിൽ 75,000 രൂപ പദ്ധതിവിഹിതവും 55,000 രൂപ ബാങ്ക് വായ്പയുമായിരുന്നു. എന്നാൽ ടില്ലർ വില മുഴുവൻ പദ്ധതി വിഹിതത്തിൽ നിന്ന് നൽകി.

5 വർഷംകൊണ്ട് 4,32,000 രൂപ നഗരസഭ വരുമാനം പ്രതീക്ഷിച്ച പദ്ധതി പാഴ്ചെലവായത് അന്വേഷിച്ച് നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

[2004-05-ലെ സമാഹൃത റിപ്പോർട്ട്, ഖണ്ഡിക 4.II-11(9)]

70. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-2009-ലെ 57447/എ.ബി.1/2008/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു.

"1997-98 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം കാർഷിക മേഖലയിൽ യന്ത്രവൽക്കരണ പദ്ധതിയിൽ പട്ടികജാതിയിൽപ്പെട്ട ഹരിജൻ സംഘത്തിനു അനുവദിച്ച പവർ ടില്ലറും മറ്റു ഉപകരണങ്ങളും 1999 ഒക്ടോബർ മാസം 14-ാം തീയതി 50 രൂപ മുദ്രപ്പത്രത്തിൽ സാക്ഷികൾ മുൻപാകെ ഒപ്പിട്ട കരാർ ഉടമ്പടി പ്രകാരം തലശ്ശേരി കൃഷി ഫീൽഡ് ഓഫീസിൽ നിന്നും പ്രസ്തുത സംഘം രജി. നമ്പർ 422/99 ആയി ടില്ലർ ഏറ്റുവാങ്ങിയിട്ടുണ്ടെന്നും സംഘത്തിന്റെ മേൽനോട്ടത്തിൽ പ്രസ്തുത ദിവസം മുതൽ മഴയും വെയിലും കൊള്ളാതെ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ടെന്നും തലശ്ശേരി കൃഷി ഭവൻ അഗ്രിക്കൽച്ചറൽ ഫീൽഡ് ഓഫീസറുടെ 4-11-2007-ലെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

1997-98 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിപ്രകാരം കാർഷിക മേഖലയിലെ യന്ത്രവൽക്കരണ പദ്ധതിയിലെ പട്ടികജാതിയിൽപ്പെട്ട ഹരിജൻ സംഘത്തിനു അനുവദിച്ച പവർ ടില്ലറും മറ്റ് ഉപകരണങ്ങളും 1999 ഒക്ടോബർ മാസം 14-ാം തീയതി 50 രൂപ മുദ്രപ്പത്രത്തിൽ എഴുതിയ കരാർ ഉടമ്പടി പ്രകാരം തലശ്ശേരി കൃഷി ഫീൽഡ് ഓഫീസിൽ പവർ ടില്ലർ തലശ്ശേരി നഗരസഭയിലെ 25-ാം വാർഡിലെ കുട്ടിമാക്കൂലിൽ പ്രവർത്തിക്കുന്ന പട്ടികജാതി കാർഷിക സംഘത്തിൽ കൈമാറിയിരിക്കുന്നു. സംഘത്തിന്റെ മേൽനോട്ടത്തിൽ പ്രസ്തുത ദിവസംമുതൽ മഴയും വെയിലും കൊള്ളാതെ ടില്ലർ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ടെന്ന് കൃഷി ഓഫീസർ അറിയിച്ചെങ്കിലും ആയത് സംഘത്തിനു കൈമാറിയശേഷം എന്ത് സംഭവിച്ചു എന്നു കൃത്യമായി പറയാൻ ആർക്കും കഴിയാത്ത സ്ഥിതിയാണുള്ളത്.

ഷെഡ് പണിയാനും ടില്ലർ പ്രവർത്തിപ്പിക്കാൻ 100 പേർക്ക് പരിശീലനം നല്കാനും പദ്ധതിയിൽ വകയിരുത്തിയിരുന്നെങ്കിലും ആയതൊന്നും നടപ്പാക്കിയിട്ടില്ല. മാത്രമല്ല, ടില്ലറിന്റെ വില മുഴുവൻ പദ്ധതി വിഹിതത്തിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ടില്ലറിന്റെ ഉപയോഗംമൂലം ലഭിക്കാവുന്ന തുകകൾക്ക് റിക്കോർഡുകൾ യഥാസമയം സൂക്ഷിക്കുന്നതാണെന്നും വേതന തുകകൾ കൊടുക്കുന്നതിനു മസ്റ്റർ റോളുകൾ ഉണ്ടാക്കി സൂക്ഷിക്കുകയും വരവ് ചെലവ് കണക്ക് മിനിട്സ് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കുന്നതിനുമാണെന്ന് ഉടമ്പടിയിൽ പറഞ്ഞിരുന്നെങ്കിലും ഇതൊന്നും നടപ്പാക്കിയതിനു രേഖകൾ ഹാജരാക്കിയിട്ടില്ല. ടില്ലർ രജിസ്റ്റർ ചെയ്തതായി യാതൊരു രേഖയും ഇല്ല. അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർക്ക് തന്നെ ടില്ലറിനെപ്പറ്റി ഇപ്പോൾ വ്യക്തമായ ധാരണയില്ലാത്ത സ്ഥിതിയാണുള്ളത്."

71. പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർ മരിച്ചു പോയെന്നും 1,12,147 രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചതെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. ടില്ലർ ഇപ്പോഴുമുണ്ടെന്നാണ് റിപ്പോർട്ടെന്നും മുനിസിപ്പാലിറ്റിക്കാണ് ഉടമസ്ഥാവകാശമെങ്കിലും കൃഷി ഓഫീസറുടെ കസ്റ്റഡിയിലാണ് ടില്ലർ ഇപ്പോഴുമുള്ളതെന്നും ഒരു കർഷകസംഘത്തിന് ഉപയോഗത്തിനായി നല്കിയിരിക്കുകയാണെന്ന് കൃഷി ഓഫീസർ റിപ്പോർട്ട് തന്നിട്ടുണ്ടെന്നും തലശ്ശേരി മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ടില്ലർ വാങ്ങിയെങ്കിലും അത് സൂക്ഷിക്കാൻ ഷെഡ്ഡ് നിർമ്മിക്കുകയോ പ്രവർത്തിപ്പിക്കാൻ ജോലിക്കാരെ നിയമിക്കുകയോ ചെയ്തിട്ടില്ലെന്നും ഇതിലേക്ക് പദ്ധതിയിൽ പണം വകയിരുത്തിയെങ്കിലും സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തത് നഗരസഭയുടെ വീഴ്ചയാണെന്നും പദ്ധതി ഉദ്ദേശിച്ച തരത്തിൽ പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തി.

ബാങ്ക് വായ്പ ഇല്ലായിരുന്നെന്നും പദ്ധതി വിഹിതം മാത്രമേ ചെലവാക്കിയുള്ളൂ വെന്നും മുനിസിപ്പൽ സെക്രട്ടറി ഈയവസരത്തിൽ സമിതിയെ അറിയിച്ചു.

ടില്ലർ ആരുടെ കൈവശമാണെന്നതിനെ സംബന്ധിച്ച് നഗരസഭാ സെക്രട്ടറിക്ക് വ്യക്തമായ ധാരണയില്ലെന്നും 25-ാം വാർഡിലുള്ള ഒരു സൊസൈറ്റിക്ക് കൊടുത്തിട്ടു ണ്ടെന്ന് കൃഷി ഓഫീസർ നൽകിയ വിവരം മാത്രമേ നഗരസഭയുടെ പക്കലുള്ളൂവെന്നും ആയതിനാൽ ടില്ലർ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് അന്വേഷിച്ച് കണ്ടുപിടിക്കാൻ മുനിസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തണമെന്നും എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു.

50 രൂപ മുദ്രപ്പത്രത്തിൽ സാക്ഷികൾ മുമ്പാകെ ഒപ്പിട്ട കരാർ ഉടമ്പടി പ്രകാരം തലശ്ശേരി കൃഷി ഫീൽഡ് ആഫീസിൽ നിന്നും പ്രസ്തുത സംഘം രജിസ്റ്റർ നമ്പർ 422/99 ആയി ടില്ലർ ഏറ്റുവാങ്ങിയ രേഖയുണ്ടെന്നും അതു പരിശോധിക്കണമെന്നും സംഘത്തിന്റെ മേൽനോട്ടത്തിൽ ടില്ലർ സൂക്ഷിച്ചിട്ടുണ്ടെന്നും തലശ്ശേരി കൃഷി ഭവൻ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറുടെ 4-11-2007-ലെ മറുപടിയിൽ പറഞ്ഞിട്ടുള്ളതി നെപ്പറ്റി സമിതി ചർച്ച ചെയ്യുകയും അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ ഏതുതരത്തിലുള്ള ഉദ്യോഗമാണെന്ന് ആരായുകയും ചെയ്തു. ഡെമോൺസ്ട്രേറ്റർ ആയി ജോലിയിൽ കയറുന്നയാൾക്ക് കിട്ടുന്ന ഉദ്യോഗക്കയറ്റമാണിതെന്ന് എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു.

ടില്ലർ എവിടെയെന്നും ആരുടെ കൈവശമാണെന്നും അതിന്റെ അവസ്ഥ യെന്തെന്നും മുനിസിപ്പൽ സെക്രട്ടറി, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ സംയുക്തമായി പരിശോധിച്ച് ഇക്കാര്യത്തിൽ തീർപ്പുണ്ടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചു.

72. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

ഫയൽ പരിശോധിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഫീൽഡ് ഓഫീസറിൽ നിന്ന് വിശദീകരണവും തേടി. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ (23-7-2009) പ്രസ്തുത ടില്ലർ 14-10-1999-ന് കുട്ടിമാക്കൂൽ ഹരിജൻ സംഘം ഏറ്റുവാങ്ങിയതായും 1/2004-ൽ നഗരസഭയിൽ തിരിച്ചേൽപ്പിച്ചതായും വിശദീകരിക്കുക യുണ്ടായി. ടില്ലർ രജിസ്റ്റർ ചെയ്യാത്തതു സംബന്ധിച്ച് നൽകിയ കത്തിന് മറുപടിയായി കൈപ്പറ്റിയ സംഘത്തിന് രജിസ്ട്രേഷൻ നടത്തേണ്ട കാര്യം അറിവില്ലാത്തതിനാൽ രജിസ്റ്റർ ചെയ്തിട്ടില്ല എന്നും, നഗരസഭയെ ഏൽപ്പിച്ചതിന് രസീത് അനുവദിക്കുവാൻ നഗരസഭാ ചെയർമാനോട് ആവശ്യപ്പെട്ടിരുന്നു എന്നും രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയ ശേഷം രജിസ്ട്രേഷൻ രേഖകളും നഗരസഭയ്ക്ക് ടില്ലർ കൈമാറിയതിന്റെ രേഖകളും ലഭ്യമാക്കുന്നതാണ് എന്നും അറിയിക്കുകയുണ്ടായി.

**സംയുക്ത ഭൗതിക പരിശോധനയിൽ കണ്ടെത്തിയ നിലവിലെ സ്ഥിതി**

നഗരസഭാ കോമ്പൗണ്ടിൽ മേൽക്കൂരയില്ലാത്ത സ്ഥലത്ത് ഉപയോഗശൂന്യമായ നിലയിൽ ടില്ലർ കാണുകയുണ്ടായി. വെയിലും മഴയും ഏറ്റ് പല ഭാഗങ്ങളും ഇളകിപ്പോകുകയോ തുരുമ്പെടുത്ത് നശിക്കുകയോ ചെയ്തിട്ടുണ്ട്. ടില്ലർ 4 വർഷം സംഘം ഉപയോഗിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അവകാശപ്പെട്ടുവെങ്കിലും ആയത് വിശ്വാസയോഗ്യമല്ല. ടയറുകൾക്ക് തേയ്മാനം സംഭവിച്ചിട്ടില്ല.

**പരിശോധനാഫലം**

പദ്ധതിവിഹിതം ഉപയോഗിച്ച് വാങ്ങിയ ടില്ലർകൊണ്ട് ഭൗതികലക്ഷ്യം കൈവരിക്കുക യുണ്ടായില്ല. രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്തതും രേഖാമൂലം നഗരസഭയിൽ നാളി തുവരെ തിരിച്ചേല്പിച്ചിട്ടില്ല എന്നതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് കാണി ക്കുന്നത്.

**നിഗമനങ്ങൾ/ശുപാർശകൾ**

73. **ടില്ലർ ഉപയോഗശൂന്യമായതുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനുമേൽ വകുപ്പുതല നടപടിക്ക് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാർപ്പിന് അധിക നിരക്ക്-ടാർവില ഈടാക്കിയില്ല**

വാർപ്പിന് അധിക നിരക്ക് അനുവദിച്ചും ടാർവില ഈടാക്കാതെയും നഗരസഭ 62,732 രൂപയുടെ നഷ്ടം വരുത്തി.

കോണോർ വയലിന്റെ വടക്കുവശത്ത് ഓവുചാൽ വാർക്കുന്നതിനാണ് അധിക നിരക്ക് അനുവദിച്ചത്. 112.668 ഘന മീറ്റർ വാർക്കുന്നതിന് ഘന മീറ്ററിന് 2,622 രൂപയാണ് അനുവദിച്ചത്. വാർപ്പിന്റെ അളവ്, തട്ടിന്റെ വിസ്തീർണം എന്നിവ യുടെ അടിസ്ഥാനത്തിൽ 2,116 രൂപയാണ് ഘനമീറ്ററിന് അനുവദനീയം. മാത്രമല്ല തട്ട് അടിക്കാൻ ആവശ്യമായ പലകയുടെ കടത്തുകൂലി ആനുപാതികമായി പരിഗണിക്കുമ്പോൾ ഘനമീറ്ററിന് അനുവദനീയം 2,104 രൂപയായി കുറയും. ഈ നിരക്കിൽ അധികം നൽകിയത് 49,030 രൂപയാണ്.

റോഡ് അറ്റകുറ്റപ്പണികൾക്ക് കൺവീനർക്ക് 6963 കി.ഗ്രാം. ടാർ അനുവദിച്ചിരുന്നു. അളവുകൾ പ്രകാരം 5956 കി.ഗ്രാം ഉപയോഗിച്ചിട്ടുണ്ട്. ബാക്കി 1006 കി.ഗ്രാം. ടാറിന്റെ വില ഈടാക്കിയില്ല. വിപണി നിരക്കിൽ ഇതിന് 13,702 രൂപ വരും.

നഗരസഭയ്ക്കുണ്ടായ നഷ്ടം 62,732 രൂപ ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

[2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 4-II-11(10)]

74. ഓഡിറ്റ് ഖണ്ഡികയ്ക്ക് ത.സ്വ.ഭ.വ. സെക്രട്ടറിയുടെ 23-5-2009-ലെ 57447/എ. ബി.1/2008/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"പ്രവൃത്തിയിലെ ഓവുചാലിനു പാർശ്വഭിത്തി കെട്ടൽ (സിമന്റ് കോൺക്രീറ്റ് 1:3:6) എന്ന നാലാമത്തെ ഇനത്തിൽ നിരക്ക് തയ്യാറാക്കിയതിൽ ഫോംവർക്കിന്റെ വിസ്തീർണ്ണം ആവശ്യത്തിലേറെ ഉൾപ്പെടുത്തിയതായുള്ള കണ്ടെത്തൽ ശരിയല്ല. അടുത്തിടെ മണ്ണിട്ടുയർത്തിയ സ്ഥലത്താണ് ഡ്രെയിൻ പണിതത്. മണ്ണിട്ടുയർത്തിയ സ്ഥലമായതിനാൽ മണ്ണ് കുഴിച്ചെടുക്കുമ്പോൾ കുഴിയുടെ ഇരുവശങ്ങളും ഇടിഞ്ഞു വീഴുക സ്വാഭാവികമാണ്. അതിനാലാണ് ഡ്രെയിൻഭിത്തികളുടെ ഇരുവശങ്ങളിലും പലകയടിച്ച് കോൺക്രീറ്റ് ചെയ്യാനുള്ള നിരക്ക് അനുവദിച്ചത്. ഇതു യഥാർത്ഥ ആവശ്യകതപ്രകാരം തന്നെയായിരുന്നു പ്രസ്തുത ഇനം പ്രവൃത്തി ചെയ്തതിന്റെ ആകെ വ്യാപ്തം 112.668 എം.3 ആണ് (142/2 നമ്പർ മെഷർമെന്റ് ബുക്കിന്റെ 5.6 പേജുകളിൽ അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്). ഡ്രെയിനിന്റെ പാർശ്വഭിത്തികളുടെ എല്ലാവശങ്ങളിലും ഫോംവർക്ക് ചെയ്യേണ്ടി വന്നതിനാലാണ് ആകെ 376.97 എം.2 ഫോംവർക്ക് ആവശ്യമായി വന്നിട്ടുള്ളത്. ഇപ്രകാരം ഒരു ക്യുബിക് മീറ്റർ കോൺക്രീറ്റിനു 6.68 ച.മീ. എന്ന ശരാശരി അളവിൽ ഫോംവർക്ക് വേണ്ടി വന്നിട്ടുണ്ട്. എന്നാൽ 6.13 ച.മീ. ഫോംവർക്കിന്റെ നിരക്കു മാത്രമേ ഡാറ്റയിൽ ഉൾപ്പെടുത്തി യിരുന്നുള്ളൂ. 6.58 ച.മീ. പ്രകാരം നിരക്ക് തയ്യാറാക്കിയിരുന്നെങ്കിൽ ഒരു ക്യുബിക് കോൺക്രീറ്റിനു 2,707 രൂപ അനുവദിക്കേണ്ടതായിരുന്നു. എന്നാൽ 2,662 രൂപ മാത്രമാണ് അനുവദിച്ചത്. മേൽ സൂചിത പ്രവൃത്തിയുടെ കൂടെ ടാർ പ്രവൃത്തികളൊന്നും തന്നെ പ്രവൃത്തിയുടെ ടെണ്ടർ വഴി കരാറുകാരനെ ഏൽപ്പിച്ചിരുന്നില്ല എന്നും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. ടി പ്രവൃത്തിയുടെ ഫോംവർക്കിന് അധികരിച്ച് അനുവദിച്ച 1,135 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനായി 24-5-2008-നു ടിയാനു നോട്ടീസ് നല്കിയിട്ടുണ്ട്."

75. അനുവദനീയമായതിൽ കൂടുതൽ നിരക്ക് എസ്റ്റിമേറ്റിൽ വകയിരുത്തിയെന്നു ള്ളത് ശരിയല്ലെന്നും കുറഞ്ഞ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്നും, ഓവുചാലിന് പാർശ്വഭിത്തി കെട്ടുന്നതിന് നാലു വശങ്ങളിലും പലക അടിച്ച് ഫോംവർക്ക് ചെയ്തില്ലെങ്കിൽ ഇടിഞ്ഞുപോകുമെന്നും ഇതിലേക്കാണ് നിരക്ക് എടുത്തതെന്നും ഇതിലുംകൂടിയ നിരക്കായിരുന്നു ശരിക്കും കണക്കാക്കേണ്ടിയി രുന്നതെന്നും മുനിസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

ഓടയ്ക്ക് രണ്ടു വശങ്ങളല്ലേയുള്ളൂവെന്നതിന് പുതിയ മണ്ണിട്ട് നിറയ്ക്കുന്ന ഓടയായതിനാൽ നാലു വശങ്ങളുണ്ടെന്നും, നാലുവശത്തും പലക വച്ചില്ലെങ്കിൽ ഇടിഞ്ഞു പോകാനിടയുണ്ടെന്നും തുറന്ന ഓടയാണെന്നും, സമിതിയുടെ ചോദ്യങ്ങൾക്ക് സെക്രട്ടറി മറുപടി നൽകിയതിന് ഇതൊക്കെ ഊഹിച്ചു പറയുകയാണെന്നും മണ്ണ് കുഴിച്ചെടുക്കുമ്പോൾ ഇരുവശങ്ങളും ഇടിഞ്ഞുവീഴുക സ്വാഭാവികമാണെന്നും അതിനാണ് ഭിത്തികളുടെ ഇരുവശങ്ങളിലും പലകയടിച്ച് കോൺക്രീറ്റ് ചെയ്യുവാനുള്ള നിരക്ക് അനുവദിച്ചതെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത വർക്കിന്റെ അളവുകളെയും നിരക്കുകളെയുംപറ്റി സമിതി താഴെപ്പറയും പ്രകാരം ചർച്ച ചെയ്തു. പ്രവൃത്തിയുടെ ആകെ വ്യാപ്തം $112.688m^3$ ആണെന്ന് 142/02-ാം നമ്പർ അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഓടയുടെ

പാർശ്വവശങ്ങളിലെല്ലാം ഫോംവർക്ക് ചെയ്തതിനാലാണ് ആകെ 376.97$m^3$ ഫോംവർക്ക് ആവശ്യമായി വന്നതെന്നും ഇപ്രകാരം ഒരു ക്യൂബിക്ക് മീറ്റർ കോൺക്രീറ്റിനു 6.58 എന്ന ശരാശരിയളവിൽ ഫോം വർക്ക് വേണ്ടി വന്നിട്ടുണ്ടെന്നും എന്നാൽ 6.13 ച. മീറ്ററിന്റെ നിരക്കേ ഡാറ്റയിലുൾപ്പെടുത്തിയിരുന്നുള്ളൂ എന്നും 6.53 ച.മീ. പ്രകാരം നിരക്ക് തയ്യാറാക്കിയിരുന്നുവെങ്കിൽ ഒരു ക്യൂബിക് കോൺക്രീറ്റിനു 2,707 രൂപ അനുവദിക്കേണ്ടതായിരുന്നുവെന്നും 2,662 രൂപ മാത്രമാണ് അനുവദിച്ചതെന്നും വ്യക്തമാക്കിയതിനു പുറമേ ഇക്കാര്യത്തിൽ ഓഡിറ്റു വകുപ്പിന്റെ തർക്കമെന്താണെന്നും സമിതി ആരാഞ്ഞു. പ്രസ്തുത സ്റ്റേറ്റ്മെന്റ് ശരിയാണോയെന്നറിയാൻ വീണ്ടും പരിശോധിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറ്ടർ സമിതിയെ അറിയിച്ചു.

ഓഡിറ്റ് പരാമർശത്തിൽ രണ്ടാമത് പറഞ്ഞിരിക്കുന്നത് ടാറിന്റെ വിലയാണെന്നും ആ വർക്ക് ഇതുമായി ബന്ധപ്പെട്ടതല്ലെന്നും ഓഡിറ്റ് റിപ്പോർട്ടിൽ തെറ്റുണ്ടെന്നും ഈയവസരത്തിൽ തലശ്ശേരി മുനിസിപ്പൽ സെക്രട്ടറി അഭിപ്രായം അറിയിച്ചതിന് അധികനിരക്ക് ഈടാക്കിയതേയുള്ളൂവെന്നും എം.ബുക്കിൽ ഉള്ളതു പോലെ വളരെക്കുറച്ച് തുകയാണ് വാങ്ങിയതെന്ന് സമിതിക്ക് വ്യക്തമാകുകയും ഇക്കാര്യങ്ങൾ പരിശോധിക്കണമെന്ന് ഓഡിറ്റ് വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു.

76. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

അവ്യക്തത സംബന്ധിച്ച വിശദീകരണം:

2002-03 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2(36), 2(37) എന്നിവ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4-11-2010-ൽ ഒറ്റ പരാമർശമായി ഉൾപ്പെടുത്തപ്പെടുകയായിരുന്നു. അതിനാലാണ് കോണോർവയൽ ഓവു ചാൽ പ്രവൃത്തിയിൽ ടാറിംഗ് ഇല്ല എന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടത്. യഥാർത്ഥത്തിൽ ഖണ്ഡിക 2(37)-ൽ സൗത്ത് സെക്ഷനിലെ ചില റോഡുകൾക്ക് അടിയന്തിര റിപ്പയർ എന്ന പ്രവൃത്തിക്കാണ് ടാർ അനുവദിക്കപ്പെട്ടത് (ഫയൽ ഇ1/12899/02).

**പരിശോധനാ റിപ്പോർട്ട്**

(എ) കോണോർ വയൽ ഓവുചാൽ:

ഫയൽ പരിശോധിച്ചു. എസ്റ്റിമേറ്റിൽ ഓവുചാൽ ഭിത്തികളുടെ ഇരുവശങ്ങളിലും ഫോംവർക്ക് നടത്തി കോൺക്രീറ്റ് ചെയ്യുവാനായിരുന്നു നിർദ്ദേശം. 376.97 ച.മീ. ഫോംവർക്കിനാണ് എസ്റ്റിമേറ്റിൽ കണക്കാക്കിയിരുന്നത്. ഇപ്രകാരം 1 ക്യു.മീ.കോൺക്രീറ്റിന് 6.68 ച.മീ. ഫോംവർക്ക് ആവശ്യമാണ്. 2 വശങ്ങളിൽ മാത്രം ഫോംവർക്ക് എന്ന് തെറ്റിദ്ധരിച്ചതാണ് ഓഡിറ്റ് പരാമർശത്തിന് ഇടയാക്കിയത്. ഈ ഇനത്തിൽ അധിക നിരക്ക് അനുവദിച്ചിട്ടില്ല.

(ബി) ടാർവില ഈടാക്കിയില്ല:

റിപ്പോർട്ടിൽ പരാമർശിച്ച നഷ്ടമായ 13,702 രൂപ (സപ്ലൈ ചെയ്തു ടാറിന്റെ വില ഈടാക്കാത്തതുമൂലം) ഇ2/543/08 പ്രകാരമുള്ള വർക്ക് ബില്ലിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. തുടർനടപടികൾ ഒഴിവാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശുപാർശകൾ**

**77. വാർപ്പിന് അധികനിരക്ക്/ടാർവില ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശത്തിൻമേൽ സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് വകുപ്പ് നടത്തിയ പുനരന്വേഷണ റിപ്പോർട്ടിൽ വാർപ്പിന് അധികനിരക്ക് അനുവദിച്ചിട്ടില്ല എന്നും ടാർവില വർക്ക് ബില്ലിൽ നിന്ന് ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നത് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കണക്കില്ല-ടാർ വാങ്ങലിൽ 8.7 ലക്ഷം നഷ്ടം**

പെട്രോളിയം കമ്പനികൾക്ക് മുൻകൂർ നൽകിയ ടാർവില ക്രമീകരിക്കാത്തതിനാലും അർഹമായ വിൽപ്പന നികുതി ഇളവ് ഉപയോഗപ്പെടുത്താത്തതിനാലും നഗരസഭയ്ക്ക് 8,71,929 രൂപ നഷ്ടം.

കൃത്യമായ കണക്കില്ലാത്തതിനാലാണ് മുൻകൂർ ക്രമീകരിക്കാനാവാത്തത്. ഐ.ഒ.സി., ബി.പി.സി.എൽ., എച്ച്.പി.സി.എൽ. എന്നീ കമ്പനികൾക്ക് മുൻകൂർ നൽകിയ ടാർവിലയിൽ 5,23,319 രൂപ ക്രമീകരിക്കാനുണ്ട്. ഈ കമ്പനികൾക്ക് മുൻകൂർ പണം നൽകിയാണ് മരാമത്ത് വേലകൾക്ക് ആവശ്യമായ ടാർ നഗരസഭ സംഭരിക്കുന്നത്. ഇങ്ങനെ ടാർ വാങ്ങുമ്പോൾ ഓരോ കമ്പനിക്കും നൽകിയ തുക, ലഭിച്ച ടാർ, വില, നീക്കിയിരിപ്പ്, തിരിച്ചടവ് എന്നിവ വ്യക്തമാക്കുന്ന കൃത്യമായ രേഖകൾ നഗരസഭയിലില്ല ഇതിനാൽ ക്രമീകരിക്കാനുള്ള മുൻകൂർ ഇനിയും കൂടാനും ഇടയുണ്ട്. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ നിർണ്ണയിച്ചതാണ് മുകളിലെ തുക.

വിൽപ്പന നികുതി ഭേദഗതി നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടാറിന് 4% നികുതി നൽകിയാൽ മതി. ഇളവ് ഉപയോഗപ്പെടുത്താതെ നഗരസഭ 34.5% നിരക്കിൽ നികുതി ഒടുക്കി 34,860 രൂപ നഷ്ടം വരുത്തി.

മുൻകൂർ ക്രമീകരിക്കുകയും അധികനിരക്കിൽ നികുതി നൽകിയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുകയും വേണം.

[2005-06-ലെ സമാഹൃത റിപ്പോർട്ട്, ഖണ്ഡിക 3.23(1)]

78. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 23-5-09-ലെ 57447/എ.ബി.1/08/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

(1) "നഗരസഭയിൽ നിന്നും പെട്രോളിയം കമ്പനികൾക്ക് മുൻകൂർ നൽകിയ ടാർവില ക്രമീകരിക്കുന്നതിനുവേണ്ടി ഇ1.8553/97 നമ്പർ ഫയലിലെ 26-4-2000-ലെ രേഖപ്പെടുത്തലുകൾ പ്രകാരം ഐ.ഒ.സി. വശം നീക്കിയിരിപ്പുള്ള 6,03,421 രൂപ തിരികെ ഈടാക്കുന്നതിനായി കമ്പനിയുമായി 27-5-2005, 15-3-2007, 9-6-2008 എന്നീ തീയതികളിൽ എഴുത്തുകുത്തുകൾ നടത്തിയതിൽ 25-6-2008-നു കമ്പനി നൽകിയ മറുപടിയിൽ ടി വിഷയം സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിനു കമ്പനിയുടെ ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നു അറിയിച്ചിട്ടുണ്ട്. നഗരസഭയിൽ നിന്നും കമ്പനിയുമായി നേരിട്ട് ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പി.ഡബ്ല്യൂ.ഡി. ഓവർസിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) ഇ1.8019/96-ാം നമ്പർ ഫയലിലെ 29-7-1997-ലെ രേഖപ്പെടുത്തലുകൾ പ്രകാരം ബി.പി.സി.എൽ. വശം നീക്കിയിരുപ്പുള്ള 34,124 രൂപ തിരികെ ഈടാക്കുന്ന തിനായി വക്കീൽ മുഖേന 16-6-2008-നു കമ്പനിക്ക് ലീഗൽ നോട്ടീസ് അയച്ചിട്ടുണ്ട്.

(3) ഇ1.10066/2000 നമ്പർ ഫയലിൽ 2002-03 കാലയളവിൽ ബി.പി.സി.എൽ., എച്ച്.പി.സി.എൽ. എന്നീ കമ്പനികളുമായി ടാർ ഇടപാടുകൾ നടത്തിയതിന്റെ ഇൻവോ യിസുകൾ/കോപ്പികൾ ലഭിക്കുന്നതിനുവേണ്ടി 28-7-2005, 15-3-2007, 29-5-2007, 10-7-2008 എന്നീ തീയതികളിൽ ബന്ധപ്പെട്ട കമ്പനികളുമായി എഴുത്തുകുത്തുകൾ നടത്തുകയും ബി.പി.സി.എൽ. 3-3-2007-നു നൽകിയ മറുപടിയിൽ 1-4-2002 മുതൽ നടന്ന പണം അടവിന്റെ വിശദീകരണം ടാർ ഇടപാടുമായി ബന്ധപ്പെട്ട റിക്കാർഡുകളു മായി പരിശോധിക്കുന്നതിലേക്കായി അയച്ചുകൊടുക്കുന്നതിനു അറിയിച്ചതു പ്രകാരം 9-6-2008-നു അയച്ചു കൊടുക്കുകയും 10-7-2008-നു ഒരു ഓർമ്മക്കുറിപ്പു കൂടി അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(4) പൊതുവില്പന നികുതി നിയമം ഭേദഗതി ചെയ്തുകൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽനിന്നും ഭാരത് പെട്രോളിയം കോർപ്പറേഷന് 34.5% നിരക്കിൽ അധികരിച്ച് ഒടുക്കിയ തുക തിരിച്ചടയ്ക്കുന്നതിനു വിവിധ തീയതികളിൽ കത്തയച്ചെങ്കിലും തുടർന്നു 5-6-2008-ന് ബി.പി.സി.എൽ. നൽകിയ മറുപടിയിൽ 8-4-2003 മുതൽ 12-4-2003 വരെയുള്ള ഇൻവോയിസുകൾക്ക് നികുതി സൗജന്യം ബാധകമാക്കാനാവില്ലെന്നും സർക്കാർ ഉത്തരവ് (നോട്ടിഫിക്കേഷൻ) ബാധ കമാക്കിയ തീയതിക്കു ശേഷമുള്ള ഇൻവോയിസുകളുടെ കാര്യത്തിൽ അനക്സർ 1 സാക്ഷ്യപത്രം ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ കമ്മിറ്റിയുടെ പേരിൽ ബാദ്ധ്യതയി ല്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്."

79. മുൻകൂർ തുക നൽകിയാണോ ടാർ വാങ്ങുന്നതെന്നും കൊടുത്ത മുൻകൂർ നിലനിൽക്കുന്നുണ്ടോയെന്നും, അതിൽ 5,23,319 രൂപ കമ്പനിയുമായി സെറ്റിൽ ചെയ്തിട്ടുണ്ടോയെന്നും തെളിവെടുപ്പു യോഗത്തിൽ സമിതി ആരാഞ്ഞു. പല കമ്പനി കളിൽ നിന്നാണ് ടാർ വാങ്ങുന്നതെന്നും ഇൻവോയ്സ് പ്രകാരം ഡി.ഡി.-യായാണ് വില നൽകുന്നതെന്നും തുക അഡ്ജസ്റ്റ് ചെയ്യുകയും സ്റ്റേറ്റ്മെന്റ് പ്രകാരം പരിശോധിച്ച് ക്രമപ്പെടുത്തുകയാണ് പതിവെന്നും ക്രമപ്പെടുത്തൽ കൃത്യമായി നടത്തിയിട്ടില്ലെന്നും മംഗലാപുരം, കൊച്ചി എന്നീ സ്ഥലങ്ങളിൽ നിന്നുമാണ് ടാർ എടുക്കുന്നതെന്നും ഡി.ഡി. കൊടുക്കുന്ന സമയത്ത് കണക്ക് ക്രമപ്പെടുത്തുന്നില്ല എന്നതാണ് പ്രശ്നമെന്നും മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

കമ്പനികൾക്ക് നൽകുന്ന കണക്കുവച്ചാണ് അഡ്ജസ്റ്റു ചെയ്യുന്നതെന്നും കണക്കിൻപ്രകാരം എത്രതുക കിട്ടാനുണ്ടെന്നു കണ്ടുപിടിക്കാൻ പറ്റുമെങ്കിലും കമ്പനികൾ നഗരസഭയുടെ കണക്ക് അംഗീകരിക്കുന്നില്ലെന്നും നേരിട്ട് ആളെ അയച്ചിട്ടും കണക്കിൻ പ്രകാരമുള്ള ബാക്കി തുകയ്ക്കുവേണ്ടി ലീഗൽ നോട്ടീസ് അയച്ചിട്ടും യാതൊരു മറുപടിയില്ലെന്നും, ആളിനെ അയച്ചപ്പോൾ ഇവിടത്തെ കണക്ക് കമ്പനികൾ അങ്ങോട്ട് ആവശ്യപ്പെട്ടുവെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

മുനിസിപ്പാലിറ്റിയുടെ പണം വിനിയോഗിക്കുന്നതിന് കണക്കുണ്ടാകണമെന്ന് സമിതി സൂചിപ്പിച്ചു. പേമെന്റ് രജിസ്റ്റർ, ക്യാഷ് ബുക്ക് ഇവ ഉണ്ടെന്നും അതിൽ ഡി.ഡി. നമ്പർ എഴുതാറില്ലെന്നും തുക മാത്രമേ എഴുതാറുള്ളെന്നും വൗച്ചർ ഉണ്ടെന്നും ഓഡിറ്റിൽ പറഞ്ഞിരിക്കുന്ന അത്രയും പണം കിട്ടാനില്ലെന്നും കുറച്ചു തുക ലഭിച്ചിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ടാർ വിലയിൽ വരുന്ന ഏറ്റക്കുറച്ചിലനുസരിച്ച് വില രേഖപ്പെടുത്തുന്നതു നഷ്ടമല്ലേ എന്നു സമിതി ചോദിച്ചു. ടാർ റിലീസ് ചെയ്യുന്ന തീയതി വച്ചാണ് തുക കൊടുക്കുന്നതെന്ന് നഗരസഭാ സെക്രട്ടറി മറുപടി പറഞ്ഞു. വിൽപ്പന നികുതി ഇളവ് പ്രയോജനപ്പെടുത്താത്തതിനാൽ എത്ര നഷ്ടമുണ്ടെന്ന ചോദ്യത്തിന് വിൽപ്പന നികുതി നിരക്ക് നാലു ശതമാനമായി കുറച്ചുകൊണ്ടുള്ള ഉത്തരവ് കിട്ടിയത് താമസിച്ചാണെന്നും ഉത്തരവുവന്ന തീയതി മുതൽക്കാണ് ഓഡിറ്റ് ഒബ്ജക്ഷൻ വന്നിരിക്കുന്നതെന്നും സെക്രട്ടറി വിശദീകരിച്ചു. ഒരു ഗവൺമെന്റുത്തരവ് വരുമ്പോൾ അത് ഉദ്യോഗസ്ഥൻ അറിഞ്ഞിരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. എൽ.എസ്.ജി.ഡി.-യുടെ ഉത്തരവല്ലാതെയുള്ളവ യഥാസമയം കിട്ടാറില്ലെന്ന് മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

നിലവിലുള്ള അക്കൗണ്ട്സുമായി ബന്ധപ്പെട്ട് സെക്രട്ടറി കമ്പനിയിൽ പോയി 'റീകൺസിലിയേഷൻ' നടത്തി കണക്കുകൾ തീർപ്പാക്കി ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

80. **ടാർ വാങ്ങലുമായി ബന്ധപ്പെട്ട കണക്കുകൾ, സെക്രട്ടറി കമ്പനിയിൽ നേരിട്ടുപോയി 'റീകൺസിലിയേഷൻ' നടത്തി തീർപ്പാക്കി അടിയന്തിരമായി റിപ്പോർട്ട് നൽകാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റോക്കിൽ അപാകം-ലക്ഷങ്ങളുടെ നഷ്ടം**

നഗരസഭയുടെ വിവിധ സ്റ്റോക്ക് രജിസ്റ്ററുകളിൽ ഗുരുതരമായ അപാകതകൾ. ലക്ഷങ്ങളാണ് ഇതിനാൽ നഷ്ടമാകുന്നത്.

ടാർ സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ലാത്തിനാൽ 1948 കാലി ബാരലുകൾ കാണാനില്ല. വില്പ്പന നികുതി അടക്കം ബാരൽ ഒന്നിന് 110 രൂപ നിരക്കിൽ ഇതിന് 2,14,280 രൂപ വില വരും. കൂടാതെ വിവിധ മരാമത്ത് വേലകൾക്ക് ഉപയോഗിച്ച ടാറിന്റെ ഒഴിഞ്ഞ 575 ബാരലുകൾ തിരിച്ച് വാങ്ങുവാനുള്ളതായും കാണുന്നു. ഇതിന്റെ വില 63,250 രൂപയാണ്. രണ്ടിനങ്ങളിലും കൂടെ നഗരസഭയ്ക്ക് 2,52,300 രൂപയുടെയും വിൽപ്പന നികുതി 25,230 രൂപ സർക്കാരിനും നഷ്ടമായിട്ടുണ്ട്.

**1999-2000 മുതൽ 4-11-2004 വരെ കാലത്തെ ടാർ സ്റ്റോക്ക് രജിസ്റ്ററിലെ മറ്റ് അപാകതകൾ**

(1) സ്റ്റോക്ക് കണക്കിന് തുടർച്ചയില്ല. തിരുത്തലുകളും ധാരാളം.

(2) 6-11-2000 മുതൽ 3-8-2004 വരെ ഉത്തരവാദപ്പെട്ടവർ സ്റ്റോക്ക് പരിശോധിച്ചിട്ടില്ല.

(3) 3-4-2001—1-6-2003 കാലത്ത് സ്റ്റോക്ക് രേഖപ്പെടുത്തിയില്ല. നീക്കിയിരുപ്പ് രേഖപ്പെടുത്തുന്നില്ല. നീക്കിയിരുപ്പ് ക്യാരി ഓവർ ചെയ്യാറില്ല.

(4) അത്യാവശ്യ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കാറില്ല.

ഇതേപോലെ വൈദ്യുതോപകരണങ്ങളുടെ സ്റ്റോക്ക് കൃത്യമല്ല. തെരുവുവിളക്കുകൾക്ക് ആവശ്യമായ ബൾബുകളുടെയും അനുബന്ധോപകരണങ്ങളുടെയും സ്റ്റോക്കു പരിശോധിച്ചതിൽ 43,889 രൂപയുടെ നഷ്ടം കാണുന്നു.

സ്റ്റോക്കിലെ അപാകംമൂലം നഗരസഭയ്ക്കുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കണം.

[2005-06-ലെ സമാഹൃത റിപ്പോർട്ട്, ഖണ്ഡിക 3.23(2)]

81. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 23-5-2009-ലെ 57447/എ.ബി.1/08/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

“1999-2000 മുതൽ 2003-04 വർഷം വരെയുള്ള ടാർ സ്റ്റോക്ക് രജിസ്റ്റർ കണക്ക് പ്രകാരം ടാറിന്റെ കാലി ബാരലുകൾ നഗരസഭ തിരിച്ച് വാങ്ങാത്തതുമൂലം നഗരസഭയ്ക്ക് നഷ്ടം വന്നതായി കണക്കാക്കിയിട്ടുള്ള 2,52,300 രൂപയും ടി ഇനത്തിൽ വിൽപ്പന നികുതി ഇനത്തിൽ സർക്കാരിനു നഷ്ടം വന്നതായി കണക്കാക്കിയിട്ടുള്ള 25,230 രൂപയും നഗരസഭ ഫണ്ടിൽ തിരിച്ചടക്കുന്നതിനു ടി കാലയളവിൽ പ്രസ്തുത ചുമതലകൾ നിർവ്വഹിച്ച ജീവനക്കാർ തന്നെയാണെന്നു കാണുന്നതിനാൽ സൂചിത കാലയളവിലെ ഓവർസിയർമാർ, മുനിസിപ്പൽ എഞ്ചിനീയർമാർ എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസ് അതാത് നഗരസഭ സെക്രട്ടറിമാർ മുഖേന ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടയർ ചെയ്ത ജീവനക്കാർക്ക് നിലവിലുള്ള മേൽവിലാസത്തിൽ നോട്ടീസ് നൽകിയിട്ടുമുണ്ട്. തുക അടിയന്തിരമായി ഈടാക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതുമാണ്.

വൈദ്യുതോപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ അപാകതമൂലം നഗരസഭയ്ക്ക് നഷ്ടം വന്നതായി കണക്കാക്കിയിട്ടുള്ള 43,889 രൂപ തിരിച്ച് ഈടാക്കുന്നതിനുവേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(1) തലശ്ശേരി നഗരസഭയിൽ കോടിയേരി പഞ്ചായത്ത് പ്രദേശം ലയിപ്പിച്ചപ്പോൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ 1500 ബൾബുകളിൽ നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വച്ച 988 എണ്ണം കിഴിച്ച് ബാക്കി വന്ന 512 എണ്ണം ബൾബിന്റെ നഷ്ടസംഖ്യ 3,938 രൂപ ബന്ധപ്പെട്ട

ജീവനക്കാരനായ ശ്രീ. മുഹമ്മദ് ബഷീർ, പി.ഡബ്ല്യൂ.ഒ.1 നിന്നു തിരിച്ചു പിടിക്കുന്നതു സംബന്ധിച്ച് ടിയാന് 8-8-2008-നു ഡിമാന്റ് നോട്ടീസ് അയച്ചു കൊടുത്തിട്ടുണ്ട്.

(2) ഓഡിറ്റ് പരാമർശത്തിൽ രേഖപ്പെടുത്തിയ മുൻ ബാക്കിയായ 8 എണ്ണം 70 വാട്സ്.എസ്.വി. ലാമ്പ് സെറ്റ് സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 6-ലേക്ക് ക്യാരി ഓവർ ചെയ്തിട്ടുണ്ട്. ടി സെറ്റുകൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ സ്ഥലങ്ങളിൽ ഫിറ്റ് ചെയ്തിട്ടുണ്ട്. സൂചിത പ്രവൃത്തിയിൽ നഗരസഭയ്ക്ക് 22,000 രൂപയുടെ നഷ്ടം വന്നിട്ടില്ലെന്നു കാണാവുന്നതാണ്. ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

(3) 70 വാട്സ് എസ്.വി. ലാമ്പ് കപ്പാസിറ്റർ (10 എം.എഫ്.ഡി.) 20 എണ്ണം നീക്കിയിരുപ്പുള്ള സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വയ്ക്കാത്തത് മൂലം നഗരസഭയ്ക്കുണ്ടായ 1,720 രൂപയുടെ നഷ്ടം, നഷ്ടത്തിനുത്തര വാദിയായി കണക്കാക്കിയിട്ടുള്ള ശ്രീ. എം. മോഹനൻ, പി.ഡബ്ല്യൂ.ഒ.1-ൽ നിന്നും നഗരസഭ ഫണ്ടിൽ തിരിച്ചു പിടിക്കുന്നതിനു വേണ്ടി ടിയാന് ഡിമാന്റ് നോട്ടീസ് അയച്ചു കൊടുത്തിട്ടുണ്ട്.

(4) ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള മുൻ ബാക്കിയായ 30 എണ്ണം എസ്.വി. ലാമ്പ്, ഇഗ്നേറ്റർ സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് 93-ലേയ്ക്ക് ക്യാരി ഓവർ ചെയ്തിട്ടുണ്ട്. ടി സാമഗ്രികൾ വിവിധ സ്ഥലങ്ങളിലേക്ക് തെരുവുവിളക്ക് റിപ്പയർ ചെയ്യുന്നതിനുവേണ്ടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ടി ഇനത്തിൽ 2,610 രൂപ നഗരസഭ ഫണ്ടിനു നഷ്ടം വന്നിട്ടില്ലെന്നു കാണാവുന്നതാണ്. ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

(5) ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള മുൻ ബാക്കിയായ മൂന്ന് 250 വാട്സ് എസ്.വി. ലാമ്പിന്റെ ഇഗ്നേറ്റർ സ്റ്റോക്ക് രജിസ്റ്റർ പേജ് 163-യ്ക്ക് ക്യാരി ഓവർ ചെയ്തിട്ടുണ്ട്. ടി സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ സ്ഥലങ്ങളിൽ തെരുവുവിളക്ക് റിപ്പയർ ചെയ്യുന്നതിനു അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ടി ഇനത്തിൽ നഗരസഭ ഫണ്ടിനു 330 രൂപയുടെ നഷ്ടം വന്നിട്ടില്ലെന്നു കാണാവുന്നതാണ്. ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

(6) ഓഡിറ്റ് പരാമർശത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 70 വാട്സ് എസ്.വി. ലാമ്പ് ചോക്ക് 29-9-2002 തീയതിയിൽ ബാക്കിയുള്ള 10 എണ്ണവും 17-11-2003-ൽ ബാക്കിയുള്ള 19 എണ്ണവും സ്റ്റോക്ക് രജിസ്റ്റർ പേജ് 66-ലേക്ക് ക്യാരി ഓവർ ചെയ്തിട്ടുള്ളതും, ടി സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനു അനുവദിച്ചിട്ടുള്ളതുമാണ്. ടി ഇനത്തിൽ 7,337 രൂപ നഗരസഭയ്ക്ക് നഷ്ടം വന്നിട്ടില്ലെന്നു കാണാവുന്നതാണ്. ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

(7) സ്റ്റോക്ക് രജിസ്റ്ററിൽ 17-4-2002-ൽ നീക്കിയിരുപ്പുണ്ടായ 5 എണ്ണം 250 വാട്സ് എസ്.വി. ലാമ്പ് ബാക്കി വകയിരുത്താത്തതിനാൽ നഗരസഭയ്ക്കുണ്ടായ 2,270 രൂപയുടെ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥനായ ശ്രീ. എം. മോഹനൻ, പി.ഡബ്ല്യൂ.ഒ.1-ൽ നിന്നും ഈടാക്കുന്നതിനുവേണ്ടി ടിയാന് ഡിമാന്റ് നോട്ടീസ് അയച്ചു കൊടുത്തിട്ടുണ്ട്.

(8) സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 28-8-2001-ന് നീക്കിയിരുപ്പുണ്ടായിരുന്ന 10 എണ്ണം 250 വാട്സ് എസ്.വി. ലാമ്പ് കപ്പാസിറ്റർ (33 എം.എഫ്.ഡി.) രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ നഗരസഭയ്ക്കുണ്ടായ 950 രൂപയുടെ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥനായ ശ്രീ. കെ. രമണൻ, പി.ഡബ്ല്യൂ.ഒ.1-ൽ നിന്നും തിരിച്ചു പിടിക്കുന്നതു സംബന്ധിച്ച് ടിയാന് ഡിമാന്റ് നോട്ടീസ് അയച്ചു കൊടുത്തിട്ടുണ്ട്.''

82. ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണമാരാഞ്ഞു. ടാറിന് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ ഉണ്ടെന്നും, രജിസ്റ്റർ പ്രകാരമുള്ള കണക്കും കിട്ടിയ കണക്കും പരിശോധിച്ചതിൽ തമ്മിൽ വ്യത്യാസമുണ്ടെന്നും ഓഡിറ്റുകാർ പരിശോധിച്ച പേജിൽ അല്ല ബാലൻസ് എഴുതിയിരിക്കുന്നതെന്നും ലേലം ചെയ്തു കൊടുത്തിരിക്കുന്ന രണ്ടു ഫയലുകളിൽ ഒന്നുമാത്രമേ ഓഡിറ്റുകാർ പരിശോധിച്ചുള്ളൂവെന്നും തലശ്ശേരി മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

രണ്ടു രജിസ്റ്ററുണ്ടെങ്കിൽ അതു ഓഡിറ്റുകാരെ ബോധ്യപ്പെടുത്തേണ്ടതു സെക്രട്ടറിയാണെന്ന് സമിതി അഭിപ്രായപ്പെട്ടതിന് ജീവനക്കാർ മാറി വരുന്നതു കൊണ്ടാണിങ്ങനെ സംഭവിക്കുന്നതെന്ന് മുനിസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു.

രണ്ടു ഫയലുകളുണ്ടെങ്കിൽ അതു ക്ലബ്ബു ചെയ്തു വയ്ക്കണമെന്ന് സമിതി അറിയിച്ചതിന് അങ്ങനെ ചെയ്തിട്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകി. ഇതു ശരിയല്ലെന്നും കൺകറന്റ് ഓഡിറ്റിനു മുമ്പാകെ ബോധ്യപ്പെടുത്തണമെന്നും സമിതി അറിയിച്ചു.

കാലിബാരൽ സൂക്ഷിക്കാറുണ്ടോയെന്നതിന് അവ ലേലം ചെയ്തു വിൽക്കുകയാണെന്നും ഒരു ബാരലിന് 110 രൂപയാണ് റേറ്റെന്നും ലേലം ചെയ്താൽ പതിനഞ്ചോ ഇരുപത്തഞ്ചോ രൂപയേ കിട്ടുകയുള്ളൂവെന്നും മുൻപ് പരമാവധി 50 രൂപ വരെ കിട്ടിയിട്ടുണ്ടെന്നും പതിനഞ്ചു രൂപയ്ക്കു കൊടുത്താൽ കൺകറന്റു ഓഡിറ്റ് ഒബ്ജക്ട് ചെയ്യാറില്ലെന്നും ഇതിൽ മറ്റൊന്നും ചെയ്യാനില്ലെന്നും വർക്കിൽ 110 രൂപ പിടിച്ചിട്ടാണ് കൊടുക്കുന്നതെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

575 ബാരൽ തിരികെ വാങ്ങിയിട്ടില്ലെന്നും ആകെ 2,52,300 രൂപയും വിൽപ്പന നികുതി ഇനത്തിൽ 25,230 രൂപയും നഷ്ടം വന്നതായും ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുണ്ടെന്നും ഇതിന്മേൽ മുനിസിപ്പാലിറ്റിയല്ലേ നടപടിയെടുക്കേണ്ടതെന്നും വർക്ക് അസൈൻ ചെയ്തു കൊടുക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന് രജിസ്റ്ററുകളുടെ കസ്റ്റോഡിയൻ ഓവർസിയറാണെന്ന് മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

രജിസ്റ്ററുകളൊന്നും എഴുതി സൂക്ഷിക്കാറില്ലെന്ന് ഓഡിറ്റ് ഒബ്ജക്ഷനിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് രജിസ്റ്ററുകൾ സൂക്ഷിക്കാറുണ്ടെന്ന് തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ഓവർസിയർ മറുപടി നൽകി.

6-11-2000 മുതൽ 3-8-2004 വരെ സ്റ്റോക്ക് രജിസ്റ്റർ ആരും നോക്കിയിട്ടില്ലെന്നും സ്വയം രേഖപ്പെടുത്തലും സൂപ്പർവിഷനും നടത്തുകയാണോയെന്നും മേലുദ്യോഗസ്ഥർ പരിശോധിക്കാറില്ലേയെന്നും 3-4-2001 മുതൽ 1-6-2003 വരെ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ലെന്നും ഇതെല്ലാം ഗുരുതരമായ വീഴ്ചകളാണെന്നും സമിതി കുറ്റപ്പെടുത്തി.

സ്റ്റോക്കിലെ അപാകതമൂലം നഗരസഭയ്ക്കു നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കൈയിൽനിന്നും ഈടാക്കിയാലേ ശരിയാവൂ എന്നും സമിതി ഈയവസരത്തിൽ അഭിപ്രായപ്പെട്ടു.

സ്റ്റോക്ക് പരിശോധിച്ചതിൽ ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് 43,889 രൂപയുടെ നഷ്ടം കാണുന്നുവെന്നും ഇവ മുനിസിപ്പാലിറ്റിയാണോ വാങ്ങുന്നതെന്നും രജിസ്റ്ററുണ്ടോയെന്നും സമിതി ആരാഞ്ഞു.

രജിസ്റ്ററുണ്ടെന്നും, താൻ ചാർജ്ജെടുക്കുന്നതിനു മുമ്പുള്ള കാര്യമാണെന്നും തനിക്ക് സ്റ്റോക്ക് കൈമാറിയപ്പോൾ പരിശോധിച്ചു ബോധ്യപ്പെട്ടിരുന്നുവെന്നും 2005-ലാണ് താൻ ചാർജ്ജെടുത്തതെന്നും തലശ്ശേരി മുനിസിപ്പൽ ഓവർസിയർ മറുപടി നൽകി.

കൂടാതെ വൈദ്യുതോപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ അപാകതമൂലം നഗരസഭയ്ക്ക് നഷ്ടം വന്നതായി കണക്കാക്കിയിട്ടുള്ള 43,889 രൂപ തിരിച്ചു പിടിക്കുന്നതിലേക്ക് ക്രമനമ്പർ 1 മുതൽ 8 വരെയുള്ള കാര്യങ്ങളിൽ സമിതി വിശദീകരണം ആരാഞ്ഞു.

ക്രമനമ്പർ (1)- സ്റ്റോക്കിൽ കുറവു വന്നിരിക്കുന്നതിന്റെ നഷ്ടം ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്നും തിരിച്ചുപിടിക്കണം എന്നു സമിതി നിർദ്ദേശിച്ചതിന് തിരിച്ചടയ്ക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ക്രമനമ്പർ (2)- 2,20,000 രൂപയുടെ നഷ്ടം വന്നിട്ടില്ലെന്നതു ശരിയാണോയെന്ന് സമിതി ആരാഞ്ഞതിന് ഇത് പേജ് മാറി ക്യാരി ഓവർ ചെയ്തിട്ടുണ്ടെന്നും നഷ്ടം വന്നിട്ടില്ലെന്നും ഓഡിറ്റുകാർ പരിശോധിച്ചാൽ ബോധ്യമാകുമെന്നും മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഇക്കാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ക്രമനമ്പർ (3)- നഷ്ടം വന്നിട്ടില്ലെന്ന് ബന്ധപ്പെട്ട വകുപ്പ് പറയുന്നെങ്കിലും ഓഡിറ്റ് പരാമർശം ഉണ്ടായതെങ്ങനെയെന്ന് സമിതി ആരാഞ്ഞു. രജിസ്റ്റർ മുഴുവൻ പരിശോധിച്ച് ബാധ്യത നിശ്ചയിച്ച് നോട്ടീസ് കൊടുക്കാൻ തുടങ്ങിയപ്പോഴാണ് മറ്റൊരു പേജിൽ സ്റ്റോക്ക് രേഖപ്പെടുത്തിയിരുന്നത് കണ്ടതെന്നും ഓഡിറ്റ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സാധിക്കാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്നും മുനിസിപ്പൽ

സെക്രട്ടറി വിശദീകരിച്ചതിന്, ഇതു പുതുതായി എഴുതി ചേർത്ത താണോയെന്ന് ഓഡിറ്റ് വിഭാഗം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ബാക്കി തുക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചോയെന്ന് ആരായുകയും ചെയ്തു. തുക ഈടാക്കാൻ വേണ്ടി നോട്ടീസ് കൊടുത്തിട്ടുണ്ടെന്ന് മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ക്രമനമ്പർ (4),(5) & (6) - മുൻബാക്കിയായ എസ്.വി. ലാമ്പ്, ഇഗ്നേറ്റർ, ചോക്ക് മുതലായ സാമഗ്രികൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് മുനിസിപ്പൽ സെക്രട്ടറി അറിയിച്ചതിന് ഓഡിറ്റ് വകുപ്പ് പ്രസ്തുത കാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ക്രമനമ്പർ (7) - നഷ്ടം ഈടാക്കുന്നതിലേക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും അദ്ദേഹം സർവ്വീസിലുള്ള ആളാണെന്നും മുനിസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു. തുക തിരിച്ചുപിടിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

ക്രമനമ്പർ (8) - ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള 950 രൂപയുടെ നഷ്ടം ഈടാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നോട്ടീസ് കൊടുത്തതിന് തുടർനടപടി സ്വീകരിച്ച് രണ്ടാഴ്ചയ്ക്കകം തുക തിരിച്ചുപിടിക്കണ മെന്നും ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കെല്ലാം സെക്രട്ടറിയാണ് ഉത്തരവാദിയെന്നും സമിതി അറിയിച്ചു.

83. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 17-2-2010-ലെ L.F. 8508/Spl. Cell G1/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ പരിശോ ധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

(1) 2002-03 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2(7)-ൽ 43,889 രൂപയുടെ നഷ്ടം മാത്രമാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. 2,20,000 രൂപയുടെ നഷ്ടം ഉണ്ടായ തായുള്ള പരാമർശം ശരിയല്ല.

(2) സ്റ്റോക്ക് രജിസ്റ്റർ വിശദമായി പരിശോധിച്ചു. ഓഡിറ്റ് പരാമർശം 2(7)1-ൽ കോടിയേരി ഗ്രാമ പഞ്ചായത്ത് തലശ്ശേരി നഗരസഭയിൽ ലയിപ്പിച്ചപ്പോൾ സ്റ്റോക്കിലുണ്ടായിരുന്ന ബൾബുകൾ ഏറ്റെടുത്തപ്പോൾ എണ്ണത്തിലുണ്ടായ കുറവ് സംബന്ധിച്ചുള്ളതാണ് (1500 ബൾബുകൾക്കു പകരം 988 ബൾബുകളേ സ്റ്റോക്കിൽ എടുത്തിട്ടുള്ളൂ). 1-10-2000-ന് തലശ്ശേരി നഗരസഭയിൽ ലയിപ്പിക്കപ്പെട്ട കോടിയേരി ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന സ്റ്റോക്ക് ഏറ്റെടുക്കുവാനായി 4 മാസങ്ങൾക്കുശേഷമാണ് ഓവർസിയറെ നിയോഗിച്ചത് എന്നും, തദവസരത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഉണ്ടായിരുന്ന 988 ബൾബുകൾ സ്റ്റോക്കിലെടുക്കുക മാത്രമാണ് ചെയ്തത് എന്നും 1500 ബൾബുകൾ ബാക്കിയുണ്ടായിരുന്നുവെന്ന് അറിയുന്നത് 2-5-2002-ലെ മുനിസിപ്പൽ ജോയിന്റ് ഡയറക്ടറുടെ കത്ത് ലഭിച്ചപ്പോൾ മാത്രമാണ് എന്നുമാണ് ബന്ധപ്പെട്ട ഓവർസിയർ വിശദീകരിച്ചത്.

| | |
|---|---|
| ഖണ്ഡിക 2 (7) 2<br>ഖണ്ഡിക 2 (7) 3<br>ഖണ്ഡിക 2 (7) 4<br>ഖണ്ഡിക 2 (7) 5<br>ഖണ്ഡിക 2 (7) 6 എ<br>ഖണ്ഡിക 2 (7) 6 ബി<br>ഖണ്ഡിക 2 (7) 7 ബി | ഈ പരാമർശങ്ങളിൽ ഉൾപ്പെട്ട ബൾബുകൾ 20-7-2004-ന് സ്റ്റോക്കിൽ ചേർത്തതും പിൽക്കാലങ്ങളിൽ വിതരണം ചെയ്തതും പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ തുടർ നടപടികൾ ഒഴിവാക്കാവുന്നതാണ്. |

ഖണ്ഡിക 2(7)7എ-യിൽ പരാമർശിച്ച 250 വാട്ടിന്റെ 5 സോഡിയം വേപ്പർ വിളക്കുകളും ഖണ്ഡിക 2(7)8-ൽ പരാമർശിച്ച 10 സോഡിയം വേപ്പർ ലാമ്പ് കപ്പാസിറ്ററുകളും സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അതിനാൽ 3,220 രൂപ (2270+950) നഷ്ടം ഉണ്ടായിട്ടുണ്ട്.

84. 'സ്റ്റോക്കിൽ അപാകത' എന്ന ഓഡിറ്റ് ഖണ്ഡികയിലെ ആദ്യ ഭാഗത്തെ പരാമർശത്തിന്മേൽ, സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് വകുപ്പ് ഡയറക്ടർ നടത്തിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു: (4-3-2010-ലെ 8508/Spl. Cell G1/09 കത്ത് പ്രകാരം ലഭ്യമാക്കിയത്)

സ്റ്റോക്ക് രജിസ്റ്റർ, ബന്ധപ്പെട്ട ഫയലുകൾ എന്നിവ പരിശോധിച്ചു.

(എ) 3691 കാലിബാരലുകൾ ലേലത്തിൽ വിൽപ്പന നടത്തിയതായിട്ടാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. ഇത് ഇ1/28780/99 ഫയൽ പ്രകാരം വിറ്റവയാണ്. കൂടാതെ ഇ1/15618/08 പ്രകാരം 223 ബാരലുകൾകൂടി ലേലം ചെയ്തിട്ടുണ്ട്.

(ബി) 2002-03, 2003-04, 2004-05 വർഷങ്ങളിൽ 128775 ടൺ ബൾക്ക് ബിറ്റുമിൻ നഗരസഭ വാങ്ങുകയുണ്ടായി. മുൻപ് ഉണ്ടായിരുന്ന കാലി ബാരലുകളിൽ ഇവ നിറയ്ക്കുകയും കരാറുകാർക്ക് അനുവദിക്കുകയുമായിരുന്നു. ബിൽ പാസ്സ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരവും തുടർവർഷങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തി അവസാന ബില്ലുകൾ പ്രകാരവും 1361 കാലിബാരലുകളുടെ വില ഈടാക്കിയിട്ടുണ്ട്.

(സി) കണക്കിലില്ല എന്ന് പരാമർശിക്കപ്പെട്ട 1948 എണ്ണത്തിൽ നിന്ന് ലേലം ചെയ്ത 223 ബാരലുകളും വില ഈടാക്കിയ 1361 ബാരലുകളും കുറയ്ക്കുമ്പോൾ 364 ബാരലുകളാണ് ബാക്കിയാവുക. ബൾക്ക് ബിറ്റുമിൻ അനുവദിക്കപ്പെട്ട ചില പ്രവൃത്തികളുടെ അവസാന ബില്ലുകൾ അനുവദിക്കപ്പെട്ടിട്ടില്ല എന്ന് വിശദീകരിക്കുകയുണ്ടായി.

**നിഗമനങ്ങൾ/ശുപാർശകൾ**

85. **ഓഡിറ്റ് പരാമർശത്തിലെ 2(7) ഭാഗത്തിലെ 2(7)2 മുതൽ 2(7)7ബി വരെയുള്ളവ ഓഡിറ്റ് വകുപ്പിന്റെ ശുപാർശ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. ഭാഗം 2(7)1-ലെ സ്റ്റോക്കിൽ എടുക്കാൻ ബാക്കിയുള്ള 512 ബൾബുകളുടെ ബാദ്ധ്യത, ഭാഗം 2(7)7എ, ഭാഗം 2(7)8 എന്നിവയുമായി ബന്ധപ്പെട്ട നഷ്ടമായ 3,220 രൂപയുടെ ബാദ്ധ്യത എന്നിവ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും അടിയന്തിരമായി ഈടാക്കി സമിതിക്കു റിപ്പോർട്ട് നൽകാനും സമിതി ശുപാർശ ചെയ്യുന്നു.**

**ഓഡിറ്റ് പരാമർശത്തിലെ 2(39) എന്ന ഭാഗവുമായി ബന്ധപ്പെട്ട് ബാക്കി ബാദ്ധ്യത തുക എത്രയെന്ന് ഓഡിറ്റ്വകുപ്പ് തിട്ടപ്പെടുത്തുകയും, അന്തിമ ബിൽ പൂർത്തീകരിച്ച് ആയതിന്റെ വിവരം ബന്ധപ്പെട്ട വകുപ്പും അടിയന്തിരമായി സമിതിയെ അറിയിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ജൂലൈ 24.

## അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ബന്ധപ്പെട്ട സ്ഥാപനം* | *ഖണ്ഡിക നമ്പർ* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കണ്ണൂർ ജില്ല<br>മട്ടന്നൂർ നഗരസഭ | 4 | ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റിയ രസീത്, കൗൺസിൽ അംഗീകരിച്ചതിന്റെ രേഖ എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 2 | തളിപ്പറമ്പ് നഗരസഭ | 7 | (എ) ഇറച്ചിക്കോഴി വളർത്തൽ പദ്ധതിക്ക് അധിക സബ്സിഡിയായി നൽകിയ 45,000 രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും അടിയന്തിരമായി ഈടാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(ബി) ഒരു വീട്ടിൽ ഒരു പശു പദ്ധതിയുമായി ബന്ധപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും അതിന് അർഹരാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(സി) സമഗ്ര തെങ്ങുവികസന പദ്ധതിയിൽ വാർഡ് സഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അംഗീകൃത പദ്ധതിയില്ലാതെ 49,000 രൂപ സബ്സിഡി അധികം നൽകി എന്ന ഓഡിറ്റ് പരാമർശം സർക്കാർ നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 3 | കണ്ണൂർ നഗരസഭ | 11 | ക്രിമേഷൻ ഫർണസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റിൽ നിരക്ക് വർദ്ധിപ്പിച്ച് നഗരസഭയ്ക്ക് നഷ്ടം വരുത്തിയതിനും കൗൺസിൽ അംഗീകാരമില്ലാതെ മുൻകൂർ നൽകിയതിനും പ്രസ്തുത കാലയളവിലെ അസി. എക്സി. എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ, മുനിസിപ്പൽ സെക്രട്ടറി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | എന്നിവരിൽ നിന്നും ബാദ്ധ്യത തുക തുല്ല്യമായി ഈടാക്കി അടിയന്തിരമായി റിപ്പോർട്ടു നൽകുവാൻ ഭരണ വകുപ്പിന് നിർദ്ദേശം നൽകുന്നു. |
| 3 | കണ്ണൂർ നഗരസഭ | 14 | പൊതുമരാമത്തു പണിക്ക് അധികരിച്ചു ചെലവാക്കിയ തുക തിരികെ ഈടാക്കിയത് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ” | ” | 16 | കരാറുകാരന് അധികമായി നൽകിയ തുക തിരിച്ചടച്ചതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ” | ” | 20 | നിയമവിരുദ്ധമായി ഇളവു ചെയ്ത ലൈസൻസ് ഫീ കൈവശക്കാരനിൽ നിന്നും ഈടാക്കിയതിന്റെ നിജസ്ഥിതി, അടവാക്കാൻ ശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ” | ” | 23 | ഷാസു ഫണ്ട് വകമാറ്റി ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിക്ക് നഷ്ടം സംഭവിച്ചിട്ടില്ലെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ വിശദീകരണം ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ” | ” | 28 | നഗരസഭയുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും വാടക കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള തുക അടിയന്തിരമായി ഈടാക്കി റിപ്പോർട്ടു ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>ഇൻകം ടാക്സിനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കുറവു ചെയ്ത തുക ഈടാക്കിയതായി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 13-എ നമ്പർ മുറിയുടെ വാടക പുതുക്കാത്തതിനാൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 30-6-09 വരെയുണ്ടായ 5,55,327 രൂപയുടെ നഷ്ടം, പിഴപ്പലിശ സഹിതം കാലാകാലങ്ങളിൽ വാടകക്കാരിക്ക് അനുകൂലമായ തീരുമാനമെടുത്ത് നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാക്കിയ കൗൺസിൽ അംഗങ്ങൾ, സെക്രട്ടറിമാർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കണമെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ട് സമിതി അംഗീകരിച്ചു. അപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 3 | കണ്ണൂർ നഗരസഭ | 32 | വീട് വയ്ക്കുന്നതിനുള്ള ധനസഹായം (35,000 രൂപ) കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും അടിയന്തിരമായി തുക തിരിച്ചീടാക്കി റിപ്പോർട്ടു നൽകുവാൻ നഗരകാര്യ വകുപ്പു ഡയറക്ടറോട് സമിതി ശുപാർശ ചെയ്യുന്നു. |
| | ” | 35 | പല ബുദ്ധിമുട്ടുകളും സഹിച്ച് ക്യാന്റീൻ ഒരു വർഷം നല്ല രീതിയിൽ പ്രവർത്തിപ്പിച്ചതായും ക്യാന്റീനിന്റെ വാടക വർദ്ധിപ്പിച്ചതു കൊണ്ടു മാത്രമാണ് ക്യാന്റീൻ അടച്ചു പൂട്ടേണ്ടി വന്നതെന്നും സമിതിക്ക് ബോധ്യമായതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 4 | തലശ്ശേരി നഗരസഭ | 41 | ഇന്ദിരാ വികാസ് പത്രയിൽ നിക്ഷേപിച്ച തുകയ്ക്കുള്ള ഇൻസെന്റീവ് (84,530 രൂപ) നഗരസഭയ്ക്കു കിട്ടാനുളളതിനെപ്പറ്റി നഗരകാര്യ വകുപ്പു ഡയറക്ടർ അന്വേഷിച്ച് വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.<br><br>ഷാസു പദ്ധതിയിൽ നിന്നും വകമാറ്റി ചെലവഴിച്ചതിൽ സാധൂകരണം ലഭിക്കാൻ ശേഷിച്ച 9,83,802 രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കിയതിനാൽ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | തലശ്ശേരി നഗരസഭ | 45 | (1) കെ. പി. മധുസൂദനൻ റോഡ് ടാറിംഗിന് അധികം കൈപ്പറ്റിയ തുക കൺവീനർ തിരിച്ചടച്ചത് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(2) മാണിക്കോത്ത് ഇടവഴി പുനരുദ്ധാരണത്തിന് മുൻകൂർ നൽകിയ 12,500 രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും അടിന്തിരമായി ഈടാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(3) കുന്നിൻഭാഗം റോഡ് പണിയിൽ നഷ്ടം വന്ന 59,332 രൂപ അടിയന്തിരമായി ഈടാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(4) പുത്തലത്ത് റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് കൺവീനറുടെ പക്കലുള്ള 15,340 രൂപയും പലിശയും അടിയന്തിരമായി ഈടാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(5) തിരുവങ്ങാട് ക്ഷേത്രം-കോടിയേരി പഞ്ചായത്ത് അതിർത്തി റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് കിട്ടുവാനുള്ള 11,145 രൂപ കൺവീനറിൽ നിന്നും അടിയന്തിരമായി ഈടാക്കി റിപ്പോർട്ടു നല്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(6) ഇസ്ക്ര ലൈബ്രറി-ഹിമാലയ ഫാർമസി റോഡ് പണിയുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് അധികം നൽകിയ 28,459 രൂപ അടിയന്തിരമായി തിരികെ ഈടാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം പ്രവൃത്തിയുമായി ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയറുടെ വാദം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.<br><br>(7) കണിച്ചിറത്തോട് ബണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമപ്പെടുത്താതെയിരുന്ന |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 15,000 രൂപ ഫൈനൽ ബിൽ പ്രകാരം ക്രമപ്പെടുത്തിയതിന്റെയും എം. ബുക്ക് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ട തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 4 | തലശ്ശേരി നഗരസഭ | 49 | (1) സൂര്യകുളം-ആലിഫ് നഴ്സറി റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് തുക തിരിച്ചടച്ചത് ബോധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(2) എരഞ്ഞോളിപാലം-കൂട്ടിമാക്കൂൽ റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് കാര്യങ്ങൾ അടിയന്തിരമായി തീർപ്പാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(3) കണിച്ചിറത്തോട് പുനരുദ്ധാരണത്തിനായി കൺവീനർക്ക് മുൻകൂർ നൽകിയ 75,000 രൂപ ഈടാക്കിയതായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തത് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(4) കുഞ്ഞാലിമരക്കാർ പാർക്ക് നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ അടങ്കൽ പുതുക്കുകയോ കൗൺസിൽ അംഗീകാരം നേടുകയോ ചെയ്ത് അടിയന്തിരമായി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(5) അംഗനവാടി കെട്ടിടം (2-ാം വാർഡ്) പ്രവൃത്തിയുമായി ബന്ധപ്പെട്ട് പിഴപ്പലിശ ഇനത്തിൽ ബാക്കിയായ 29,125 രൂപ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തീരുമാനം അടിയന്തിരമായി സമിതിയെ അറിയിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. ഒഴിവാക്കാൻ സാധ്യമല്ലാത്തപക്ഷം പ്രസ്തുത തുക കൺവീനറിൽ നിന്നും അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് നൽകുവാനും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 4 | തലശ്ശേരി നഗരസഭ | | (6) കുയ്യാലി ഹരിജൻ കോളനി പൈപ്പ്ലൈൻ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് തിരിച്ചടയ്ക്കാനുള്ള 1,240 രൂപ അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(7) ശാഫി ദവാഖാന-മാരിയമ്മൻ കോവിൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കോടതി കേസ് follow-up ചെയ്ത് വിധി അനുസരിച്ച് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(8) കൊമ്മൽ വയൽ-ഓടയ്ക്കാ കുന്ന് റോഡ് പണിയുമായി ബന്ധപ്പെട്ട കോടതി കേസിന്റെ വിധി അനുസരിച്ച് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ” | ” | 52 | ഡൈസ്നോൺ ബാധകമാക്കിയിരുന്ന പണിമുടക്കു ദിവസത്തെ ശമ്പളം നൽകിയതിൽ തിരിച്ചുപിടിക്കുവാനുള്ള തുക ഈടാക്കിയതിന്റെ വിവരങ്ങൾ അടിയന്തിരമായി റിപ്പോർട്ടു ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. തിരിച്ചീടാക്കാത്തപക്ഷം ബന്ധപ്പെട്ട മുനിസിപ്പൽ സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കാനും സമിതി ശുപാർശ ചെയ്യുന്നു. |
| ” | ” | 55 | കമ്പ്യൂട്ടർ നെറ്റ് വർക്ക് വഴി നഗരസഭയുടെ കണക്കുകൾ പരിശോധിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സൗകര്യം ലഭിക്കുന്നതിലേക്ക് അടിയന്തിരമായി കൗൺസിൽ അംഗീകാരം നേടാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് നഗരസഭയ്ക്ക് സമിതി നിർദ്ദേശം നൽകുന്നു. ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ” | ” | 58 | അടിത്തറ കെട്ടി കെട്ടിടം പണി ഉപേക്ഷിച്ചതുമായി ബന്ധപ്പെട്ട് തുക പാഴ്ച്ചെലവാക്കിയതിന് ഉത്തരവാദികളായവരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിച്ച് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അടിയന്തിരമായി റിപ്പോർട്ടു നൽകുവാൻ നഗരകാര്യ വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | തലശ്ശേരി നഗരസഭ | 62 | നിർവ്വഹണം മുടങ്ങിയ 36 ജനകീയാസൂത്രണ പദ്ധതികൾക്കായി മുൻകൂർ നൽകിയ 9,66,493 രൂപയിൽ തിരികെ ഈടാക്കിയ തുക കിഴിച്ച് ബാക്കി തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുകയോ മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ തീർപ്പുകല്പിക്കുയോ ചെയ്ത് ആയതിന്റെ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, തുക തിരികെ അടച്ച പദ്ധതികളിന്മേൽ തുടർനടപടികൾ ഒഴിവാക്കാനും സമിതി ശുപാർശ ചെയ്യുന്നു. |
| ” | ” | 66 | വായ്പത്തുക മുഴുവൻ തിരിച്ചടച്ചതായും ടൗൺഹാൾ നിർമ്മാണം അന്തിമഘട്ടത്തിലാണെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. ഭാവിയിൽ ബൃഹദ് പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സാമ്പത്തിക കാര്യങ്ങളിൽ അച്ചടക്കം ഉണ്ടാവാൻ ശ്രദ്ധിക്കണമെന്ന് നഗരസഭയോട് സമിതി നിഷ്കർഷിക്കുന്നു. |
| ” | ” | 69 | ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ” | ” | 73 | ടില്ലർ ഉപയോഗശൂന്യമായതുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന് മേൽ വകുപ്പുതല നടപടിക്ക് സമിതി ശുപാർശ ചെയ്യുന്നു. |
| ” | ” | 77 | വാർപ്പിന് അധികനിരക്ക്/ടാർവില ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശത്തിൻമേൽ സമിതി നിർദ്ദേശ പ്രകാരം ഓഡിറ്റ് വകുപ്പ് നടത്തിയ പുനരന്വേഷണ റിപ്പോർട്ടിൽ വാർപ്പിന് അധികനിരക്ക് അനുവദിച്ചിട്ടില്ല എന്നും ടാർവില വർക്ക് ബില്ലിൽനിന്ന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നത് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 4 | തലശ്ശേരി നഗരസഭ | 80 | ടാർ വാങ്ങലുമായി ബന്ധപ്പെട്ട കണക്കുകൾ, സെക്രട്ടറി കമ്പനിയിൽ നേരിട്ടുപോയി 'റീകൺസിലിയേഷൻ' നടത്തി തീർപ്പാക്കി അടിയന്തിരമായി റിപ്പോർട്ടു നൽകാൻ സമിതി ശുപാർശ ചെയ്യുന്നു. |
| " | " | 85 | ഓഡിറ്റ് പരാമർശത്തിലെ 2(7) ഭാഗത്തിലെ 2(7)2 മുതൽ 2(7)7ബി വരെയുള്ളവ ഓഡിറ്റ് വകുപ്പിന്റെ ശുപാർശ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. ഭാഗം 2(7)1 ലെ സ്റ്റോക്കിൽ എടുക്കാൻ ബാക്കിയുള്ള 512 ബൾബുകളുടെ ബാദ്ധ്യത, ഭാഗം 2(7)7എ, ഭാഗം2(7)8 എന്നിവയുമായി ബന്ധപ്പെട്ട നഷ്ടമായ 3,220 രൂപയുടെ ബാദ്ധ്യത എന്നിവ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് നൽകാനും സമിതി ശുപാർശ ചെയ്യുന്നു.<br><br>ഓഡിറ്റ് പരാമർശത്തിലെ 2(39) എന്ന ഭാഗവുമായി ബന്ധപ്പെട്ട് ബാക്കി ബാദ്ധ്യത തുക എത്രയെന്ന് ഓഡിറ്റ് വകുപ്പ് തിട്ടപ്പെടുത്തുകയും, അന്തിമ ബിൽ പൂർത്തീകരിച്ച് ആയതിന്റെ വിവരം ബന്ധപ്പെട്ട വകുപ്പും അടിയന്തിരമായി അറിയിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |